www.malankaralibrary.com

# ബഥനി ശബ്ദം


Ordination special January 2024




ബലിവേദിയിൽ കരങ്ങൾ ഉയർത്താൻ
ബഥനിക്ക് മൂന്ന് നവവൈദീകർ

www.malankaralibrary.com

# Congratulations



**ഖട്ക്കി രൂപതയുടെ നിയുക്ത മെത്രാൻ**

## ബഹു. മത്തായി കടവിൽ അച്ചന്

**ആശംസകൾ**

**റമ്പാൻ സ്ഥാനശുശ്രൂഷ**
08.00 a.m., January 09, 2024
St. James Malankara Church
Poothrikka, Ernakulam.

**മെത്രാഭിഷേക ശുശ്രൂഷ**
08.00 a.m., February 15, 2024
Mount Mar Ivanios
Khopoli, Maharastra.

www.malankaralibrary.com

# BETHANY SABDAM

No. 132

January 2024

Editorial Board

Fr. Jobin Kuriakose OIC (Chief Editor)

Fr. Thomas Prasobh Kolliyelil OIC

Fr. Thomas Pramod Palavilayil OIC

Fr. Ebin Thomas Panicker OIC

Fr. Mathew Praful Palanilkunnathil OIC

Printed at

Bethany Press, Kottayam - 686010
Ph: 0481 - 2571355
e-mail: bethanyktm@gmail.com

Published from

Bethany Ashram Generalate
P.B.No. 06, Vadavathoor P.O.,
Kottayam - 686 010, KERALA
Ph : 0481 - 2578494
(Monday - Saturday from 9.30 AM to 5.00 PM)
web : www.bethanyashram.net
e-mail : oic.infonews@gmail.com

*for Private Circulation Only*

www.malankaralibrary.com

# ഉൾത്താളുകളിൽ


**പിതാവേ, എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം നിറവേറട്ടെ!** 4
ഫാ. ഗീവർഗ്ഗീസ് കുറ്റിയിൽ ഒ.ഐ.സി.

**Ecce Homo! "ഇതാ മനുഷ്യൻ"** 7
ഫാ. ജോർജ്ജ് അയ്യനേത്ത് ഒ.ഐ.സി.

**ദൈവസ്നേഹത്തിന്റെ അടയാളമായ പുരോഹിതൻ** 8
ഫാ. മാത്യു ജേക്കബ് തിരുവാലിൽ ഒ.ഐ.സി.

**അടുത്തറിയുന്ന മത്തായി അച്ചൻ** 10
ഫാ. വർഗീസ് തൈക്കൂട്ടത്തിൽ ഒ.ഐ.സി.

**Ordained Priesthood:** 17
Rev. Fr. Dr. Thomas Reji Padinjattemelethil OIC

**സാരൂഗിലെ മോർ യാക്കോബിന്റെ പൗരോഹിത്യ ദർശനം** 22
ഫാ. റ്റൈറ്റസ് ജോൺ ചേരാവള്ളിൽ ഒ.ഐ.സി.

**ദൈവീക പദ്ധതി നിറവേറട്ടെ....** 27
ജോസ് തോമസ് & മിനി ജോസ്

**നാഥന്റെ പിന്നാലെ....** 29
ബ്രദർ വർഗീസ് എസ് ഒ.ഐ.സി.

**അവർണനീയമായ ദാനം** 31
ഫാ. ഡെറിൻ ജോസ് ഒ.ഐ.സി.

**പുരോഹിതൻ: ശ്രുതിയും സ്മൃതിയും ജീവിതവും...** 33
ഫാ. ഐസക് സാമുവേൽ ഒ.ഐ.സി.

**ദൈവത്തിനായി വിളിക്കപ്പെട്ടവൻ** 36
രാജാ ഫ്രാൻസിസ് & അനു ഫ്രാൻസിസ്

**താലന്തുകളെ അനുഗ്രഹമാക്കിയ രെഞ്ചുവച്ചൻ** 37
ബ്രദർ ജിബിൻ സക്കറിയ ഒ. ഐ.സി.

**A Priest of my Light** 39
Fr Renju Francis OIC

**എത്ര സമുന്നതം ഈ പൗരോഹിത്യം...** 40
ബഥനി സിസ്റ്റേഴ്സ്, കല്ലുമല

**നന്ദി നിറഞ്ഞ ഹൃദയത്തോടെ...** 42
അനിയൻ & അമ്പിളി

**അൾത്താരയിലേയ്ക്ക് പ്രിയ അനൂപ് ശെമ്മാശൻ** 44
ബ്രദർ. ജോൺ ബിബിൻ ദാസ് ഒ.ഐ.സി.

**സ്വപ്ന സാഫല്യത്തിന്റെ നിറവിൽ...** 46
ഫാ. അനൂപ് വി. അനിയൻ ഒ.ഐ.സി.

**വേനലിൽ ഒരു ഇല** 48
ബ്രദർ സ്റ്റാലിൻ കുര്യാക്കോസ് ഒ.ഐ.സി.

www.malankaralibrary.com

# എഡിറ്റോറിയൽ

ബഥനി സന്ന്യാസി സമൂഹത്തിന് സന്തോഷത്തിന്റെ ദിനങ്ങളായിരുന്നു 2023 ഡിസംബറും, 2024 ജനുവരിയും. ഈ സമൂഹത്തിൽനിന്ന് ദൈവജനത്തെ നയിക്കുവാൻ മേല്പട്ട സ്ഥാനത്തേക്ക് ബഥനിയുടെ സുപ്പീര്യർ ജനറലായിരുന്ന ബഹു.മത്തായി കടവിലച്ചൻ നിയോഗിക്കപ്പെട്ടു എന്ന സന്തോഷവാർത്ത നാം അറിഞ്ഞത് 2023 ഡിസംബർ 12-നാണ്. ബഥനിയിൽനിന്ന് ഈ പുതുവർഷം പുരോഹിതസ്ഥാനത്തേക്ക് ഉയർത്തപ്പെടുന്നത് മൂന്ന് ശെമ്മാശന്മാരാണ്. പൂനാ-കട്കി രൂപതയുടെ മെത്രാൻസ്ഥാനത്തേക്ക് നിയുക്തനായ വന്ദ്യ മത്തായി കടവിലച്ചനും, നവവൈദികരായ ഡെറിൻ അച്ചനും, രെഞ്ചു അച്ചനും, അനൂപ് അച്ചനും ബഥനിശബ്ദത്തിന്റെ ആശംസകൾ അറിയിക്കുന്നു.

മെത്രാന്മാരും വൈദികരും സന്ന്യസ്ഥരും അൽമായരുമടങ്ങുന്ന സഭയുടെ ഹയരാർക്കിയെ ഒരു രൂപതയിൽ ഒരുമയോടെ ഒരേ ലക്ഷ്യത്തിലേക്ക് മുന്നോട്ട് നയിക്കുക എന്നതാണ് രൂപതാ അദ്ധ്യക്ഷന്റെ കർത്തവ്യം. ബഥനിയിൽനിന്നും കടവിലച്ചൻ സ്ഫുടംചെയ്ത് ആർജ്ജിച്ച ആത്മീയശക്തി പൂനാ-കട്കി രൂപതയിൽ ഉറച്ചകാൽവെയ്പ്പ് നടത്തുവാൻ അച്ചന് സഹായമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. പൂനാ ജ്ഞാനദീപയിൽനിന്നും ലുവെയ്ൻ കാത്തലിക് യൂണിവേഴ്സിറ്റിയിൽനിന്നും അച്ചന് ലഭിച്ച അറിവ് ഈ നൂറ്റാണ്ടിൽ സഭയെ നയിക്കുവാൻ വെളിച്ചമാകട്ടെ... ആടുകളെ അറിയുന്ന ഇടയനാകുവാനുള്ള വരം ദൈവം അങ്ങേയ്ക്ക് നൽകട്ടെ...

“ഇടയനാടുകളെ പേരുചൊല്ലി വിളിക്കുന്നു. ആടുകൾ അവന്റെ സ്വരം കേൾക്കുന്നു.” വ്യക്തിപരമായി ആടുകളുമായുള്ള ബന്ധമാണ് പേര് ചൊല്ലി വിളിക്കുന്നു എന്നതുകൊണ്ട് സൂചിപ്പിക്കുന്നത്. ഇടയന്റെ സാന്നിദ്ധ്യത്തിൽ ആടുകൾക്കു ഭയമില്ല. ഇടയൻ മുമ്പിലും ആടുകൾ അവന്റെ പിമ്പിലുമായി നടക്കുന്നു. ഇടയന്റെ സാന്നിദ്ധ്യത്തിൽ ഒരു ശക്തിയും ഒരു ശത്രുവും തങ്ങൾക്കെതിരെ വരുകയില്ലായെന്ന വലിയ ആത്മധൈര്യം ആടുകൾക്കുണ്ട്. പൂനാ-കട്കി രൂപതയെ പുതിയ മേച്ചിൽ സ്ഥലങ്ങളിലേക്ക് നയിക്കുവാൻ സർവ്വേശ്വരൻ എല്ലാ അനുഗ്രഹങ്ങളും നിയുക്തമെത്രാന് നൽകട്ടെയെന്ന് ആശംസിക്കുന്നു.

പുതുവത്സരത്തിൽ ബഥനിക്ക് ലഭിക്കുന്ന മൂന്ന് നവവൈദികരാണ് പത്തനംതിട്ട രൂപതയിലെ അങ്ങാടിക്കൽ ഇടവകാംഗമായ ഡെറിൻ അച്ചൻ, പൂനാ-കട്കി രൂപതയിലെ കാലേവാഡി ഇടവകാംഗമായ രെഞ്ചു അച്ചൻ, മാവേലിക്കര രൂപതയിലെ വെട്ടിയാർ ഇടവകാംഗമായ അനൂപ് അച്ചൻ. മറ്റൊരു ക്രിസ്തുവായി ജീവിക്കുവാൻ വിളിക്കപ്പെട്ടവനാണ് പുരോഹിതൻ. പുരോഹിതൻ തനിക്കുവേണ്ടിയല്ല ദൈവജനത്തിനുവേണ്ടി ജീവിക്കുന്നു. തങ്ങളുടെ വിശുദ്ധ ജീവിതംവഴി ജനത്തെ ദൈവജനമാക്കുവാൻ, ദൈവജനത്തിനുവേണ്ടി ബലിവേദിയിൽ പ്രാർത്ഥനയുടെ കരങ്ങളുയർത്തുവാനും ബലിയാകുവാനും നവവൈദികർക്ക് ബഥനിശബ്ദത്തിന്റെ പ്രാർത്ഥനാനിർഭരമായ ആശംസകൾ.

സ്നേഹത്തോടെ

**ഫാ. ജോബിൻ കുര്യാക്കോസ് ഒ.ഐ.സി.**

www.malankaralibrary.com

# പിതാവേ, എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം നിറവേറട്ടെ!

**ഫാ. ഗീവർഗ്ഗീസ് കുറ്റിയിൽ ഒ.ഐ.സി.**
സുപ്പീര്യർ ജനറൽ

സന്ന്യാസത്തിന്റെയും പൗരോഹിത്യത്തിന്റെയും എക്കാലത്തേയും ശ്രേഷ്ഠമായ ആപ്തവാക്യമാണ് നിത്യപുരോഹിതനായ യേശുക്രിസ്തുവിന്റെ ഈ പ്രാർത്ഥനാമൊഴികൾ. “ഇതാ നിന്റെ ഇഷ്ടം ചെയ്യുവാൻ ഞാൻ വരുന്നു” എന്ന തിരുവെഴുത്തിന്റെ പൂർത്തീകരണമാണ് യേശുവിന്റെ ജീവിതത്തിലുടനീളം നമ്മൾ കാണുന്നത്. ‘‘പിതാവേ, നീയും ഞാനും ഒന്നായിരിക്കുന്നതുപോലെ” എന്നുള്ള യേശുവിന്റെ പ്രാർത്ഥനയിൽ നിഴലിക്കുന്ന അബ്ബാ അനുഭവം യേശുവിന്റെ ജീവിതത്തിലെ എല്ലാ പ്രവർത്തനങ്ങളുടെയും ചാലകശക്തി ആയിരുന്നു. പിതാവ് പറയുന്നതല്ലാതെ, മറിച്ചൊന്നും ചെയ്യുവാൻ പുത്രൻ ആഗ്രഹിക്കുന്നില്ല. കർത്താവേശുമിശിഹായിലൂടെ സ്വർഗ്ഗം വെളിപ്പെടുത്തി തന്ന ഈ പിതൃ-പുത്ര ബന്ധത്തിന്റെ നിറവിലേക്കാണ് ഓരോ പുരോഹിതനും വിളിക്കപ്പെടുന്നത്: ‘പിതാവേ, എന്റെ ഇഷ്ടമല്ല. നിന്റെ ഇഷ്ടം നിറവേറട്ടെ.’

ബഥനി സമൂഹാദ്ധ്യക്ഷനായിരുന്ന വന്ദ്യ മത്തായി കടവിൽ അച്ചൻ മേല്പ്പട്ടസ്ഥാനത്തേക്ക് നിയോഗിക്കപ്പെട്ടിരിക്കുന്ന ഈ അവസരത്തിൽ ബഥനിയുടെ പ്രാർത്ഥനയും ആശംസകളും ഹൃദയപൂർവ്വം നേരുന്നു. സമൂഹാദ്ധ്യക്ഷനായി തന്റെ മൂന്നുവർഷക്കാലം പൂർത്തിയാക്കുന്ന വേളയിലാണ് പുതിയ നിയോഗം അച്ചനെ തേടിയെത്തുന്നത്. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പൂനാ-കട്കി ഭദ്രാസനത്തിന്റെ അദ്ധ്യക്ഷനായിട്ടാണ് അച്ചനിപ്പോൾ നിയമിതനായിരിക്കുന്നത്. ദൈവാശ്രയബോധവും ലളിതമായ ജീവിതശൈലിയും ആഴമായ ചിന്തകളും ഉറച്ച ബോധ്യങ്ങളുമുള്ള വന്ദ്യ മത്തായി കടവിൽ അച്ചന്, സഭ ഏൽപ്പിച്ചിരിക്കുന്ന ഈ നിയോഗത്തിൽ മുന്നേറുന്നതിന് പ്രതിബന്ധങ്ങൾ ഏറെയുണ്ടെങ്കിലും അവ ഒന്നുംതന്നെ തടസമാകുകയില്ലായെന്ന് ഉറച്ചു വിശ്വസിക്കുന്നു. പ്രിയപ്പെട്ട നിയുക്തമെത്രാൻ വന്ദ്യ മത്തായി അച്ചന് തുടർന്നു വരുന്ന റമ്പാൻപട്ട ശുശ്രൂഷയോടും (ജനുവരി 9), മെത്രാഭിഷേകത്തോടും (ഫെബ്രുവരി 15) ചേർന്ന് കൃപയുടെ അഭിഷേകം സർവ്വശക്തനായ ദൈവം പ്രദാനം ചെയ്ത് തന്റെ ഇടയവഴികളിൽ മുന്നേറുന്നതിന് പ്രാപ്തനാക്കട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. നാല്പ്പത്തിനാല് വർഷക്കാലം ബഥനിയിൽ ജീവിച്ച് ബഥനിയിൽ നിന്നും രൂപപ്പെടുത്തിയ ബഥാന്യൻശൈലി ബഹു.അച്ചന്റെ പുതിയ നിയോഗത്തെ കൂടുതൽ കൃപാസമൃദ്ധമാക്കട്ടെയെന്നും ആശംസിക്കുന്നു.

ബഥനി സന്ന്യാസസമൂഹത്തിൽനിന്നും മൂന്നു ശെമ്മാശന്മാർ പൗരോഹിത്യം സ്വീകരിക്കുന്ന ഈ വേളയിൽ ബഥനിയും സഭയും ഏറെ സന്തോഷിക്കുന്നു. ഏകദേശം പന്ത്രണ്ടു വർഷങ്ങൾ ബഥനിയിൽ ജീവിച്ച് സന്ന്യാസവൈദിക പരിശീലനം നേടി ബഥനിയിൽ നിന്നും

www.malankaralibrary.com

ആവാഹിച്ചെടുത്ത സന്ന്യാസത്തിനോട് പൗരോഹിത്യംകൂടി ചേർത്തുവയ്ക്കുമ്പോൾ സന്ന്യാസപൗരോഹിത്യത്തിന്റെ വേറിട്ട മിഴിവാർന്ന അവസ്ഥാന്തരമായി അതു മാറുകയാണ്. ഫുൾട്ടൺ ജെ.ഷീൻ പറയുന്നതുപോലെ, 'A Priest is not his own' (ഒരു പുരോഹിതനും അവന് സ്വന്തമല്ല) എന്നുള്ളത് നമ്മൾ സ്വീകരിക്കുന്ന പൗരോഹിത്യത്തിന്റെ വിശാലമാനങ്ങളെയാണ് സൂചിപ്പിക്കുന്നത്. പൗരോഹിത്യത്തിലൂടെ ഒരുവൻ ക്രിസ്തുവിനു സ്വന്തമാകുമ്പോൾ, ക്രിസ്തു അയയ്ക്കുന്നിടത്തേക്ക് പോകുകയാണ് ഒരു പുരോഹിതന്റെ ജീവിതലക്ഷ്യം. ക്രിസ്തുവിന്റെ ആഗ്രഹത്തിൽനിന്നും വ്യത്യസ്തമായ ഒരു ആഗ്രഹവും പുരോഹിതനില്ല. ക്രിസ്തുവിന്റെ മനസ്സ് അറിയുന്നവനാകണം ഒരു പുരോഹിതൻ. അവിടെ ക്രിസ്തുവും പുരോഹിതനും ഒന്നാകുന്നു. അഥവാ, പുരോഹിതൻ മറ്റൊരു ക്രിസ്തുവായി (Alter Christus) മാറുന്നു. ഏതോ ഒരു വാർഷിക ധ്യാനത്തിന്റെ അവസരത്തിൽ പറഞ്ഞുകേട്ട ഒരു ചിന്ത ഈ തരുണത്തിൽ ഓർമ്മയിൽ തെളിയുന്നു: "ക്രിസ്തു പോയ വഴികളെല്ലാം ദേവാലയങ്ങളായി മാറി." ഒരു പുരോഹിതൻ തനിക്കു നിശ്ചയിക്കപ്പെട്ട ഏതെങ്കിലുമൊരു ദേവാലയത്തിൽ മാത്രം ചെയ്യുന്ന കർമ്മാനുഷ്ഠാനങ്ങൾകൊണ്ട് തൃപ്തി അടയേണ്ടവനല്ല; മറിച്ച്, അവൻ പോകുന്നിടമെല്ലാം ദേവാലയമാക്കുവാനുള്ള വിളിയാണ് തമ്പുരാൻ പൗരോഹിത്യത്തിലൂടെ ഓരോ പുരോഹിതനെയും ഏൽപ്പിക്കുന്നത്. സന്ന്യാസപൗരോഹിത്യം എന്നത് എവിടെയെങ്കിലും തന്നിഷ്ടങ്ങളുടെ കൂടാരമടിച്ച് ജീവിക്കേണ്ടതിനല്ല. മറിച്ച്, അനുസരണത്തിന്റെ ബലിവേദിയിൽ നമ്മുടെ ഇഷ്ടങ്ങളെയും താല്പര്യങ്ങളെയും ബലിയർപ്പിച്ച് കർത്താവ് കാണിച്ചുതരുന്ന ദേശത്തേക്ക് പോകുവാനുള്ള വിളിയാണ്. ഒരുവനിലെ അഹന്തയോടും സ്വാർത്ഥതയോടും ജഡമോഹങ്ങളോടുമുള്ള പോരാട്ടത്തിലൂടെ വിശുദ്ധിയുടെ പടവുകൾ കയറുവാനുള്ള വിളിയാണ് ഓരോ പുരോഹിതനും നൽകപ്പെടുന്നത്.

നമ്മുടെ സമൂഹസ്ഥാപകൻ ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് പൗരോഹിത്യത്തിന്റെ ശ്രേഷ്ഠതയെ എടുത്തുകാട്ടി വൈദികർക്ക് നല്കുന്ന ഉപദേശം ഇപ്രകാരമാണ്: "വിശുദ്ധിയെന്ന അമൂല്യരത്നം കളങ്കമെന്യേ പരിരക്ഷിക്കുന്നതിന്, വിനയപൂർവ്വം ചെയ്യുന്ന പ്രാർത്ഥനയും, ജാഗരൂകതയോടെയുള്ള ഇന്ദ്രിയ നിഗ്രഹവും അത്യാവശ്യമാകുന്നു. അടക്കമൊതുക്കം, ശുചിത്വം, വിനയം, ക്രമം, മിതത്വം എന്നീ ഗുണങ്ങൾ താങ്കളുടെ അലങ്കാരമായിരിക്കട്ടെ. ദൈവത്തിന്റെ പട്ടക്കാരനായ താങ്കൾ സകല പാപങ്ങളിൽ നിന്നും അകന്നിരിക്കണം. ദിവസേന വിശുദ്ധ കുർബ്ബാന എന്ന മഹത്തും, ഭയാനകവുമായ ബലി അർപ്പിക്കുന്ന നിങ്ങൾ ഏവരും ദൈവസ്നേഹം കവിഞ്ഞൊഴുകുന്ന ആത്മാവോടെ, പരിശുദ്ധമായ ജീവിതം നയിക്കണം" (മാർ ഈവാനിയോസ്, വൈദികർക്കുള്ള സർക്കുലർ, 1936, ജനുവരി 1).

പൗരോഹിത്യം വിശുദ്ധിയുടെ പര്യായവും അടയാളവുമാണ്. ക്രിസ്തുവിനാൽ സ്ഥാപിതമായ പൗരോഹിത്യമെന്ന കൂദാശയിലൂടെ സ്വയം വിശുദ്ധീകരിക്കുവാനും ദൈവമക്കളെ വിശുദ്ധീകരണത്തിലേക്ക് നയിക്കുവാനുള്ള വിളിയും, നിയോഗവുമാണ് ഓരോ പുരോഹിതനും നൽകപ്പെടുന്നത്. ദാരിദ്ര്യം, അനുസരണം, ബ്രഹ്മചര്യം എന്നീ വ്രതത്രയങ്ങളിലൂടെ സമ്പൂർണ്ണ

www.malankaralibrary.com

സമർപ്പണത്തിലേക്ക് പദമൂന്നിയ പ്രിയ ബ. ഡെറിൻ ജോസും, ബ.രെഞ്ചു ഫ്രാൻസിസും, ബ.അനൂപ് അനിയനും പൗരോഹിത്യത്തിലൂടെ നിത്യപുരോഹിതനായ യേശുവിന്റെ പൗരോഹിത്യത്തിൽ പങ്കുകാരായി, ദൈവജനത്തെ നയിക്കുവാനും അവരെ പ്രശോഭിതരാക്കുവാനും ആവശ്യമായ കൃപാദാനങ്ങളാൽ നിറയട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ദൈവവിളിയിലും ദൈവവിളി പരിപോഷണത്തിലും ഏറെ മാന്ദ്യം അനുഭവപ്പെടുന്ന ഈ കാലഘട്ടത്തിൽ ഈ നവവൈദികരിലൂടെ നൽകപ്പെടുന്ന സന്ന്യാസപൗരോഹിത്യത്തിന്റെ സാക്ഷ്യം ബഥനിയുടെ സിദ്ധിയെ കലർപ്പില്ലാതെ ഈ ലോകത്തിൽ അനേകർക്ക് പ്രകാശമാനമാക്കുവാനും, അതുവഴി അനേകർ ബഥനിയുടെ ആരാമത്തിലേക്ക് കടന്നുവരുന്നതിനും കാരണമാകട്ടെ. ഈ നവവൈദികരുടെ ദൈവവിളിയെ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ബഥനിയിലേക്ക് കൈപിടിച്ചു നടത്തുന്നതിനും സഹായിച്ച ഈ നവവൈദികരുടെ മാതാപിതാക്കൾ, സഹോദരങ്ങൾ, ഇടവക വികാരിമാർ, സിസ്റ്റേഴ്സ്, മതാദ്ധ്യാപകർ, ഇടവകസമൂഹം എല്ലാവരോടും ബഥനി കടപ്പെട്ടിരിക്കുന്നു.

എല്ലാവർക്കും ബഥനിയുടെ സ്നേഹോഷ്മളമായ നന്ദിയും അതോടൊപ്പം പുതുവൽസരത്തിന്റെ ആശംസകളും നേരുന്നു.

*പുരോഹിതൻ സംസാരിക്കുന്നത്, ചിന്തിക്കുന്നത്, ജീവിക്കുന്നത്, ഉത്ബോധിപ്പിക്കുന്നത് തന്റെ സ്വന്തം നാമത്തിലോ വ്യക്തിപരമായ നിലയിലോ അല്ല, യേശുവിനാലാണ് - പുരോഹിതൻ ക്രിസ്തുവിന്റെ ശാഖ മാത്രമാണ് - ക്രിസ്തു മുന്തിരിവള്ളിയാണ് - ഒരേ ഫലം കായ്ക്കുവാനാണ് അവ ഒന്നായി വർത്തിക്കുന്നത്. ഒരേ കർമ്മമാണ് അവയ്ക്ക് - അവ ഒന്നു തന്നെയാണ്.*

www.malankaralibrary.com

# Ecce Homo!
# "ഇതാ മനുഷ്യൻ"

ഫാ. ജോർജ്ജ് അയ്യനേത്ത് ഒ.ഐ.സി.
പ്രൊവിൻഷ്യൽ സുപ്പീരിയർ

പീലാത്തോസ് യേശുവിനെ ചൂണ്ടി പറഞ്ഞു: "ഇതാ മനുഷ്യൻ" (യോഹ.19:56). സ്വർഗ്ഗം ഭൂമിക്കായി നൽകിയ യഥാർത്ഥ മനുഷ്യന്റെ പ്രതിബിംബം! അതിനെ നോക്കിയാണ് പീലാത്തോസ് പറഞ്ഞത്: "ഇതാ മനുഷ്യൻ." ഏദനിലെ മരങ്ങൾക്കിടയിലൊളിച്ച മനുഷ്യനിതാ ഒളിക്കാനൊന്നുമില്ലാതെ ലോകത്തിന്റെ മുമ്പിൽ നിൽക്കുന്നു. സിനഗോഗിൽ തിരുവെഴുത്തുകളുടെ ചുരുളഴിച്ച ഈ മനുഷ്യനിലേക്കാണ് എല്ലാവരും ഉറ്റുനോക്കിക്കൊണ്ടിരുന്നത് (ലൂക്കാ 4:20). പറുദീസായുടെ പടിക്കുപുറത്ത് വീണുടഞ്ഞ ദൈവീക ഛായയും സാദൃശ്യവും വീണ്ടും ഇതാ ഈ മനുഷ്യനിൽ കൊത്തിവച്ചിരിക്കുന്നു. ഇതാ മനുഷ്യൻ! ഈ മനുഷ്യൻ ദൈവമാണ്! ഈ ദൈവം മനുഷ്യനാണ്!

കാലിത്തൊഴുത്തും കുരിശും കബറും താണ്ടിവന്ന ഈ മനുഷ്യന്റെ പ്രതിബിംബമാകാനുള്ള പരിശ്രമത്തിന്റെ പേരാണ് പുരോഹിതൻ. കാലത്തിന്റെ തികവിൽ വിശ്വശില്പി കൊത്തിയെടുത്ത് ഭൂമിക്കു നൽകിയ യഥാർത്ഥ മനുഷ്യശില്പത്തിന്റെ പ്രതിരൂപമാകുന്ന പ്രക്രിയയ്ക്കു പറയുന്ന പേരാണ് പൗരോഹിത്യം. ''ഇതാ മനുഷ്യൻ'' എന്ന് പീലാത്തോസുപോലും പറയേണ്ടിവന്ന യേശുവിലെ പൂർണ്ണമനുഷ്യൻ, ആ മനുഷ്യനിലെ പൂർണ്ണ ദൈവം, അതിനോട് അനുരൂപപ്പെടാനുള്ള വിളിയാണ് പൗരോഹിത്യം. "ഇവൻ ജോസഫിന്റെ മകനല്ലേ" (ലൂക്കാ 4:22b) എന്ന് ചോദിക്കേണ്ടിവരുംവിധം ഏദനിലെ നഷ്ടപ്പെട്ട നഗ്നരൂപത്തിന് യേശുവിൽ രൂപാന്തരീകരണം സംഭവിച്ചിരിക്കുന്നു. അതുകൊണ്ടാണ് മനുഷ്യർ (?) യഥാർത്ഥ മനുഷ്യനെ തിരിച്ചറിഞ്ഞത്: "എല്ലാവരും അവനെപ്പറ്റി പ്രശംസിച്ചു പറയുകയും അവന്റെ നാവിൽനിന്നും പുറപ്പെട്ട കൃപാവചസുകൾ കേട്ട് അത്ഭുതപ്പെടുകയും ചെയ്തു" (ലൂക്കാ 4:22a).

"ഇതാ മനുഷ്യൻ'' എന്നു പറഞ്ഞ് എല്ലാവർക്കും ഉറ്റുനോക്കുവാൻ എല്ലാവരെയും കൃപാവചസുകളാൽ അത്ഭുതപ്പെടുത്തുവാൻ, എല്ലാവർക്കുംവേണ്ടി മരിക്കുന്ന "ഒരു മനുഷ്യൻ" (യോഹന്നാൻ 11:50–51) ആകുവാൻ ഇതാ ഈ വർഷവും ബഥനി സന്ന്യാസി സമൂഹത്തിൽ മൂന്നുപേർ സന്ന്യാസ വൈദികരാകുന്നു. ഡീക്കൻ ഡെറിൻ ജോസ് ഒ.ഐ.സി., ഡീക്കൻ രെഞ്ചു ഫ്രാൻസിസ് ഒ.ഐ.സി., ഡീക്കൻ അനൂപ് വി.അനിയൻ ഒ.ഐ.സി. ഇവരിൽ ഓരോരുത്തരിലേക്കും നോക്കി ബഥനിയും മലങ്കര കത്തോലിക്കാസഭയും ദൈവജനവും പറയുന്നു: Ecce Homo! "ഇതാ മനുഷ്യൻ!"

ഏദനിലെ നഗ്നത മാറ്റാൻ പൗരോഹിത്യത്തിന്റെ ശുഭ്രവസ്ത്രങ്ങൾക്കു കഴിയട്ടെ!

പ്രാർത്ഥനയും ആശംസകളും നേരുന്നു!

www.malankaralibrary.com

# ദൈവസ്നേഹത്തിന്റെ അടയാളമായ പുരോഹിതൻ

**ഫാ. മാത്യു ജേക്കബ് തിരുവാലിൽ ഒ.ഐ.സി.**
**പ്രൊവിൻഷ്യൽ സുപ്പീരിയർ**

ദൈവനിവേശിതമായ തന്റെ അസ്തിത്വത്തിന്റെ ഓരോ തന്തുവിലൂടെയും ദൈവമഹത്വത്തെ പ്രകാശിപ്പിക്കാനും പ്രസരിപ്പിക്കാനും തന്റെ ജനത്തെ നയിക്കാനും ശുശ്രൂഷിക്കാനും വിശുദ്ധീകരിക്കാനും ദൈവം ഒരുവനെ പുരോഹിതനായി അഭിഷേകം ചെയ്യുന്നു. തന്റെ കരവേലയായ മനുഷ്യന്റെ സമ്പൂർണ്ണ രക്ഷക്കായുള്ള പിതാവായ ദൈവത്തിന്റെ രക്ഷാകരപദ്ധതി തുടർന്നുകൊണ്ടു പോകുവാൻ, ദൈവം തന്റെ സഭയിലേക്ക്, ദൈവസ്നേഹത്തിന്റെ അടയാളമായ പുരോഹിതന്മാരെയും സന്ന്യസ്തരെയും വിളിക്കുന്നത് എക്കാലത്തേയും പോലെ ഇന്നു തുടരുന്നു. ഈ വിളിയിൽ പങ്കാളികളാകുന്നവർ, തങ്ങളുടെ ജീവിത ദൗത്യമായി ഈ ജീവിതാന്തസ്സിനെ സ്വീകരിക്കുന്നതിലൂടെ, ഒരു പുതിയ ജീവിത പന്ഥാവിലേക്കാണ്, സ്വമനസ്സോടെയും പൂർണ്ണസമ്മതത്തോടെയും ഒരുവൻ പ്രവേശിക്കുന്നത്. ഈ വിളിയുടെ ശബ്ദം നിലച്ചിട്ടില്ല. ഈ വിളിയുടെ ദൈവശബ്ദം അവസാനിക്കുന്നില്ല...

**ബഥനിയുടെ നവസന്ന്യാസ വൈദീകർ**

സർവ്വചരാചരണങ്ങൾക്കുമായുള്ള ദൈവകരുണയുടെ അവസാനിക്കാത്ത തെളിവാണ്, കാലഘട്ടത്തോടുള്ള ഓർമ്മപ്പെടുത്തലാണ്, ബഥനി ആശ്രമത്തിൽ അംഗങ്ങളായിച്ചേർന്ന്, സന്ന്യാസം ജീവിത വഴിയായി തെരഞ്ഞെടുത്ത മൂന്നു സഹോദരങ്ങളുടെ സന്ന്യാസ ജീവിത സാക്ഷ്യവും തിരുപ്പട്ട സ്വീകരണവും. തങ്ങളുടെ വ്യക്തിത്വത്തിന്റെ അഗാധതലങ്ങളിൽ രൂപാന്തരം പ്രാപിച്ചുകൊണ്ടാണ് ഡീക്കൻ ഡെറിൻ ജോസ്, ഡീക്കൻ രെഞ്ചു ഫ്രാൻസിസ്, ഡീക്കൻ അനൂപ് വി. അനിയൻ, എന്നീ മൂന്നു സഹോദരങ്ങൾ പുരോഹിതരായി അഭിഷേകം ചെയ്യപ്പെടുന്നത്. ദീർഘകാലത്തെ രൂപീകരണ പ്രക്രിയയിലൂടെ ലഭിച്ച ഉൾവെളിച്ചത്തിന്റെ പിൻബലത്തിൽ, സ്വമനസ്സോടെ നടത്തുന്ന സമ്പൂർണ്ണ സമർപ്പണത്തിന്റെ പ്രതിഫലമായി ഒരുവന്റെ വ്യക്തിത്വത്തെ ആകമാനം സ്പർശിക്കുന്ന ദൈവദാനമാണ്, അഭിഷേകമാണ് ഒരുവന് ലഭിക്കുന്ന പൗരോഹിത്യം. ഈ വർഷം തിരുപ്പട്ടം സ്വീകരിക്കുന്ന ഡീക്കൻ ഡെറിൻ ജോസ്, ഡീക്കൻ രെഞ്ചു ഫ്രാൻസിസ്, ഡീക്കൻ അനൂപ് വി. അനിയൻ എന്നീ മൂന്നു സഹോദരങ്ങളെയും പ്രത്യേകം അഭിനന്ദിക്കുന്നു, പ്രാർത്ഥനാശംസകൾ നേരുന്നു.

ക്രിസ്തുനാഥന്റെ രക്ഷാകര ദൗത്യത്തിന്റെയും പീഡാനുഭവത്തിന്റെയും മരണത്തിന്റെയും ഉത്ഥാനത്തിന്റെയും ഓർമ്മയായ വിശുദ്ധ കുർബാനയുടെ ശുശ്രൂഷകരാകാൻ അനുഗ്രഹം ലഭിച്ച പ്രിയ സഹോദരങ്ങളെ, നിങ്ങൾ അൾത്താരയുടെയും ദൈവജനത്തിന്റെയും കാവൽക്കാരാണ്. ബഥനി സ്ഥാപകനിലൂടെ ദൈവം തുടങ്ങിവച്ച ശുശ്രൂഷകളുടെ തുടർ കാവൽക്കാരാകാൻ ദൈവം തെരഞ്ഞെടുത്ത ഈ മൂന്നു സഹോദരങ്ങളെയും ദൈവ കരുണയ്ക്കു മുൻപിൽ സമർപ്പിക്കാം.

**മിശിഹായെ ശുശ്രൂഷിക്കാൻ തെരഞ്ഞെടുക്കപ്പെട്ടവർ**

ദൈവജനത്തിനിടയിൽ കൂടാരമടിക്കുന്ന ദൈവസാന്നിധ്യമാണ് പൗരോഹിത്യം. ദൈവത്തെയും ദൈവജനത്തെയും ശ്രദ്ധയോടെ ശുശ്രുഷിക്കാൻ കടമപ്പെട്ടവനാണ് ഓരോ വൈദികനും. ആധുനിക കാലഘട്ടത്തിലെ ആന്തരികവും ബാഹ്യവുമായ നിരവധി വെല്ലുവിളികളുടെ മദ്ധ്യേ, ദൈവജനത്തോടൊപ്പം സഞ്ചിരിക്കേണ്ട പൗരോഹിത്യം ഇന്ന് ഏറെ

www.malankaralibrary.com

പരീക്ഷണങ്ങൾ നേരിടുന്നുണ്ട്. സൂക്ഷ്മതയോടെയും ഭയഭക്തി ബഹുമാനത്തോടെയും സന്ന്യാസ പൗരോഹിത്യമെന്ന ദൈവനിയോഗത്തെ കാണണമെന്ന് ബഥനി സമൂഹ സ്ഥാപകനായ ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനി നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട്.

ദൈവം തന്റെ ജനത്തെ സ്നേഹിക്കുന്നതിന്റെ തെളിവാണ്, ദൈവകരുണയുടെ അടയാളമാണ് ഓരോ പുരോഹിതനും. തിരുപ്പട്ട കൂദാശ സ്വീകരിക്കുന്നതിലൂടെ, വൈദികൻ, തന്റെ ഗുരുവും നാഥനും രാജാവുമായ മിശിഹായെ ശുശ്രൂഷിക്കുന്നതിനായി അവരോധിക്കപ്പെടുന്നു. ദൈവജനമായും മിശിഹായുടെ ശരീരമായും പരിശുദ്ധാത്മാവിന്റെ ആലയമായും ഈ ലോകത്തിൽ സഭ അവിരാമം പടുത്തുയർത്തുന്ന മിശിഹായുടെ ജോലിയിൽ പങ്കുകാരാകാൻ ദൈവമാണ് പുരോഹിതനെ പേരുചൊല്ലി വിളിക്കുന്നത്.

2023 ഫെബ്രുവരി 17-ന് വത്തിക്കാനിൽ നടന്ന പൗരോഹിത്യത്തെക്കുറിച്ചുള്ള സിമ്പോസിയത്തെ അഭിസംബോധന ചെയ്തുകൊണ്ട് ഫ്രാൻസിസ് മാർപാപ്പ, വൈദികർക്ക് ജീവിതത്തിലുടനീളം ഉണ്ടായിരിക്കേണ്ട നാല് തരത്തിലുള്ള (Closeness) അടുപ്പത്തെക്കുറിച്ച് അഥവാ സാമീപ്യത്തെക്കുറിച്ച് പ്രതിപാദിക്കുന്നു്. Closeness to God, Closeness to the Bishop, Closeness to other Priests and Closeness to the People of God. പൗരോഹിത്യത്തെ ശക്തിപ്പെടുത്തി ഓരോ നിമിഷവും പുനഃപ്രതിഷ്ഠിക്കുന്ന 'നാല് തൂണുകൾ' എന്ന് ഇവയെ വിശേഷിപ്പിക്കാം. ഒരു പുരോഹിതന്റെ ജീവിതത്തിന്റെ അടിസ്ഥാനമെന്ന് താൻ കരുതുന്ന, 21-ാം നൂറ്റാണ്ടിൽ ഓരോ പുരോഹിതനും അടിസ്ഥാനപരമായി ഉണ്ടായിരിക്കണമെന്ന് താൻ വിശ്വസിക്കുന്ന നിലപാടുകൾ അവതരിപ്പിക്കുകയായിരുന്നു പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയുടെ ലക്ഷ്യം. യേശുമിശിഹായുടെ മൗതികശരീരമായ തിരുസഭയുടെ വിശ്വസ്തരും വിവേകികളുമായ ശുശ്രൂഷകരാകാൻ ഫ്രാൻസിസ് മാർപാപ്പ ആഹ്വാനം ചെയ്യുന്ന നാലുതരം അടുപ്പങ്ങൾ പൗരോഹിത്യ ജീവിതത്തിന് ഏറെ മാർഗ്ഗദർശകമാണ്.

**ഉപസംഹാരം**

കൂദാശകളുടെ കൂദാശയായ വിശുദ്ധ കുർബാനയർപ്പിക്കുവാൻ ദൈവം തെരഞ്ഞെടുത്ത് അഭിഷേകം ചെയ്യുന്ന, ദൈവജനത്തോടൊപ്പം സഞ്ചരിക്കുന്ന, അവരുടെ ഇടയിൽ ജീവിക്കുന്ന, ദൈവത്തിന്റെ ദാസനാണ് - ഭൃത്യനാണ് ഓരോ പുരോഹിതനും. ഓരോ പുരോഹിതനും ക്രിസ്തു തുടങ്ങിവച്ച പിതാവിന്റെ ദൗത്യ പൂർത്തീകരണത്തിന്റെ സ്വയം സമർപ്പിത ശുശ്രൂഷകരാണ്. അതിനാൽത്തന്നെ വിശുദ്ധീകരിക്കാനും പഠിപ്പിക്കാനും നയിക്കാനുമുള്ള, തങ്ങളിൽ നിക്ഷിപ്തമായ പൗരോഹിത്യധർമ്മങ്ങളെ ഒരു കുറവും കൂടാതെ, വിശ്വസ്ഥതയോടെ നിർവ്വഹിക്കാൻ ഓരോ പുരോഹിതനും കടപ്പെട്ടവനാണ്. സ്വയം വിശുദ്ധിയിൽ ഒഴുകാനും തീരങ്ങളെ വിശുദ്ധീകരിക്കാനുമുള്ള ഈ വിളിയിൽ, ബഥനിയുടെ സന്ന്യാസ വഴികളിലൂടെ ജീവിച്ചുകൊണ്ട്, ക്രിസ്തുവിന്റെ പുരോഹിതാരാകാനാണ് ബഥനിയിലെ മൂന്നു സഹോദരങ്ങൾ പൗരോഹിത്യ ശുശ്രൂഷയിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നത്. ക്രിസ്തുമസ് സമ്മാനമായും പുതുവർഷത്തിന്റെ അനുഗ്രഹമായും ബഥനിക്കു ലഭിച്ച ഡീക്കൻ ഡെറിൻ ജോസ്, രെഞ്ചു ഫ്രാൻസിസ്, അനൂപ് വി അനിയൻ എന്നീ മൂന്നു സഹോദരങ്ങളെയും അഭിനന്ദിക്കുന്നു. പ്രാർത്ഥനകൾ ഉറപ്പു നൽകുന്നു. ഈ ദൈവീക പിന്തുടർച്ചയുടെ ശുശ്രൂഷകരെന്ന നിലയിൽ നിങ്ങൾ, ആത്മാക്കളെ തേടുന്ന ദൈവത്തിന്റെ മിഷനറിമാരാണ്... ദൈവജനത്തിന്റെ കാവൽക്കാരാണ്... ആത്മാക്കളുടെ രക്ഷയ്ക്കു വേണ്ടി സ്വയം സമർപ്പിച്ച ക്രിസ്തുശിഷ്യരാണ്...

www.malankaralibrary.com

# അടുത്തറിയുന്ന മത്തായി അച്ചൻ

**ഫാ. വർഗീസ് തൈക്കൂട്ടത്തിൽ ഒ.ഐ.സി.**

**ആമുഖം**

അടുത്തറിയാൻ കഴിഞ്ഞ പ്രിയപ്പെട്ട മത്തായി അച്ചൻ മേൽപട്ടസ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു. നന്ദിയോടെയും സംതൃപ്തിയോടെയും ഈ വാർത്ത കേൾക്കുവാൻ ഇടയായി. സഭയോടു ചേർന്ന്, ബഥനി ആശ്രമത്തോടു ചേർന്ന് ഈ ധന്യനിയോഗത്തിൽ ദൈവത്തെ മഹത്വപ്പെടുത്തുകയും ദൈവത്തിന് നന്ദി അർപ്പിക്കുകയും ചെയ്യുന്നു. ഓർമ്മ ശരിയെങ്കിൽ 1981 മുതൽ ബഹുമാനപ്പെട്ട അച്ചനെ കാണാനും, പഠനഗൃഹത്തിൽ ഒന്നിച്ച് ജീവിക്കാനും, സന്ന്യാസവൈദികനായതിനുശേഷം ഒന്നിച്ച് പ്രവർത്തിക്കാനും, അതിനേക്കാളൊക്കെ ഉപരിയായി പരസ്പരം ആശയങ്ങൾ പങ്കുവയ്ക്കാനും, വെല്ലുവിളികൾ തരണം ചെയ്യാനുള്ള മാർഗ്ഗങ്ങൾ ഒന്നിച്ച് ആരായാനും പരസ്പരം കേൾക്കാനും ഉൾക്കൊള്ളാനും ഒപ്പം മടികൂടാതെ വ്യത്യസ്ത അഭിപ്രായങ്ങൾ പങ്കുവച്ച് സമന്വയത്തിലെത്താനുമൊക്കെ എനിക്ക് വ്യക്തിപരമായി കഴിഞ്ഞിട്ടുണ്ട്. ഏതാണ്ട് നാല്പത്തിരണ്ട് വർഷത്തിലധികമുള്ള അനുഭവത്തിന്റെ പിൻബലത്തിലാണ് ഈ ചിന്തകൾ ഞാൻ ഇവിടെ പങ്കുവയ്ക്കുക. ഒരുപക്ഷേ കൂടെയുള്ളവർക്കും മറ്റുള്ളവർക്കുമൊക്കെ ബ.അച്ചനെപ്പറ്റി വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളും, ചിന്തകളും, ധാരണകളും ഉണ്ടാകാം. എന്നാൽ നീണ്ട വർഷങ്ങളിലെ പരസ്പര ജീവിതത്തിന്റെ പച്ചയായ അനുഭവങ്ങളുടെ സജീവമായ ഓർമ്മകളും യാഥാർത്ഥ്യങ്ങളും മാത്രമാണ് ഇവിടെ പങ്കുവയ്ക്കപ്പെടുക. വിഷയത്തിലേക്ക് കടക്കുന്നതിനുമുമ്പ് നമ്മുടെ പൂനാ-കട്കി രൂപതയുടെ രണ്ടാമത്തെ മെത്രാപ്പോലീത്തായായി നിയോഗിക്കപ്പെട്ട ബ.മത്തായി അച്ചന് എല്ലാ നന്മകളും പ്രാർത്ഥനകളും ഒപ്പം സഹായസഹകരണങ്ങളും കൂടെ വസിച്ചവൻ എന്ന നിലയിൽ, ബഥാന്യൻ എന്ന നിലയിൽ നേരുന്നു. പ്രാർത്ഥിക്കുന്നു. തമ്പുരാൻ ബലപ്പെടുത്തട്ടെ എന്ന് ആഗ്രഹിക്കുന്നു. ദൈവകരങ്ങളിൽ ഉയർത്തി പ്രതിഷ്ഠിക്കുന്നു.

**ശ്രേഷ്ഠ ആചാര്യനിരയിൽ...**

ഒരാൾകൂടി ബഥനി ആശ്രമത്തിൽനിന്ന് ശ്രേഷ്ഠ ആചാര്യനിരയിലേക്ക് നിയോഗിതനായി. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിൽ ആരംഭിച്ച ബഥനിയുടെ ശ്രേഷ്ഠ ആചാര്യശുശ്രൂഷ ഇപ്പോൾ മത്തായി അച്ചനിൽ എത്തി മകുടമണിയുന്നു. മാർ ഈവാനിയോസ്, മാർ തെയോഫിലോസ്, മാർ ഗ്രിഗോറിയോസ്, മാർ ബസേലിയോസ്, മാർ ബർണബാസ് എന്നീ ബഥനി ശ്രേഷ്ഠ ആചാര്യന്മാരുടെ സജീവമായ സാന്നിധ്യവും, മാദ്ധ്യസ്ഥവും, മാതൃകയും ഒപ്പം ബഥനിയുടെ മാർ അന്തോണിയോസ് പിതാവിന്റെ സാക്ഷ്യവും സഹകരണവും കൈത്താങ്ങും മത്തായി അച്ചന്റെ ശ്രേഷ്ഠആചാര്യശുശ്രൂഷയിൽ തുണയായിരിക്കും എന്നു ഞാൻ ഉറച്ചുവിശ്വസിക്കുന്നു. മൺമറഞ്ഞ ബഥനി ആശ്രമ പിതാക്കന്മാരുടെ വിവിധങ്ങളായ, അതേ സമയം തനിമയാർന്ന ഉന്നതജീവിതത്തിന്റെ അംശങ്ങൾ ബഹുമാനപ്പെട്ട അച്ചൻ സ്വജീവിതത്തിൽ ഒരുപരിധിവരെ സാംശീകരിച്ചിട്ടുണ്ട് എന്നതും സത്യം. അതുകൊണ്ടു തന്നെയാണല്ലോ ബഥനിയിൽനിന്ന് അതേ നിയോഗത്തിൽ തന്നെ മത്തായി അച്ചനും

www.malankaralibrary.com

തെരഞ്ഞെടുക്കപ്പെട്ടിരിക്കുക. ഒരു ബഥനി ശ്രേഷ്ഠ ആചാര്യൻ എന്ന നിലയിൽ ഇവിടെ ബ.മത്തായി അച്ചന് ഒരു വലിയ നിയോഗം ഏറ്റെടുക്കാനുണ്ട്. മലങ്കര കത്തോലിക്കാ സഭയുടേയും ബഥനി ആശ്രമബന്ധത്തിന്റെയും ജീവിതസാക്ഷ്യങ്ങളുടെയും ഇടയിൽ ഒരു 'പാലം' ആയി മാറാനും ജീവിക്കാനും പ്രവർത്തിക്കാനുമുള്ള ഉൾവിളിയാണ് ബഥനിയിൽനിന്നും മേൽപട്ടസ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെടുന്നവർ വച്ചു പുലർത്തേണ്ട ജീവിതക്രമം. ഈ ഒരു നിയോഗത്തിന്റെ നിർമ്മലസാക്ഷികളായി കർമ്മംകൊണ്ടും ജീവിതംകൊണ്ടും ജീവിക്കാനും പ്രവർത്തിക്കാനുമുള്ള ഉൾവിളിയാണ് ബഥനിയിൽനിന്നും മേൽപട്ടസ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെടുന്നവർ സ്വീകരിക്കപ്പെടേണ്ടത്. ഈ ഒരു നിയോഗത്തിന്റെ മിഴിവാർന്ന സാക്ഷികളായി കർമ്മംകൊണ്ടും ജീവിതംകൊണ്ടും ജീവിക്കാനും പ്രവർത്തിക്കാനുമുള്ള തനതായ നിയോഗമാണ് ബഥനിയിൽനിന്ന് മേൽപട്ട സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടവർക്ക് ഉണ്ടായിരിക്കേണ്ടത്. മറ്റുവാക്കിൽ പറഞ്ഞാൽ ബഥനിയിലെ മേൽപട്ടക്കാർക്ക് സഭയും ബഥനിയും ഒരുപോലെ മാതാവാണ്. ഒന്നിനെ കൂടുതൽ സ്നേഹിക്കുന്നതോ ഒന്നിന്റെ മുകളിൽ കണ്ണുടയ്ക്കുന്നതോ അവർക്ക് അഭികാമ്യമല്ല. നീണ്ടവർഷങ്ങൾ അന്നം നൽകി വളർത്തി ഒപ്പം ഉന്നതരാക്കി തങ്ങൾ ആയിരിക്കുന്നതു മുഴുവൻതന്നെ ബഥനിയുടെ ജീവിതക്രമത്തിന്റെ തെളിവാർന്ന വളർച്ചയുടെ ഫലമാണെന്ന സത്യം സ്ഥാനം മാറുമ്പോൾ, സ്ഥലം മാറുമ്പോൾ മറക്കാൻ കഴിയില്ലല്ലോ. ആയതിനാൽ ആചാര്യ പദവിയിലേക്ക് പ്രവേശിക്കുന്ന മത്തായിഅച്ചൻ ഒരുപോലെ സഭയുടേയും ബഥനിയുടേയും ശ്രേഷ്ഠ ആചാര്യനായിരിക്കണം എന്ന് സാരം. അത്ര ആയാസകരമായി പിൻതുടരാൻ കഴിയുന്ന ഒരു അവസ്ഥ അല്ല ഇത്. എന്നാൽ മത്തായി അച്ചന് അതിന് ഉത്തമസാക്ഷിയാകാൻ കഴിയും എന്ന് അനുഭവത്തിന്റെ തലത്തിൽ ഞാൻ പ്രത്യാശിക്കുന്നു.

**സ്വീകാര്യനായ സന്ന്യാസി...**

സഭയിലും സമൂഹത്തിലും ഒരുപോലെ സ്വീകാര്യൻ ആയതിന്റെ ഉത്തമസാക്ഷ്യമാണ് മത്തായി അച്ചന്റെ പുതിയ നിയോഗം. സന്ന്യാസജീവിതത്തെപ്പറ്റി ധാരാളം ധാരണകളും തെറ്റുധാരണകളും ഒരുപോലെ വ്യാപിക്കുന്ന ഒരു കാലഘട്ടത്തിലാണല്ലോ നമ്മൾ ജീവിക്കുക. ആരാണ് സന്ന്യാസത്തിൽ സ്വീകാര്യൻ? ധാരാളം ഉത്തരങ്ങൾ നമുക്ക് കണ്ടെത്താം. വ്യക്തിപരമായ കഴിവുകൾ, സംസാരശേഷി, ആളുകൂട്ടാനുള്ള തന്ത്രങ്ങൾ, ആധുനികസമൂഹം ഉറ്റുനോക്കുന്ന സമ്പത്തിന്റെ ഉടമ, അല്ലെങ്കിൽ സമ്പത്ത് ആർജിക്കാൻ കഴിവുള്ളവൻ, കൊടുത്ത് സുഹൃദ്വലയം സൃഷ്ടിക്കുന്നവനൊക്കെ ഇന്ന് സന്ന്യാസത്തിൽ സ്വീകാര്യനാകുന്നു എന്നത് യാഥാർത്ഥ്യം. എന്നാൽ മത്തായി അച്ചനിൽ മുകളിൽ സൂചിപ്പിച്ച ആധുനിക കാലത്തെ സന്ന്യാസ സ്വീകാര്യതയുടെ യാതൊരു ഗുണവും മണവും ഉൾച്ചേർന്നിട്ടില്ല എന്നതാണ് സത്യം. രണ്ട് പ്രാവശ്യം പ്രൊവിൻഷ്യൽ മുൻസുപ്പീരിയറായും വീണ്ടും ജനറാളായും പ്രൊവിൻഷ്യൽ കൗൺസിലംഗമായും മത്തായി അച്ചൻ നിയോഗിക്കപ്പെട്ടത് മുകളിൽ സൂചിപ്പിച്ച ഇന്നത്തെ സന്ന്യാസതെരഞ്ഞെടുപ്പിന്റെ പച്ച കെടാത്ത യാഥാർത്ഥ്യങ്ങളെയല്ല മറിച്ച്, കറ തീർന്ന സന്ന്യാസ സമർപ്പണം ഒന്നുകൊണ്ടുമാത്രമാണ്. അതുകൊണ്ടുതന്നെ അദ്ദേഹം സ്വീകാര്യനായ ഒരു സന്ന്യാസിയായി മാറി. സന്ന്യാസ സമൂഹത്തിലുള്ള എല്ലാ തലമുറയിലുള്ളവരെ കേൾക്കാനും ഉൾക്കൊള്ളാനും അവരിൽനിന്ന് നന്മ സ്വീകരിക്കാനും വഴികളിൽ ശിഥിലത കടന്നുവരുമ്പോൾ ഒരു കറതീർന്ന സന്ന്യാസി എന്ന നിലയിൽ നേർവഴി കാട്ടാനും അച്ചന്റെ ബഥാന്യൻ

www.malankaralibrary.com

ശുശ്രൂഷകളിൽ സാധിച്ചിട്ടുണ്ട് എന്നത് നന്ദിയോടുകൂടെ ഓർക്കുന്നു. 'സന്ന്യാസം' പ്രസംഗിക്കുന്നതിനേക്കാൾ ഉപരി തന്റെ സ്വജീവിതംകൊണ്ടും കർമ്മത്തിലും ബന്ധങ്ങളിലും ഒരുപോലെ സന്ന്യാസിയാകാൻ ശ്രമിച്ചവനാണ് മത്തായി അച്ചൻ. സന്ന്യാസത്തിലെ ഈ പരിശ്രമം ഒന്നുമാത്രമാണ് ആശ്രമജീവിതത്തിലും ഇന്ന് സഭയിലും അച്ചൻ ഉയർത്തപ്പെട്ടത്, അംഗീകരിക്കപ്പെട്ടത്. 'സഭ'യ്ക്ക് സ്വീകാര്യൻ ആകുന്നവനെയാണല്ലോ സഭ മേൽപ്പട്ടസ്ഥാനത്തേക്ക് ഉയർത്തുക. സന്ന്യാസജീവിതത്തിലെ ഈ സ്വീകാര്യത ഒന്നുമാത്രമാണ് മത്തായി അച്ചനെ മേൽപ്പട്ടസ്ഥാനത്തേക്ക് ഉയർത്തിയത്. സന്ന്യാസം 'ഇന്നും എന്നും' സ്വീകരിക്കപ്പെടുന്നതും സ്വീകരിക്കപ്പെടേണ്ടതുമാണ് എന്ന സത്യം ബഥാന്യരെ ഓർമ്മിപ്പിക്കുന്ന ഒരു അനുഭവം തന്നെയാണ് മത്തായി അച്ചന്റെ മേൽപ്പട്ടസ്ഥാനനിയോഗം. സന്ന്യാസജീവിതത്തിൽ നാം സ്വീകാര്യരാകുന്നതിലൂടെ മാത്രം ഇന്ന് നാം സഭയിൽ സ്വീകരിക്കപ്പെടുകയുള്ളു എന്ന സാധാരണപാഠമാണ് ഈ അനുഭവം.

**അഹങ്കാരമില്ലാത്ത അധികാരി...**

അറിഞ്ഞോ, അറിയാതെയോ നാം ജീവിക്കുന്ന ഈ കാലഘട്ടത്തിൽ അധികാരം തലയ്ക്കു മത്തുപിടിച്ചവരുടെ ഒരു നീണ്ടനിര നമ്മുടെ മുമ്പിലുണ്ട്. അത് രാഷ്ട്രീയ തലത്തിലാണെങ്കിലും മതാത്മക തലത്തിലാണെങ്കിലും വലിയ വ്യത്യാസം ഒന്നുംതന്നെയില്ല. ആത്മീയ ജീവിതത്തിൽ ചെറുതും വലുതുമായ അധികാരം പേറുന്നവരുടെ നടപ്പ്, ഒരുക്കം, ജീവിതക്രമം, ഭക്ഷണരീതി, യാത്രാസൗകര്യങ്ങൾ, സംഭാഷണരീതികൾ, വസ്ത്രരീതികളൊക്കെ പരിശോധിച്ചാൽ അഹങ്കാരം, അൽപ്പത്തരം സമൂഹത്തിൽ ആഘോഷിക്കപ്പെടുന്നുവെന്ന് തിരിച്ചറിയാം. ബഥനി സമൂഹവും ഇതിൽനിന്ന് അന്യമാണെന്ന് ഞാൻ കരുതുന്നില്ല. എന്നാൽ ബ.മത്തായി അച്ചന്റെ നേതൃത്വശുശ്രൂഷയിൽ ഒരിക്കൽപോലും 'അഹങ്കാരത്തിന്റെ' അധികാരം തലയ്ക്കു പിടിച്ച യാഥാർത്ഥ്യത്തിന്റെ ലാഞ്ചനപോലും കാണാൻ കഴിഞ്ഞിട്ടില്ല. അധികാരി ആയിരുന്നപ്പോൾ ഒരു സാധാരണ അംഗത്തെ പോലെ തന്നെ വാക്കിലും പ്രവർത്തികളിലും ഒരുപോലെ വ്യത്യാസം കാണിക്കാതെ ശുശ്രൂഷ നിർവ്വഹിക്കാൻ അച്ചന് കഴിഞ്ഞു. അച്ചന്റെ ബാഹ്യമായ വസ്ത്രരീതികളിൽ, ഭക്ഷണരീതികളിൽ, യാത്രകൾ, പണത്തിന്റെ ഉപയോഗത്തിലൊക്കെ ഒരു സാധരണ സാക്ഷ്യമാണ് അച്ചൻ നൽകിയിട്ടുള്ളത്. ബഥനിയിൽ അധികാരി കൂട്ടത്തിൽ ഒരാൾ, നാളെ ഇതേ കൂട്ടത്തിലേക്ക് തിരികെവന്ന് ജീവിക്കേണ്ടവൻ ആണെന്നുള്ള സാധാരണചിന്ത അച്ചന്റെ നേതൃത്വത്തിലെ ഉന്നതമായ ഒരു ഭാവം തന്നെയായിരുന്നു. തീർച്ചയായും മേൽപ്പട്ട ശുശ്രൂഷയിൽ അധികാരികളെപ്പറ്റി അധികാരത്തെപ്പറ്റിയുള്ള ബഹുമാനപ്പെട്ട അച്ചന്റെ ബഥനിയിലെ ജീവിതസാക്ഷ്യം ഒരു മുതൽക്കൂട്ട് ആയിരിക്കും എന്നതിന് രണ്ട് പക്ഷമില്ല.

**ജീവിതസമഗ്രത കൈമുതലായുള്ളവൻ...**

സമഗ്രമായി ജീവിതത്തെ കാണാനും അതനുസരിച്ച് ജീവിതം മുൻപോട്ട് നയിക്കാനും തത്രപ്പെടുന്നവരുടെ സംഖ്യ സന്ന്യാസത്തിൽ കുറഞ്ഞുവരുന്ന ഒരു കാലത്താണ് നാം ജീവിക്കുക. സമഗ്രമായ മാനുഷികദർശനം സമഗ്രമായ ആത്മീയദർശനം ഒന്നുമാത്രമേ സന്ന്യാസത്തിന് സംതൃപ്തി നൽകുകയുള്ളു. ഈ യാഥാർത്ഥ്യം അതിന്റെ പൂർണ്ണതയിൽ മനസ്സിലാക്കി സന്ന്യാസത്തിൽ ജീവിക്കാൻ ശ്രമിച്ചവനാണ് ബ.അച്ചൻ. അതുകൊണ്ട് തന്നെ വ്യക്തിത്വത്തിന്റെ ബലഹീനതകൾ ഒരിക്കലും അച്ചന് ഒരു ഭാരമായിരുന്നില്ല. അവയെയൊക്കെ തന്റെ ആത്മീയ

www.malankaralibrary.com

സമഗ്രതയുടെ കൈയൊപ്പ് ചാർത്തി ജീവിക്കാൻ ശ്രമിച്ച ഒരു ജീവിതസാക്ഷിയാണച്ചൻ. ഈ വിഷയത്തിൽ ധാരാളം അനുഭവങ്ങൾ പങ്കുവയ്ക്കാനുണ്ട്. അതിന്റെ വിശദാംശങ്ങൾ വിശകലനവിധേയമാക്കുന്നില്ല. മറിച്ച് വ്യക്തിജീവിതത്തിലെ കുറവുകൾക്ക്, വീഴ്ചകൾക്ക്, കഴിവുകേടുകൾക്ക് തന്റെ സമഗ്രമായ ആത്മീയ സാക്ഷ്യത്തിന്റെ കാവൽഭടനായി നിന്നു എന്നത് സത്യം. നാം ബഥനിയിൽ വെറും മനുഷ്യരല്ല, സന്ന്യാസികളാണ്. ദൈവികമനുഷ്യർ ആണെന്നുള്ള സത്യം ഒരിക്കലും വിസ്മരിക്കപ്പെടുന്ന ഒരനുഭവം അച്ചന്റെ ജീവിതത്തിൽ ഞാൻ കണ്ടിട്ടില്ല. ജീവിതത്തെപ്പറ്റി സമഗ്രമായ ഒരു ദർശനം കൈമുതലായിട്ടുള്ളവന് മാത്രമേ ഇങ്ങനെ ജീവിക്കാൻ കഴിയുകയുള്ളു. അതുകൊണ്ടുതന്നെ തന്റെ ജീവിതത്തിലെ ചെറുതും വലുതുമായ അസ്വസ്ഥതകളിൽ ആത്മീയത ഉത്തരം കണ്ടെത്താൻ അച്ചനെ സഹായിച്ചു. "ശരീരത്തിനും, സ്വസുഖത്തിനും" അമിത പ്രാധാന്യം നൽകുന്ന ഇന്നത്തെ ജീവിതരീതികൾക്കു മുന്നിൽ അച്ചന്റെ മാതൃക സമഗ്ര ജീവിതത്തെ രൂപപ്പെടുത്തുവാനുള്ള ബഥനിയിൽ ഇന്ന് ജീവിക്കുന്നവർക്ക് ഉത്തമ മാതൃക നൽകുന്നു.

**ബഥനിക്കുവേണ്ടി ജീവിതം വ്യയം ചെയ്തവൻ...**

തന്റെ ആശ്രമത്തിലെ രൂപീകരണകാലത്തും സന്ന്യാസവൈദികനായി അഭിഷേകം ചെയ്ത് കർമ്മമണ്ഡലങ്ങളിൽ വ്യാപരിച്ച ദിനം മുഴുവൻ ഒരു മേൽപ്പട്ടക്കാരനായി നിയോഗിക്കപ്പെട്ട ദിനംവരെയും ബഥനിക്കുവേണ്ടി ജീവിച്ചവനും സമർപ്പിച്ചനുമാണ് മത്തായി അച്ചൻ. ഒരുപോലെ ഇല്ലായ്മകളിലും ബഥനിക്കുവേണ്ടി സന്തോഷത്തോടെ ജീവിതം വ്യയം ചെയ്തവൻ. സഭ അദ്ദേഹത്തെ ഏല്പിച്ച ഓരോ നിയോഗങ്ങളിലും ഒരു ബഥാന്യൻ തനിമ, ഒരു ബഥാന്യൻ ശൈലി, ഒരു ബഥാന്യൻ ലാളിത്യം, ഒരു ബഥാന്യൻ സാക്ഷ്യം ആത്യന്തികമായി നൽകുന്നതിന് മത്തായി അച്ചൻ ശ്രമിച്ച് വിജയിച്ചിട്ടുണ്ട്. എത്തിപ്പിടിക്കാവുന്ന ഇടങ്ങളിലും സ്ഥലങ്ങളിലും ഒരു ബഥാന്യൻസാന്നിദ്ധ്യം പങ്കുവയ്ക്കുന്നതും ജീവിതത്തിൽ അത് കാട്ടിക്കൊടുക്കാനും അച്ചൻ ശ്രമിച്ചിട്ടുണ്ട്. ഇത് ബത്തേരി ആദിവാസികളുടെ ഇടയിലാണെങ്കിലും ബാഹ്യകേരളത്തിലുള്ള മിഷൻ പ്രദേശങ്ങളിലാണെങ്കിലും, സഭയുടെ യുവജനപ്രസ്ഥാനത്തിന്റെയും അൽമായ സംഘടനയുടെ നേതൃത്വത്തിലായാലും താൻ ശുശ്രൂഷ ചെയ്ത ഇടവകകളിലാണെങ്കിലും, താൻ പഠിച്ച ഉന്നത വിദ്യാലയങ്ങളിലാണെങ്കിലും, പഠിപ്പിച്ച വിവിധ സെമിനാരികളിലാണെങ്കിലു മൊക്കെ മത്തായി അച്ചൻ ഇതുവരെയും ബഥനിക്കുവേണ്ടി ബഥനിയുടെ സജീവമായ സാക്ഷ്യമായി നിലകൊണ്ടു. ബഥാന്യൻ ജീവിതവും ദർശനവും ഒപ്പം സമൂഹജീവിതത്തിൽ ഉൾനന്മകളും ഒരുപോലെ ബഥനിക്കുവേണ്ടി സഭയിലും ഇതരസ്ഥലങ്ങളിലും സമർപ്പിച്ചവനാണ് അച്ചൻ. ഈ സമർപ്പണത്തിന് അച്ചനെ പ്രേരിപ്പിച്ച അടിസ്ഥാന അനുഭവം ബഥനി ആത്മീയതയുടെ അന്തരാത്മാവിനെ സ്വന്തമാക്കിയതിലുള്ള നന്മയാണ്. ബഥനിയിൽനിന്ന് മേൽപ്പട്ടസ്ഥാനത്തേക്ക് നിയോഗിക്കപ്പെട്ടു എന്നതിന്റെ അർത്ഥം ബഥനിക്കുവേണ്ടി ജീവിതം ആത്മസമർപ്പണം ചെയ്യുന്നവർ സഭയിൽ സ്വീകരിക്കപ്പെടും എന്നതാണ്. അതുകൊണ്ടുതന്നെ നമ്മുടെ സഭാതലവനായ കാതോലിക്കാബാവാ, അച്ചനെപ്പറ്റി പറഞ്ഞ സത്താപരമായ ഒരുകാര്യം 'അച്ചൻ തികച്ചും യോഗ്യനാണ് ഈ പദവിയിലേക്ക്' എന്നുള്ളതാണല്ലോ. അതെ ബഥാന്യൻ ജീവിതം അന്യമായിട്ടില്ല. ബഥനി സ്വീകരിക്കപ്പെടും, ആദരിക്കപ്പെടും എന്നൊക്കെയല്ലേ ഈ വിശേഷണത്തിന്റെ അർത്ഥം മറ്റുമാക്കി മത്തായി അച്ചന്റ 'യോഗ്യത' അത് ബഥനി ആശ്രമത്തിന്റെ യോഗ്യത അല്ലാതെ മറ്റെന്താണ്?

www.malankaralibrary.com

**ആരെയും സ്വാധീനിക്കുന്നവൻ...**

ഒരാൾ പൊതുവെ സ്വാധീനിക്കപ്പെടുക തന്റെ വ്യക്തിപര ശേഷിയുടെ പിൻബലത്തിലാണ്. പാട്ടുകാരൻ സ്വീകരിക്കപ്പെടുന്നു. വാക്ചാതുരി ഉള്ളവൻ സ്വീകരിക്കപ്പെടുന്നു. പണം ഉള്ളവനും, അഭിനയിക്കാൻ കഴിവുള്ളവനും സ്വീകരിക്കപ്പെടുന്നു. സാധാരണക്കാരേക്കാൾ കൂടുതൽ ബുദ്ധിയുള്ളവൻ സ്വീകരിക്കപ്പെടുന്നു. സമൂഹത്തിൽ വ്യക്തികൾ സ്വീകരിക്കപ്പെടുന്നതിന് ഇതുപോലെയുള്ള പല മാനദണ്ഡങ്ങൾ ഉണ്ടല്ലോ? ഈ കഴിവുകൾ ഒന്നുംതന്നെ അനന്യസാധാരണമായ രീതിയിൽ മത്തായി അച്ചന് ഇല്ലെങ്കിലും, ആളുകളെ സ്വാധീനിക്കാനുള്ള ഒരു മാസ്മരിക ശക്തി അച്ചന് ഉണ്ട്. എന്താണ് ഇതിന്റെ കാരണം എന്നു ഞാൻ എന്നോടുതന്നെ ചോദിച്ചപ്പോൾ എനിക്ക് തോന്നിയ ഒരു കാര്യം ബ.അച്ചന്റെ 'ലളിതമായ' ജീവിതരീതിയും 'സരളമായ' പെരുമാറ്റവുമാണ്. കൊടുത്ത് സ്വാധീനിക്കുന്നവരുടെ സംഖ്യ സന്ന്യാസത്തിൽ അതിര് കടക്കുന്നുണ്ടല്ലോ. സമർപ്പണത്തിൽ എന്തെങ്കിലും നൽകി ആളുകളെ, അംഗങ്ങളെ സ്വാധീനിച്ച ഒരു ചരിത്രം അച്ചനില്ല. മറിച്ച് അച്ചന്റെ സ്വാധീനമാതൃകകൾ ഇതൊന്നുമല്ല. കൂടെയുള്ളവർക്ക് സ്നേഹംകൊടുത്ത്, കരുണ നൽകി, കരുതൽ നൽകി, തന്റെ സമയംനൽകി, കേൾക്കുന്ന ഹൃദയം നൽകി ഒക്കെയാണ് മത്തായി അച്ചൻ കൂടെയുള്ളവരെ, പ്രവർത്തന മേഖലയിലുള്ളവരെ നേടിയത്. ആത്മീയ ആദ്ധ്യാത്മികതയിൽ അനുകരണീയമായ ഒരു ജീവിതസമർപ്പണമാണ് അച്ചൻ ബഥനിക്ക് നൽകിയത്. ജീവിതത്തിന്റെ സരളമായ സ്വഭാവ ഗുണങ്ങളുടെ മിഴിവാർന്ന പ്രായോഗിക കർമ്മങ്ങളിലൂടെ മാത്രമെ ബഥനിയും ബഥാന്യരും സ്വീകരിക്കപ്പെടുകയുള്ളു എന്ന സാധാരണ സത്യം അച്ചൻ ജീവിതത്തിലൂടെ ബഥനിക്ക് കാട്ടി തന്നു.

**ദൈവശാസ്ത്രം പരിപോഷിപ്പിച്ചവൻ...**

സഭയുടെ ദൈവശാസ്ത്ര തലത്തിൽ സംഭാവനകൾ നൽകിയ ഒരു വ്യക്തിത്വമാണ് അച്ചന്റേത്. പരിശീലനകാലത്തിന് ശേഷം ലുവൈൻ കാത്‌ലിക് യൂണിവേഴ്സിറ്റിയിൽനിന്ന് സിസ്റ്റമാറ്റിക് തിയോളജിയിൽ ഉന്നതമാംവിധം ഡോക്ടറേറ്റ് കരസ്ഥമാക്കി തിരികെ വന്ന് അന്നുമുതൽ ഇന്നുവരെയും സഭയുടെ ദൈവശാസ്ത്രമേഖലയിൽ ചിന്തകൊണ്ടും പങ്കുവയ്ക്കൽകൊണ്ടും, ഈടുറ്റ ലേഖനങ്ങളുടെ അവതരണത്തിലൂടെയുമൊക്കെ ഒരു സജീവസാന്നിദ്ധ്യമാണ് ബ.അച്ചൻ. അച്ചന്റെ ദൈവശാസ്ത്ര സമീപനങ്ങൾ അടിസ്ഥാനപരമായി രൂപപ്പെട്ടു വന്നിട്ടുള്ളതാണ്. "ദൈവശാസ്ത്രജ്ഞൻ പ്രാർത്ഥിക്കുന്നവനാണ്" എന്ന പൗരസ്ത്യ സഭയുടെ ദർശനം ആവോളം സ്വന്തമാക്കുന്ന സമീപനമാണ് ഈ വിഷയത്തിൽ അച്ചനിൽ നാം ദർശിക്കുക. അച്ചന്റെ എല്ലാം ദൈവശാസ്ത്ര വിഷയങ്ങളും അദ്ദേഹത്തിന്റെ ദൈവവുമായുള്ള സംഭാഷണത്തിന്റെയും ദൈവിക രഹസ്യങ്ങളുടെ ഉൾക്കൊള്ളലിന്റെയും അനന്തരഫലമായി രൂപപ്പെട്ടു വന്നിട്ടുള്ളതാണ്. കർത്താവിന്റെ ശിഷ്യൻ മാർത്തോമാ ശ്ലീഹാ മുതൽ ഇന്നുവരെയുള്ള നമ്മുടെ സഭയുടെ ചരിത്ര വിശദീകരണങ്ങളും, സഭയുടെ ഇന്നത്തെ വളർച്ചയും പ്രയാണവുമൊക്കെ വിശദമായി പ്രതിപാദിക്കാനും അവ അവതരിപ്പിക്കാനുള്ള കഴിവ് പ്രത്യേകം അച്ചൻ പ്രകടിപ്പിച്ചിട്ടുണ്ട്. തന്റെ ദൈവശാസ്ത്ര അന്വേഷണങ്ങളും കണ്ടെത്തലുകളും നിഗമനങ്ങളുമൊക്കെ സഭയോടു പറ്റച്ചേർന്നുള്ളതാണ് എന്നത് ആചാര്യസ്ഥാനത്തേക്ക് അച്ചനെ ഉയർത്താനുള്ള ഒരു കാരണമായി തീർന്നിട്ടുണ്ട്. കേരള

www.malankaralibrary.com

കത്തോലിക്കാ സഭയുടെ ദൈവശാസ്ത്ര വിഭാഗത്തിന്റെ സെക്രട്ടറിയായി മലങ്കര കത്തോലിക്കാസഭയുടെ ദൈവശാസ്ത്ര കമ്മീഷന്റെ സെക്രട്ടറിയായും അച്ചനെ സഭ നിയോഗിച്ചതിന്റെ അടിസ്ഥാനകാരണം തന്റെ ദൈവശാസ്ത്ര സമീപനങ്ങളിൽ തന്റെ സഭയോടുള്ള ആത്മാർത്ഥവും, വസ്തുനിഷ്ഠവുമായ സമർപ്പണംകൊണ്ടല്ലാതെ മറ്റ് എന്താണ്. ഏതാണ്ട് 125-ൽ അധികം ലേഖനങ്ങളും 12-ൽ അധികം പുസ്തകങ്ങളും ഈ വിഷയവുമായി ബന്ധപ്പെടുത്തി അച്ചൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അച്ചന്റെ പുതിയ നിയോഗം ഈ തലത്തിൽ സഭാസമൂഹത്തിനു പുതിയ ഉണർവും ദിശാബോധവും നൽകട്ടെ എന്ന് ആശിക്കുന്നു. പ്രാർത്ഥിക്കുന്നു.

**മണ്ണിന്റെ മണമുള്ളവൻ...**

മത്തായി അച്ചൻ 'മണ്ണിന്റെ മണമുള്ള' ഒരു സന്ന്യാസി ആയിരുന്നു. പഠനകാലം മുതൽ ഉന്നതായ സ്ഥാനങ്ങൾ തന്നെ തേടി വന്നപ്പോഴും ഈ ഒരു യാഥാർത്ഥ്യത്തിൽനിന്ന് അച്ചൻ പിന്മാറിയിട്ടില്ല. യാതൊരു മടിയുംകൂടാതെ തിരക്കിനിടയിലും കിട്ടുന്ന സമയത്ത് മണ്ണിൽ ഇറങ്ങി വേല ചെയ്യാൻ മടിയും കാണിച്ചിട്ടില്ല. തന്നാൽ കഴിവുള്ളത് ജോലി ചെയ്ത് ഭക്ഷിക്കണം എന്ന ചിന്താരീതി സ്വന്തമാക്കിയവനും, കിട്ടുന്ന അവസരങ്ങളിലൊക്കെ അത് പ്രാവർത്തികമാക്കാൻ ശ്രദ്ധിച്ചവനുമാണ്. സന്ന്യാസജീവിതത്തിലാണെങ്കിലും വൈദികജീവിതത്തിലാണെങ്കിലും പൊതുവെ 'മണ്ണിനെ' കരുതാതെ, മണ്ണിൽ നേരിട്ട് കാലുകുത്താതെ അന്നം സ്വീകരിക്കുന്നവരുടെ സംഖ്യകൂടിവരുന്നു. പൗരോഹിത്യവും സന്ന്യാസവും 'white collar job'കളായി മാറിയിരിക്കുന്ന ഈ കാലത്ത് ബ.അച്ചന്റെ ഈ ജീവിതസമീപനം തികച്ചും തനിമയുള്ളതാണ്. മണ്ണിനോട് മണമുള്ളവനാണല്ലോ പ്രകൃതിയെയും പ്രപഞ്ചത്തെയും കരുതുന്നവൻ. പ്രപഞ്ചത്തിന്റെ രോദനം അതിരുകടന്ന രീതിയിൽ ലോകത്തെ വിഴുങ്ങുന്ന ഈ കാലത്ത് മണ്ണിനെ ബഹുമാനിക്കാൻ മണ്ണിൽ വേല ചെയ്യുവാൻ അതിലൂടെ ലഭിക്കുന്ന മാനസിക, ശാരീരിക നന്മകൾ സ്വന്തമാക്കുന്നത് അനുകരണീയമാണെന്ന് അച്ചന്റെ ജീവിതസാക്ഷ്യം തന്നെ ബോദ്ധ്യപ്പെടുത്തുന്നു.

**നമ്മുടെ പൂനാ-കട്കിയുടെ മെത്രാപ്പോലീത്ത...**

ബഥനിയുടെ സുപ്പീരിയർ ജനറൽ ആയിരുന്ന അച്ചന് മലങ്കര സഭ ഒരു പുതിയ നിയോഗം നൽകിയിരിക്കുകയാണല്ലോ. നാം വിശ്വസിച്ചാലും ഇല്ലെങ്കിലും; അംഗീകരിച്ചാലും ഇല്ലെങ്കിലും ഈ പുതിയ നിയോഗം ബഥനി ആശ്രമം സഭയിൽ സ്വീകരിക്കപ്പെടുന്നു, ആദരിക്കപ്പെടുന്നു എന്നതിന്റെ വ്യക്തമായ നേർവഴി തന്നെയാണ്. പൂനായിലും പരിസരപ്രദേശങ്ങളിലും, നമ്മുടെ സഭയുടെ മുന്നണിപ്പോരാളികൾ ബഥാന്യർ ആയിരുന്നല്ലോ. ഈ പ്രദേശങ്ങളിലൊക്കെ സേവനം ചെയ്ത് വാങ്ങിപ്പോയ നമ്മുടെ ജ്യേഷ്ഠസഹോദരൻ ബർണബാസ് പിതാവ് ഈ നിയോഗത്തിൽ സ്വർഗ്ഗത്തിലിരുന്ന് സന്തോഷിക്കുന്നതോടൊപ്പം അച്ചന്റെ പുതിയ നിയോഗത്തിന് മാധ്യസ്ഥം വഹിക്കുകയും ചെയ്യുന്നു. ബ.അച്ചൻ തന്നെയും ഒരു ചെറിയ കാലം ഈ പ്രദേശത്ത് കൂട്ടായ്മകൾക്ക് നേതൃത്വം നൽകിയ അനുഭവം ഉണ്ടല്ലോ. വിസ്തൃതമായ ഒരു രൂപതയുടെ അനുദിന പ്രവർത്തനങ്ങൾ യോജിപ്പിച്ച് മുൻപോട്ട് കൊണ്ടുപോവുക അത്ര എളുപ്പമല്ലല്ലോ. രൂപതാ പ്രദേശങ്ങളിലെ രാഷ്ട്രീയസ്ഥിതി, സാമൂഹികാവസ്ഥ, മതപരമായ പ്രത്യയശാസ്ത്ര ങ്ങളുടെ അതിരു കടന്ന പ്രവർത്തനങ്ങൾ, വെല്ലുവിളികളൊക്കെ ക്ഷമയോടും പക്വതയോടും

www.malankaralibrary.com

തരണം ചെയ്യുക ആയാസകരമല്ല. പുറത്തുനിന്നും, അകത്തുനിന്നും, വിവിധങ്ങളായ ചിന്താധാരകളും പ്രവർത്തനരീതികളും വ്യത്യസ്ഥങ്ങളായ മിഷൻ സമീപനങ്ങളും, സ്വാർത്ഥപരമായ ജീവിതപ്രത്യയ ശാസ്ത്രങ്ങളുടെ അതിരുകടന്ന രീതികളുമൊക്കെ ഈ പുതിയ നിയോഗത്തിൽ കണ്ടുമുട്ടുന്ന യാഥാർത്ഥ്യങ്ങൾ തന്നെ. സാമ്പത്തികമായ ഞെരുക്കം തരണം ചെയ്യുന്നതിനെക്കാൾ ദുഷ്കരമായി വിശ്വാസജീവിത സമീപനങ്ങളിലെ സങ്കീർണ്ണമായ ജീവിതരീതികൾ, ഒരുപോലെ മിഷൻ പ്രദേശങ്ങളും വ്യവസ്ഥാപിത പള്ളികളിലും "വിശ്വാസികളുടെ സംഖ്യ" കുറവാണ് എന്നത് സത്യം. ആയതിനാൽ പുതിയ ഇടയന്റെ മുഖ്യകർമ്മം 'വിശ്വാസത്തിൽ ഉള്ളവരെ ഉറപ്പിക്കുക' എന്നുള്ളതുതന്നെ. വളർന്നുവരുന്ന കുഞ്ഞുങ്ങളെയും യുവാക്കളെയും ഒരുപോലെ ഈ വിഷയത്തിൽ സ്ഥിരീകരിച്ചാൽ നല്ലത്. വിശ്വാസം 'അനുഷ്ഠാനപരത' എന്ന് തെറ്റിദ്ധരിച്ച് 'അനുഷ്ഠാനപരതയിൽ മാത്രം' ആത്മീയ ജീവിതത്തിന് വില കൊടുക്കുന്നവരുടെ സംഖ്യ പുതിയ നിയോഗത്തിൽ അനവധിയാണ്. ഈ വിഷയത്തിലുള്ള പുതിയ ഇടയന്റെ ഇടപെടൽ രൂപതയുടെ ക്രിസ്തീയ ജീവിതം രൂപപ്പെടുത്തുന്നതിൽ വലിയ പങ്ക് വഹിക്കും എന്നതിന് സംശയംവേണ്ട. ബഥനിയുടെ എല്ലാവിധ ആശംസകളും പ്രാർത്ഥനകളും ഈ ഒരു നിയോഗം പൂർത്തീകരിക്കാൻ നേരുന്നു. ജീവിതത്തിൽ ദൈവീകതയും മാനവീകതയും സ്വന്തമാക്കിയുള്ള ശ്രേഷ്ഠ ആചാര്യനായ മത്തായി അച്ചന് ഈ ലക്ഷ്യത്തിൽ മുന്നേറാൻ കഴിയും എന്ന് ആശിക്കുന്നു.

**ഉപസംഹാരം**

അടുത്തറിഞ്ഞ മത്തായി അച്ചനെപ്പറ്റിയുള്ള ഒരു ജീവിതരേഖയായിരുന്നു ലക്ഷ്യം. പൂർണ്ണമാണോയെന്ന് അറിയില്ല. കഴിവതും അച്ചന്റെ ജീവിതത്തിൽ കണ്ടറിഞ്ഞ ചില അനുഭവങ്ങൾ മാത്രം രേഖപ്പെടുത്തുന്നു. ഇതിനോട് ചേർന്ന് അനവധി വിഷയങ്ങൾ രേഖപ്പെടുത്താനുണ്ട് എന്നും എനിക്കറിയാം. ആരെയും കേൾക്കാനും, ആരോടും തലമുറ വ്യത്യാസം കൂടാതെ ബന്ധപ്പെടാനുള്ള കഴിവ് അച്ചന്റെ ഭാവിസേവനത്തെ അനുഗ്രഹപ്രദമാക്കുമെന്ന് വിശ്വസിക്കുന്നു. മുകളിൽ രേഖപ്പെടുത്തിയ വിഷയങ്ങളിൽ വിഭിന്നാഭിപ്രായം ഉള്ളവർ ഉണ്ടാകും എന്നറിയാം. അത് മനുഷ്യസ്വഭാവത്തിന്റെ പ്രത്യേകതയായി കാണുന്നു. ഒരു സന്ന്യാസിയായി ജീവിക്കാനും സന്ന്യാസിയെപ്പോലെ പെരുമാറാനും കഴിഞ്ഞ ഒരു വ്യക്തിയുടെ ജീവിതത്തിൽ ഞാൻ കണ്ട ചില നന്മകൾ മാത്രം. മുകളിൽ സൂചിപ്പിച്ച യാഥാർത്ഥ്യങ്ങളുടെ അന്തർദർശനമാണ് മത്തായി അച്ചന്റെ ജീവിതവിജയ രഹസ്യങ്ങൾ എന്ന് ഞാൻ കരുതുന്നു. ഈ ജീവിതാനുഭവങ്ങളിലൂടെ ആത്മർദർശനം സ്വന്തമാക്കിയ വ്യക്തിത്വത്തിന്റെ ഉടമയാണ് അച്ചൻ. ജാഗ്രതയോടെ, ആത്മസർപ്പണത്തോടെ, ദൈവാശ്രയത്തോടെ പുതിയ നിയോഗം ഏറ്റെടുത്ത് പൂർത്തിയാക്കാൻ സർവ്വശക്തൻ അച്ചനെ തുണയ്ക്കട്ടെ എന്ന് ആഗ്രഹിക്കുന്നു, ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു.

www.malankaralibrary.com

# Ordained Priesthood: A Special Call to Holiness in Reference to *Pastores Dabo Vobis*

**Rev. Fr. Dr. Thomas Reji Padinjattemelethil OIC**

Ordained Priesthood "is a response to the call of the Lord of the vineyard. The first response, the direct one, is availability to follow the vocational path, while the indirect response, gradual and total, is the one given throughout life and with one's whole life. It is simple and at the same time complex, just as man is complex, and the conditions of his existence are complex and diverse, whether they are internal or the result of the circumstances of time and place: circumstances of history, environment or society"- as stated by Saint John Paul II, in the opening ceremony of the 1990 synod on Priestly Formation. It is a cardinal subject to be considered with much priority, as the priests are called for priestly service in the Church. The call to ordained priesthood is a personal call by the Lord as well, a special call to holiness.

## Understanding the Call to Holiness

Regarding the spiritual formation of the priests, the apostolic exhortation as a whole constantly refers to the decrees of the second Vatican council, especially to *Presbyterorum ordinis* and *Optatam totius*. According to B. Pitaud, the *Pastores Dabo Vobis* is an authorized commentary on these documents. He writes the present apostolic exhortation, following the teaching of the second Vatican council, has closely linked the spiritual life of the priests with their ministry. The priests are specially dedicated or consecrated for the sake of their ministry. The apostolic exhortation explains: "By virtue of this consecration brought about by the outpouring of the Spirit in the sacrament of holy orders, the spiritual life of the priest is marked, moulded and characterized by the way of thinking and acting proper to Jesus Christ, head and shepherd of the church, and which are summed up in his pastoral charity". At the same time the exhortation mentions the call of all faithful to holiness. "This same "Spirit of the Lord" is "upon" the entire people of God, which becomes established as a people "consecrated" to God and "sent" by God to announce the Gospel of salvation. The members of the people of God are "inebriated" and "sealed" with the Spirit (cf. 1 Cor. 12:13; 2 Cor. 1:21ff;

Eph. 1:13; 4:30) and called to holiness". In this sense, all are called to holiness by the power of the Spirit. This is a calling by the 'Father' from all eternity. Then what is the special call of the ordained priesthood to holiness? It is explained in the document that the "priests are bound in a special way to strive for this perfection, since they are consecrated to God in a new way by their ordination". They are the living instruments of Christ and represent the person of Christ by committing themselves to the service and

www.malankaralibrary.com

care of all the people of God. At the same time, they are free, conscious and responsible persons, not mere objects. The apostolic exhortation points out that the human weakness of the priest "is remedied by the holiness of him [Jesus] who became for us a high priest 'holy, innocent, undefiled, separated from sinners' (Heb. 7:26)". One could say that this argument is equally applicable to all people of God. There is no distinction between the human weakness of the priest and the faithful as they are human beings!

**Symbolization of Jesus Christ**

Spiritual life of the ordained priests, in all its senses, should be marked by their fundamental attitude of service to the people after the model of Jesus Christ. This is to free the world from all kinds of oppression and bring to humanity the fullness of life and complete liberation. Furthermore: "The internal principle, the force which animates and guides the spiritual life of the priest inasmuch as he is configured to Christ the head and shepherd, is pastoral charity, as a participation in Jesus Christ's own pastoral charity, a gift freely bestowed by the Holy Spirit and likewise a task and a call which demand a free and committed response on the part of the priest". The priest has to dedicate himself to humanity following the pastoral charity of Jesus Christ.

**Dedication to the Human Quality of Jesus Christ**

In this context, I would like to present that, not only the priest but all faithful have to dedicate themselves to humanity after the model of Jesus Christ, since all participate in the same priesthood of Jesus Christ through the sacrament of baptism. There is no distinction between the priest and the faithful with regard to doing good for humanity. Both the priests and the faithful together constitute the community of Jesus Christ. It is to be noted that the priest is not only in the Church but also in the forefront of the Church. This shows that the ordained priesthood is highly esteemed in the Church for the building up of the community of Jesus Christ. It also shows the special responsibility of the ordained priest to proclaim the Word of God to all the nations. Moreover, the role of the ordained priest is to build up the community together with the faithful.

According to the apostolic exhortation, the spiritual life of the priest and his mission are intimately intertwined. "The priest's mission is not extraneous to his consecration or juxtaposed to it, but represents its intrinsic and vital purpose: ***Consecration is for mission***. In this sense, not only consecration but mission as well is under the seal of the Spirit and the influence of his sanctifying power". The priest is the "steward" of the Spirit, which is the source of holiness and the call to sanctification. He is called to continue the saving ministry of Jesus Christ through pastoral charity. The celebration of the Eucharist has a central place in the ministry and spiritual life of the priest where

www.malankaralibrary.com

Christ himself becomes present through his ministers. It is an important expression of pastoral charity.

**Proclamation of the word of God**

According to the teaching of the second Vatican council the first and foremost work of the priest is to proclaim the Word of God. Through the proclamation of the Word of God, he gathers people for the eucharist and unites them for the eucharistic community, where he is the servant-leader. He is not the master but the servant of the Word of God. He is not the possessor but in debt to the people of God because he himself needs to be evangelized and renewed. Moreover, the apostolic exhortation cautions that the transmitting of the Word of God should be "in its fullness" and it should "develop a special sensitivity, love and docility to the living tradition of the church and to her magisterium. These are not foreign to the word, but serve its proper interpretation and preserve its authentic meaning". The problem here is how to compare the Word of God and the magisterium in an equal way. As to my viewpoint, both have different functions in the Church. The magisterium can interpret the Word of God adequately and correctly in its fullness. That does not mean that they have equal priority.

**Evangelical Counsels**

**1. Obedience**

An important issue that the apostolic exhortation mentions about the spiritual life of the priest is the Gospel radicalism. This is "a fundamental, undeniable demand flowing from the call of Christ to follow and imitate him by virtue of the intimate communion of life with him brought about by the Spirit (cf. Mt. 8:18ff; 10:37ff; Mk. 8:34-38; 10:17-21; Lk. 9:57ff)". In reality, this call is to all Christians, but the ordained priests by their vocation are committed to this call more radically inspired by pastoral charity of Jesus Christ, especially through the evangelical counsels of obedience, chastity and poverty. Among these, obedience has priority, since it is "apostolic". By this, it is clearly convicted about the "submission" to the ecclesiastical authority, especially to one's own bishop, episcopal college and the Pope. This submission is "in no way a kind of humiliation" but a ***"responsible freedom of the priest, who accepts not only the demands of an organised and organic ecclesial life, but also that grace of discernment and responsibility in ecclesial decisions which was assured by Jesus to his apostles and their successors for the sake of faithfully safeguarding the mystery of the church and serving the structure of the Christian community along its common path toward salvation"***. If the priest is properly motivated and lives without servility, in accordance with the Gospel, then he is free from any kind of authoritarianism.

www.malankaralibrary.com

Obedience has a community dimension which relates the priest to the whole presbyterate in co-responsibility. Moreover, it has a dynamic pastoral character in relation to the flock, his readiness to live for the needs and demands of the people entrusted to him and around him.

**2. Celibacy**

Among the evangelical counsels, virginity or celibacy is the second one. The practice of celibacy is to devote oneself to God with an undivided heart and to live in service and love to others. The order of presbyter is conferred "only on men who have given proof that they have been called by God to the gift of chastity in absolute and perpetual celibacy". Though celibacy is a Church law, it is considered as a precious gift given by God to his Church and it is intimately linked to sacred ordination, which configures the priest to Jesus Christ the head and spouse of the Church. Ultimately, it is an incentive to pastoral charity. In the case of oriental churches, the apostolic exhortation follows the ancient tradition of the Church that they can follow the married clergy system.

**3. Poverty**

Regarding evangelical poverty, the apostolic exhortation says: "In reality, only the person who contemplates and lives the mystery of God as the one and supreme good, as the true and definitive treasure, can understand and practise poverty, which is certainly not a matter of despising or rejecting material goods but of a loving and responsible use of these goods and at the same time and ability to renounce them with great interior freedom, that is, with reference to God and his plan". Its aim is to follow Jesus Christ and to love the poor. It enables the priest to be available for the poor, sick, oppressed and the weakest who are entrusted to them. In administering the goods of the community, the priest should be witness of a total "honesty". He should not consider them as his own, "but rather something for which he will be held accountable by God and brothers and sisters, especially the poor". He has to practise solidarity with the underprivileged, a preferential option for the poor, to create a just society. Hence, the practice of evangelical poverty has a prophetic significance in the present world. Ultimately, all these will help the priest to grow in his holiness.

**Participation in the Holiness of the Church**

Another important element regarding the spiritual life of the priest is his participation in the holiness of the Church. Undeniably all the faithful participate in the holiness of the Church. But in particular, the "priest's membership in and dedication to

www.malankaralibrary.com

a particular church", his "relationship with his bishop in the one presbyterate, his sharing in the bishop's ecclesial concern and his devotion to the evangelical care of the people of God in the specific historical and contextual conditions of a particular church are elements which must be taken into account in sketching the proper configuration of the priest and his spiritual life". His belonging to a particular Church gives "a wealth of meaning, criteria for discernment and action which shape both his pastoral mission and his spiritual life". This belonging to a particular Church does not limit the activity of the priest to that particular Church but ordination prepares the priest for the universal mission of the Church - salvation to all. Hence, the spiritual life of the priest is intimately related to his missionary zeal and dynamism. He has to form a missionary community under his care through his ministry and witness of life. The apostolic exhortation says that the Spirit of the Lord will help the priests to create a "new heart" and to develop a "new law" of love, of pastoral charity, which is the source of holiness. In this article, one could see that all the faithful are called to holiness by their baptismal vocation. But the call of the ordained priest is a special call to holiness since they dedicate themselves freely to the kingdom of God and to the building up of the community of Jesus Christ together with all the faithful. Through the act of ordination, the priests receive the Spirit of Christ in a special way to act in the name of Jesus Christ, ***in persona Christi***, and it demands or calls for a personal sanctification or holiness. Hence, according to the apostolic exhortation of *Pastores Dabo Vobis*, the call of the ordained priest is a special call to holiness.

Friends, in simple words and realistic nature, it becomes a real, life time challenge, even for an ordained priest to embody the true and real reflection of Jesus Christ. The Holy Bible clearly tells us that: "without the help of the Father, none can be sanctified". Sanctification is a never ending, life long process. We, as humans, are often weary and weak. Still, when we seek God, he is there, ready enough to respond to our call. He will never leave us, nor forsake us. Cling on to the Alpha and the Omega, who is the author and guiding light of our life. He is forever faithful to lead us towards the crown of life. May God'slight and the countenance of hisface, shine upon the newly ordained priests of our congregation. May we all strive to live and lead a faithful life that is a pleasing sacrifice in the eyes of our Saviour.

God Bless us all!!!

www.malankaralibrary.com

# സാരൂഗിലെ മോർ യാക്കോബിന്റെ പൗരോഹിത്യ ദർശനം

**ഫാ. റ്റൈറ്റസ് ജോൺ ചേരാവള്ളിൽ ഒ.ഐ.സി.**

**ആമുഖം**

'റൂഹായുടെ കിന്നരം' എന്ന അപരനാമത്താൽ അറിയപ്പെട്ടിരുന്ന മോർ അപ്രേമിനുശേഷം സുറിയാനി സഭകൾ കണ്ട അനുഗ്രഹീത കവിയായിരുന്നു സാരൂഗിലെ മോർ യാക്കോബ് (Mor Jacob of Sarugh). ദൈവശാസ്ത്രജ്ഞന്മാർക്കിടയിലെ കവിയും, കവികൾക്കിടയിലെ ദൈവ ശാസ്ത്രജ്ഞനുമായിരുന്ന അദ്ദേഹം ഒരു ബഹുമുഖ പ്രതിഭയായിരുന്നു. സുറിയാനി സഭക ളിലെ പാട്ടുകാരാനായി അറിയപ്പെട്ടിരുന്ന അപ്രേമിന്റെ ദൈവശാസ്ത്ര ചിന്തകളും, ഭാഷാ രീതി യും, കാവ്യ ശൈലിയുമൊക്കെയാണ് യാക്കോബും പിൻതുടർന്നിരുന്നത്. അതിനാൽ അപ്രേ മിനെപ്പോലെ തന്നെ മോർ യാക്കോബ് 'റൂഹായുടെ പുല്ലാങ്കുഴൽ' എന്ന അപരനാമത്തിലാണ് പാശ്ചാത്യ സുറിയാനി സഭകളിൽ അറിയപ്പെടുന്നത്.

വി. ലിഖിതങ്ങൾക്ക് മനോഹരമായ വ്യഖ്യാനങ്ങൾ യാക്കോബിന്റെ കൃതികളിൽ കാണാൻ സാധിക്കും. അദ്ദേഹത്തിന്റെ മെമ്രാ പ്രസംഗങ്ങളിലാണ് (Metrical Homilies) ഇത്തരം വ്യാഖ്യാ നങ്ങൾ ഉൾക്കൊണ്ടിരിക്കുന്നത്. വി. ഗ്രന്ഥ വ്യാഖ്യാനങ്ങൾക്കു പുറമേ കർത്താവിന്റെ സുപ്ര ധാന തിരുന്നാളുകളെക്കുറിച്ചുള്ള സുദീർഘമായ പ്രസംഗങ്ങളും അദ്ദേഹത്തിന്റേതായി നമുക്ക് ലഭിച്ചിട്ടുണ്ട്. മിശിഹാ രഹസ്യങ്ങളുടെ ആഴവും അർത്ഥവും സഭാ സമൂഹത്തിന് വിശദീകരിച്ചു നൽകുവാൻ അദ്ദേഹം പരിശ്രമിച്ചിരുന്നു എന്നതിന്റെ വ്യക്തമായ സൂചനയാണ് ഇപ്രകാരമുള്ള പ്രസംഗങ്ങൾ.

മോർ യാക്കോബിന്റെ പ്രസംഗങ്ങൾ ദൈവശാസ്ത്ര ചിന്തകളാൽ സമ്പന്നമാണ്. ദൈവ ശാസ്ത്ര വിശദീകരണത്തിനായി അദ്ദേഹം അവലംബിക്കുന്ന ഒരു ശൈലി തന്നെ അനുകര ണീയമാണ്. ഏതു ദൈവശാസ്ത്ര വിശകലനവും അദ്ദേഹം ആരംഭിക്കുന്നത് വി. ഗ്രന്ഥത്തെ വിവേചിച്ചറിയുവാനുള്ള ഒരു പരിശ്രമത്തിൽ നിന്നുമാണ്. വി. ഗ്രന്ഥങ്ങൾക്ക് ചരിത്രപരമായ ഒരു ബാഹ്യാർത്ഥവും (Historical Sense) അതിലൊളിഞ്ഞിരിക്കുന്ന ഒരു ആദ്ധ്യത്മീ കാർത്ഥവുമുണ്ടെന്നാണ് (Spiritual Sense) മോർ യാക്കോബ് പഠിപ്പിച്ചത്. ഇപ്രകാരം വി. ഗ്രന്ഥ ത്തിന്റെ ആദ്ധ്യാത്മീകാർത്ഥം കണ്ടെത്തുന്ന ഒരു വ്യക്തിയ്ക്ക് മാത്രമേ ദൈവശാസ്ത്ര തല ത്തിലേയ്ക്ക് തന്റെ ചിന്തകളെ സന്നിവേശിപ്പിക്കുവാൻ സാധിക്കു എന്നാണ് അദ്ദേഹം വിശ്വ സിച്ചിരുന്നത്. ഇതിനാൽ മോർ യാക്കോബിന്റെ എല്ലാ ദൈവശാസ്ത്ര വിശദീകരണങ്ങളും അദ്ദേഹത്തിന്റെ വിശുദ്ധ ഗ്രന്ഥ വ്യാഖ്യാനവുമായി അഭേദ്യബന്ധം പുലർത്തുന്നു. പൗരോഹി ത്യത്തെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ ദർശനങ്ങൾ ഈ ശൈലിയാണ് അനാവരണം ചെയ്യുന്നത്.

ഈ ലേഖനം പ്രധാനമായി ലക്ഷ്യം വെയ്ക്കുന്നത് മോർ യാക്കോബിന്റെ വി. ഗ്രന്ഥാധി ഷ്ഠിതമായ പൗരോഹിത്യ ചിന്തകൾ നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുവാനാണ്. ഈ ചിന്ത കൾ വി. ഗ്രന്ഥം നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്ന പൗരോഹിത്യം എന്ന വലിയ ഒരു ദൗത്യ ത്തെയും വിളിയെയും രേഖപ്പെടുത്തുന്നതിനോടൊപ്പം പൗരോഹിത്യത്തിന്റെ സുവിശേഷാധി ഷ്ഠിതമായ സവിശേഷതകൾ നിറഞ്ഞ ആദ്ധ്യാത്മീകാർത്ഥത്തെക്കൂടി നമ്മെ ഓർമ്മിപ്പിക്കുന്നു.

www.malankaralibrary.com

**പുരോഹിതൻ: രഹസ്യങ്ങളെ സംവഹിക്കുന്നവൻ**

സുറിയാനി സഭാ പിതാക്കന്മാർ തങ്ങളുടെ ദൈവശാസ്ത്ര ചിന്തകൾക്ക് രൂപം നൽകിയിരുന്നത് 'രഹസ്യം' എന്ന പദത്തെ മുൻ നിർത്തിയാണ്. രഹസ്യം എന്ന പദത്തെ ദൈവീക വെളിപ്പെടുത്തലുകളുമായി ബന്ധപ്പെട്ടാണ് സുറിയാനി പിതാക്കന്മാർ ഉപയോഗിച്ചിരുന്നത്. മറഞ്ഞിരിക്കുന്നതും മനുഷ്യമനസ്സുകൾക്ക് അപ്രാപ്യമായതും ദൈവീക വെളിപ്പെടുത്തലുകളാൽ തിരച്ചറിയപ്പെടുന്നതുമായ യാഥാർത്ഥ്യമാണ് രഹസ്യം. സാരൂഗിലെ മോർ യാക്കോബിന്റെ കാഴച്ചപ്പാടിൽ ഒരു വൈദീകൻ രഹസ്യത്തെ സംവഹിക്കുന്നവനാണ്. അതായത് ദൈവത്തിൽ നിന്നും വെളിപ്പെടുത്തപ്പെട്ടു കിട്ടിയതും, ദൈവത്താൽ വെളിപ്പെടുത്തപ്പെടുവാനിരിക്കുന്നതമായ ദൈവീക ഇടപെടലുകളെ ലോകത്തിന് കാട്ടികൊടുക്കുന്നവനാണ് ഒരു വൈദീകൻ. സുറിയാനി പാരമ്പര്യത്തിൽ കൂദാശകളെ രഹസ്യങ്ങൾ എന്ന സംജ്ഞ കൊണ്ട് ചിത്രീകരിക്കുന്നതും മുകളിൽ വിവരിച്ച അർത്ഥ പശ്ചാത്തലത്തിലാണ്. അദൃശ്യമായ കൃപാവരത്തെയാണ് കൂദാശകൾ ദൃശ്യമാക്കുന്നത്. ഒരുവന്റെ രക്ഷയ്ക്കാവശ്യമായ അദൃശ്യമായ ദൈവീക ഇടപെടലുകളെ ദൃശമാക്കി നമ്മുടെ മുൻപിൽ അവതരിപ്പിക്കുകയാണ് ഒരോ കൂദാശകളും ചെയ്യുന്നത്. പൗരോഹിത്യം എന്ന കൂദാശ ക്രിസ്തുവിലൂടെ വെളിപ്പെടുത്തപ്പെട്ട രക്ഷയുടെ ഒരു മാർഗത്തെയാണ് നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നത്. ക്രിസ്തു വെളിപ്പെടുത്തിയ രക്ഷയുടെ പൂർത്തീകരണം കുരിശിലെ അവന്റെ ബലിയിലൂടെയായിരുന്നു. സ്വയം ബലിയായി രക്ഷയുടെ മാർഗം മനുഷ്യരുടെ മുമ്പിൽ തുറന്നിടുകയായിരുന്നു ക്രിസ്തു. സ്വയം ബലിവസ്തുവും ബലിയുമായി തീർന്ന ക്രിസ്തു ഇപ്രകാരം കുരിശിൽ സമ്പൂർണ്ണ പുരോഹിതനായി തീർന്നു. ക്രിസ്തുവിലൂടെ വെളിവാക്കപ്പെട്ട ഈ പൗരോഹിത്യം ദൈവീക രഹസ്യങ്ങളുടെ വെളിപ്പെടുത്തലായതിനാലാണ് പൗരോഹിത്യമെന്ന കൂദാശയെ ഒരു രഹസ്യം എന്ന സംജ്ഞകൊണ്ട് നാം ചിത്രീകരിക്കുന്നത്. ഓരോ പുരോഹിതനും ക്രിസ്തുവിലൂടെ വെളിപ്പെടുത്തപ്പെട്ട പൗരോഹിത്യത്തിലാണ് പങ്കുകാരനാകുന്നത്. ഓരോ പുരോഹിതനും ക്രിസ്തുവിനെ പോലെ ദൈവീക രഹസ്യങ്ങളെയാണ് തന്റെ ജീവിതത്തിലൂടെ അവതരിപ്പിക്കുന്നത്. ഇതിനാൽ പുരോഹിതനെ രഹസ്യങ്ങളുടെ കലവറ എന്നു വിശേഷിപ്പിക്കുന്നത് അവനിലൂടെ വെളിപ്പെടുത്തപ്പെടുന്ന ദൈവീക രഹസ്യങ്ങളുടെ അർത്ഥ പശ്ചാത്തലത്തിലാണ്.

നമ്മുടെ സമൂഹ സ്ഥാപകൻ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനെ 'കൂദാശ ശെമ്മാശൻ' എന്ന് ദൈവജനം വിളിച്ചിരുന്നതിനെ രഹസ്യങ്ങളുടെ അർത്ഥതലത്തിൽ വേണം നാം മനസ്സിലാക്കേണ്ടത്. കൂദാശകളെക്കുറിച്ച് പ്രസംഗിച്ചു എന്നതിലൂപരിയായി ദൈവീക രഹസ്യങ്ങളെയും അവയുടെ അർത്ഥതലങ്ങളെയും ദൈവ ജനത്തിന് തന്റെ പ്രസംഗത്തിലൂടെ വെളിപ്പെടുത്തിയതിന് മാർ ഈവാനിയോസ് പിതാവിന് ലഭിച്ച ഒരു വിളിപ്പേരാണിത്. ഇത് മാർ ഈവാനിയോസ് പിതാവിന് മാത്രം ലഭിക്കേണ്ട ഒരു പേരല്ല പിന്നെയോ രഹസ്യങ്ങളെ ഉള്ളിൽ സംവഹിക്കുന്നു എന്ന സുറിയാനി സഭാ പിതാക്കന്മാരുടെ ചിന്തകളുടെ അടിസ്ഥാനത്തിൽ ഓരോ വൈദീകനും വിളിക്കപ്പെടേണ്ടതും അറിയപ്പെടേണ്ടതും കൂദാശകളുടെ അഥവാ അവൻ സംവഹിക്കുന്ന രഹസ്യങ്ങളുടെ പശ്ചാത്തലത്തിലാണ്.

സാരൂഗിലെ മോർ യാക്കോബ് വളരെ വ്യക്തമായിട്ടാണ് ഒരു വൈദീകനെ രഹസ്യങ്ങളുടെ പശ്ചാത്തലത്തിൽ തന്റെ കൃതികളിൽ അവതരിപ്പിക്കുന്നത്. പുതിയ നിയമത്തിൽ ക്രിസ്തുവിലൂടെ വെളിപ്പെടുത്തപ്പെട്ട എല്ലാ രഹസ്യങ്ങളും പഴയ നിയമകഥാപാത്രങ്ങളുടെ ജീവിതത്തിൽ ഒളിഞ്ഞു കിടന്നിരുന്നു എന്ന ചിന്തായാണ് അദ്ദേഹത്തിന്റെ എല്ലാ പ്രസംഗങ്ങളുടെയും കേന്ദ്ര ബിന്ദു. 'വെളിപ്പെടുത്തപ്പെടേണ്ട എല്ലാ രഹസ്യങ്ങളും മോശയെ ദൈവം ഭരമേല്പിച്ചു'

www.malankaralibrary.com

എന്ന സാരൂഗിലെ യാക്കോബ് തന്റെ കൃതികളിൽ അവതരിപ്പിക്കുന്നതും, മെൽക്കിസദേക്കിന്റെ കാഴ്ച്ചയർപ്പണത്തിൽ ക്രിസ്തുവിലൂടെ പുതിയ നിയമത്തിൽ വെളിപ്പെടുത്തപ്പെട്ടു കിട്ടിയ പൗരോഹിത്യത്തിന്റെ മുന്നാസ്വാദനമാണെന്നുള്ള അദ്ദേഹത്തിന്റെ പഠിപ്പിക്കലുകളും ഒരോ വൈദീകനും രഹസ്യങ്ങളെ ഭരമേൽപ്പിക്കപ്പെട്ടവനാണെന്നുള്ള ഒരു ഓർമ്മപ്പെടുത്തലാണ്. വാങ്ങിപ്പോയ വൈദീകർക്ക് ആശ്വാസ വചനങ്ങൾ അർപ്പിച്ച് അദ്ദേഹം നടത്തിയ പ്രസംഗത്തിലെ ഏതാനും വരികൾ മാത്രം മതി ഒരു വൈദീകനെ രഹസ്യങ്ങളുടെ സൂക്ഷിപ്പുകാരനായി ചിത്രീകരിക്കുവാൻ അദ്ദേഹം നടത്തുന്ന പരിശ്രമങ്ങളെ തിരിച്ചറിയുവാൻ. ഈ പ്രസംഗത്തിൽ നിന്നുള്ള ചില വരികൾ ഇപ്രകാരമാണ് ഒരു വൈദീകനെ അവതരിപ്പിക്കുന്നത്:

അവൻ നിൽക്കുമ്പോൾ, അവൻ ദൈവത്തിന്റെ ആലയത്തിന്റെ രഹസ്യങ്ങൾ ധരിച്ചു.
അവൻ ഭൗമികവും സ്വർഗീയവുമായ കാര്യങ്ങളെ അഴിക്കുകയും ബന്ധിക്കുകയും ചെയ്തു.
ഇവർ ദൈവീകതയുടെ മദ്ധ്യസ്ഥരാണ്.
ദൈവ ഭവനത്തിന്റെ മറഞ്ഞിരിക്കുന്ന രഹസ്യങ്ങളെ ഇവർ പഠിപ്പിക്കുകയും പരിഭാഷപ്പെടുത്തുകയും ചെയ്തു.

വചനം മാംസം ധരിച്ചാണ് ക്രിസ്തു മനുഷ്യനായി അവതരിച്ചത്. മനുഷ്യരൂപത്തെ ധരിച്ച ക്രിസ്തു തന്റെ ദൈവീക അസ്ഥിത്വത്തിൽ പൂർണ്ണമായും മനുഷ്യനായി തീർന്നു. രഹസ്യങ്ങളെ ധരിക്കുന്ന ഒരു പുരോഹിതനിൽ ക്രിസ്തുവിന്റെ മനുഷ്യാവതാര രഹസ്യത്തിന്റെ മറ്റൊരു രീതിയിലുള്ള പ്രതിഫലനമാണ് സംഭവിക്കുന്നത്. ഒരു വൈദീകൻ ധരിക്കുന്ന രഹസ്യം അവനെ ഭൗമീകനിൽ നിന്നും ദൈവീകനായി രൂപാന്തരപ്പെടുത്തുന്നു. തന്റെ പ്രവർത്തി പഥത്തിൽ അവൻ ദൈവീകതയുടെ മദ്ധ്യസ്ഥനായി തീരുന്നു. ദൈവജനത്തെ ദൈവീകതയിലേക്ക് നയിക്കാൻ അവനെ പ്രാപ്തനാക്കുന്നത് അവൻ ധരിക്കുന്ന ദൈവീക രഹസ്യങ്ങളാണ്. പാശ്ചാത്യ സഭയിലെ ദൈവശാസ്ത്രജ്ഞന്മാർ പുരോഹിതനെ 'മറ്റൊരു ക്രിസ്തു' (Alter Christus) എന്ന് വിളിക്കുന്നതിന്റെ മനോഹരമായ കിഴക്കിന്റെ സഭകളുടെ വ്യാഖ്യാനമാണ് രഹസ്യങ്ങളുടെ പശ്ചാത്തലത്തിൽ പുരോഹിതനെ അവതരിപ്പിച്ചു കൊണ്ട് സുറിയാനി സഭാപിതാക്കന്മാർ നൽകുന്നത്.

സാരൂഗിലെ യാക്കോബ് ഒരു വൈദീകന്റെ ദൗത്യമായ പഠിപ്പിക്കലിനെയും രഹസ്യങ്ങളുടെ പശ്ചാത്തലത്തിലാണ് വിശദീകരിക്കുന്നത്. ഒരു വൈദീകൻ തന്റെ ജീവിതം കൊണ്ട് പഠിപ്പിക്കുന്നതും പരിഭാഷപ്പെടുത്തുന്നതും ദൈവഭവനത്തിന്റെ മറഞ്ഞിരിക്കുന്ന രഹസ്യങ്ങളാണ്. സാരൂഗിലെ മാർ യാക്കോബ് തന്റെ കൃതികളിലൂടെ ഒരു വൈദീകനെ 'രഹസ്യങ്ങളുടെ നാഥൻ' (The Lord of the Mysteries/ More-d-Roze) എന്ന് നിർവചിച്ചിരിക്കുന്നതിന്റെ സാംഗത്യത്തെ സാധൂകരിക്കുന്നതാണ് ഒരു വൈദീകൻ രഹസ്യങ്ങളെ സംവഹിക്കുന്നവനാണ് എന്ന അദ്ദേഹത്തിന്റെ വിലയിരുത്തൽ.

### സമൂഹത്തിലെ ഒരു പുരോഹിതന്റെ കടമ

സമൂഹത്തിലെ ഒരു പുരോഹിതന്റെ കടമയുമായി ബന്ധപ്പെടുത്തി സാരൂഗിലെ മോർ യാക്കോബ് പലപ്പോഴും തന്റെ കൃതികളിൽ പുരോഹിതനെ അജപാലകനായും (Pastor/ Royo) കല്പനകളുടെ അധികാരിയായുമാണ് (Director of Commands/ Phokudo) വിശേഷിപ്പിക്കുന്നത്. ഇപ്രകാരം ഒരു പുരോഹിതനെ അദ്ദേഹം ചിത്രീകരിക്കുന്നത് ഒരു പുരോഹിതൻ ദൈവത്തിനും മനുഷ്യർക്കും മദ്ധ്യത്തിൽ നിന്നു കൊണ്ട് ദൈവഹിതമനുസരിച്ച് മനുഷ്യരെ നയി

www.malankaralibrary.com

ക്കുന്നു എന്ന അദ്ദേഹത്തിന്റെ ബോദ്ധ്യത്തിൽ നിന്നാണ്. ദൈവത്തിൽ നിന്നും ലഭിക്കുന്ന കല്പനകളെയാണ് ഒരു വൈദീകൻ പൂർത്തിയാക്കേണ്ടത് എന്നുള്ള കൃത്യമായ നിർദ്ദേശം അദ്ദേഹത്തിന്റേ കൃതികളിൽ ഉടനീളം നമുക്ക് കാണാൻ സാധിക്കും. 'ദൈവത്തെപ്പോലെ' (Ak Aloho) പുത്രന്റെ സഭയിൽ ഒരു പുരോഹിതൻ കൽപ്പിക്കുന്നു എന്ന് തന്റെ മറ്റൊരു പ്രസംഗത്തിൽ പറഞ്ഞു കൊണ്ടാണ് ദൈവത്തിൽ നിന്നുള്ള അധികാരമാണ് ഈ ലോകത്തിൽ ഒരു പുരോഹിതൻ പൂർത്തിയാക്കുന്നത് എന്ന ആശയത്തെ അദ്ദേഹം സാധൂകരിക്കുന്നത്. ദൈവത്തെപ്പോലെ പൂർവ്വ പിതാവായ യാക്കോബിന്റെ മക്കളോട് ആജ്ഞാപിക്കുന്ന മോശയെക്കുറിച്ച് പറയപ്പെടുന്ന പഴയനിയമത്തിൽ നിന്നുമാണ് (Ex 44:16) സാരൂഗിലെ യാക്കോബ് പുരോഹിതൻ ദൈവത്തെപ്പോലെ ആജ്ഞാപിക്കുന്നു എന്ന തന്റെ ആശയത്തെ രൂപീകരിക്കുന്നത്. പുരോഹിതനായ അഹറോനെപ്പറ്റി അദ്ദേഹം നടത്തിയ പ്രസംഗത്തിലാണ് ഇപ്രകാരമുള്ള ആശയങ്ങൾ നാം കണ്ടുമുട്ടുന്നത്. ഈ പ്രസംഗത്തിൽ നാം ഇപ്രകാരമാണ് വായിക്കുന്നത്.

> മോശ പാളയത്തിൽ ദൈവത്തെപ്പോലെ ആയിത്തീർന്നു.
> ദൈവത്തെപ്പോലെ യാക്കോബിന്റെ മക്കൾക്ക് അനുവാദം നൽകുകയും
> അവരോട് ആജ്ഞാപിക്കുകയും ചെയ്യുന്നു
> അഹറോൻ ദൈവത്തിനും മനുഷ്യർക്കും ഇടയിൽ നിന്നു കൊണ്ട്
> ദൈവ ഇഷ്ടം വഴിയായി അവൻ ജനത്തിന്റെ അധികാരിയായി.

അഹറോൻ തന്റെ പൗരോഹിത്യ ശുശ്രൂഷയിൽ ദൈവത്തിനും മനുഷ്യർക്കും ഇടയിൽ മോശയെപ്പോലെ നിലകൊണ്ടു എന്നും, ദൈവത്തെപ്പോലെ മനുഷ്യരുടെ ഇടയിൽ ജീവിച്ച് ജീവിതം പൂർത്തിയാക്കുവാനുള്ള ഒരു ദൗത്യമാണ് അവനെ ദൈവം ഭരമേൽപ്പിച്ചിരിക്കുന്നതെന്നും, ഈ ദൗത്യം ദൈവത്തിന്റെ ഹിതമാണെന്നുമുള്ള ഒരു തിരിച്ചറിവാണ് പഴയ നിയമത്തിലെ അഹറോന്റെ പൗരോഹിത്യത്തിന്റെ കാതൽ എന്നാണ് സാരൂഗിലെ യാക്കോബ് തന്റെ പ്രസംഗങ്ങളിലൂടെ പഠിപ്പിച്ചത്.

പുതിയ നിയമത്തിൽ ക്രിസ്തു തന്റെ ജീവിതത്തിലൂടെ പഴയന നിയമ പൗരോഹിത്യ സങ്കൽപത്തെ പൂർത്തിയാക്കുമ്പോൾ, 'ദൈവത്തെപ്പോലെ' പഴയ നിയമത്തിൽ നിലകൊണ്ടിരുന്ന പുരോഹിതൻ സ്വർഗത്തിനും ഭൂമിയ്ക്കും മദ്ധ്യേ ജീവിക്കുന്ന മറ്റൊരു ക്രിസ്തുവായി മാറുന്നു. രഹസ്യങ്ങളെ ധരിച്ചവനായ പുരോഹിതന്റെ ഈ ലോകത്തിലെ ദൗത്യം ദൈവത്തെ മറ്റുള്ളവർക്ക് തന്റെ ജീവിതത്തിലൂടെ കാണിച്ചു കൊടുക്കുക എന്നതുമാത്രമാണ് എന്നാണ് തന്റെ വിലയിരുത്തലിലൂടെ അർത്ഥ ശങ്കയ്ക്കിടയില്ലാത്ത വിധം സാരൂഗിലെ യാക്കോബ് പഠിപ്പിക്കുന്നത്.

**കാലികപ്രസക്തി**

സഭാ പിതാക്കന്മാരുടെ പഠിപ്പിക്കലുകൾക്ക് ഇന്നത്തെ ലോകത്തിൽ പ്രത്യേകമായ ഒരു സാംഗത്യവുമില്ലാ എന്ന് പറയുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്ന ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. പ്രാചീനകാലത്ത് എഴുതപ്പെട്ടവയാണ് പിതാക്കന്മാരുടെ പ്രസംഗങ്ങൾ എന്ന കാരണം കൊണ്ടാണ് പലപ്പോഴും നാം അവയെ തിരസ്കരിക്കുന്നത്. എന്നാൽ പൗരോഹിത്യം എന്ന കൂദാശയും ആ ഒരു സംവിധാനവും ഇന്നത്തെ ലോകത്തിൽ നേരിടുന്ന വെല്ലുവിളികൾക്കുള്ള കൃത്യമായ ഉത്തരമായിട്ടാണ് പിതാക്കന്മാരുടെ പഠനങ്ങളെ ഇന്ന് സഭ കാണുന്നത്. രണ്ടാം വത്തിക്കാൻ സുന്നഹദോസിന്റെ പ്രാരംഭ ചർച്ചകളിൽ സഭയെ നവീകരിക്കുവാനുള്ള

www.malankaralibrary.com

ഒരു മാർക്ഷമായി പ്രഗത്ഭരായ ദൈവശാസ്ത്രജ്ഞന്മാർ നിർദ്ദേശിച്ച മാർഗവും ആദിമ സഭാ പിതാക്കന്മാരുടെ പഠനങ്ങളിൽ ഒരു പുനർ വായന നടത്തുക എന്നതാണ് എന്നുള്ള കാര്യം ഗൗരവമായി നാം ഈ അവസരത്തിൽ കാണണം. സഭയിൽ പൗരോഹിത്യം എന്ന സംവിധാനം അപചയങ്ങളെ നേരിടുന്നതിനുള്ള പ്രധാന കാരണം ഈ സംവിധാനത്തിന് സംഭവിച്ച സ്ഥാപനവൽക്കരണമാണ്. സഭയെ ഒരു പ്രസ്ഥാനമായി മാത്രം കാണുന്നവർ ഈ പ്രസ്ഥാനത്തെ മുമ്പോട്ടു നയിക്കുവാനുള്ള ഒരു സംവിധാനമായി മാത്രം പൗരോഹിത്യത്തെ കാണുന്നു. എന്നാൽ പൗരോഹിത്യത്തിന്റെ അന്തസത്ത അതിന്റെ ദൈവീക അടിസ്ഥാനമാണ്. ഈ അടിത്തറയാണ് ഇതിനെ ഒരു ദൈവീക സംവിധാനമാക്കി ഈ ലോകത്തിൽ നില നിർത്തുന്നത്. ഈ യാഥാർത്ഥ്യത്തെ മറന്ന് പൗരോഹിത്യത്തെ ഒരു മാനുഷീക സംവിധാനം മാത്രമായി ചുരുക്കി കാണാൻ ശ്രമിക്കുന്നവർക്കുള്ള വ്യക്തമായ ഉത്തരമാണ് സഭാ പിതാക്കന്മാരുടെ ഉപദേശങ്ങൾ. ഇവരുടെ പഠനങ്ങളിലുള്ള ആശയങ്ങളെ മുൻനിർത്തിയുള്ള സംവാദങ്ങൾക്ക് മാത്രമെ പൗരോഹിത്യമെന്ന സംവിധാനത്തെ സഭയിലൂടെ കാലിക പ്രസക്തമായി ലോകത്തിന് മുമ്പിൽ അവതരിപ്പിക്കാൻ സാധിക്കൂ.

**ഉപസംഹാരം**

ആറാം നൂറ്റാണ്ടിൽ ജീവിച്ച പാശ്ചാത്യ സിറിയൻ സഭാ പിതാക്കന്മാരിൽ പ്രമുഖനായിരുന്ന സാരൂഗിലെ മോർ യാക്കോബ്, മലങ്കര സഭയെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമർഹിക്കുന്ന ഒരു ദൈവശാസ്ത്രജ്ഞനും കവിയുമാണ്. നമ്മുടെ ആരാധന ക്രമത്തിലെ പ്രാർത്ഥനകളും, ഗീതങ്ങളും ഈ സഭാ പിതാവിന്റെ തൂലികയാൽ രചിക്കപ്പെട്ടു എന്നുള്ളതു തന്നെയാണ് ഇതിനുള്ള പ്രധാന കാരണം. ഇതിനാൽ നമ്മുടെ ആരാധന ക്രമ കേന്ദ്രീകൃതമായ ഒരു ദൈവശാസ്ത്ര രൂപീകരണത്തിൽ ഈ സഭാ പിതാവിന്റെ കൃതികൾ വളരെയേറെ സ്വാധീനം ചെലുത്തുന്നു. സാരൂഗിലെ യാക്കോബിന്റെ പൗരോഹിത്യത്തെക്കുറിച്ചുള്ള ദർശനങ്ങൾ നമ്മുടെ സഭയുടെ പൗരോഹിത്യത്തെക്കുറിച്ചുള്ള ദൈവശാസ്ത്രരൂപീകരണത്തിന് ഉതകുന്നവയാണ്. പൗരോഹിത്യമെന്ന കൂദാശയുടെതന്നെ അന്തഃസത്ത അത് ഉൾക്കൊള്ളുന്ന ദൈവീക രഹസ്യമാണെന്നും, ഓരോ പുരോഹിതനും ഈ രഹസ്യത്തെ തന്നെ ധരിച്ചവനാണെന്നുമുള്ള സാരൂഗിലെ യാക്കോബിന്റെ പഠിപ്പിക്കൽ ഓരോ വൈദീകനെയും തങ്ങൾ യഥാർത്ഥത്തിൽ ആരാണെന്നുള്ള ഉൾബോദ്ധ്യത്തിലേക്ക് നയിക്കുന്ന ഒരു ചിന്തയാണ്. അദ്ദേഹത്തിന്റെ ഈ ദർശനം ഒരു വൈദികന് നാം സാധാരണ കല്പിച്ചു നൽകുന്ന 'മറ്റൊരു ക്രിസ്തു' (Alter Christus) എന്ന നിർവ്വചനത്തെ കൂടുതൽ ആഴത്തിൽ ഉൾക്കൊള്ളാവാനും, ജീവിക്കുവാനും ഓരോ വൈദീകനെയും പ്രാപ്തരാക്കുന്നതിന് ഉതകുന്നതാണ്. വൈദികനെ രഹസ്യത്തിന്റെ പശ്ചാത്തലത്തിൽ നിർവ്വചിക്കുന്ന യാക്കോബിയൻ ശൈലി, ഒരു വൈദീകൻ ദൈവത്തെപ്പോലെയാകാൻ വിളിക്കപ്പെട്ടവനല്ല പിന്നെയോ ദൈവത്തിന്റെ സ്വഭാവങ്ങൾ മുഴുവൻ ലോകത്തിന് കാട്ടികൊടുക്കുവാനുള്ള ദൗത്യത്തെ ഉള്ളിൽ സംവഹിക്കുന്നവനാണ് എന്ന ദർശനത്തെയാണ് നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നത്. ഈ ഒരു ഉൾബോദ്ധ്യത്തിൽ ആഴപ്പെടുമ്പോൾ മാത്രമാണ് വൈദീക ജീവിതം വൈദീകർക്ക് ആസ്വാദ്യകരവും അനുദിനം വെല്ലുവിളി നിറഞ്ഞതുമായ ഒരു ജീവിതാന്തസായി പരിണമിക്കുന്നത്.

www.malankaralibrary.com

# ദൈവീക പദ്ധതി നിറവേറട്ടെ....

**ജോസ് തോമസ് & മിനി ജോസ്**
(ഡെറിൻ ജോസ് അച്ചന്റെ മാതാപിതാക്കൾ)

"നിനക്കു രൂപം നൽകുന്നതിനുമുമ്പേ ഞാൻ നിന്നെ അറിഞ്ഞു. ജനിക്കുന്നതിനു മുമ്പേ ഞാൻ വിശുദ്ധീകരിച്ച് ജനതകൾക്ക് പ്രവാചകനായി ഞാൻ നിന്നെ നിയോഗിച്ചു" (ജെറ.1:5).

ഈ തിരുവചനം പറയുന്നതുപോലെ ഞങ്ങളുടെ മകനായ ഡെറിൻ ജോസിനെ ദൈവമായ കർത്താവ് ബഥനി സന്ന്യാസ സമൂഹത്തിലൂടെ അവിടുത്തെ മുന്തിരിത്തോട്ടത്തിൽ വേല ചെയ്യുവാൻ വിളിച്ചു വേർതിരിച്ചു.

പത്തനംതിട്ട ജില്ലയിൽ, കൊടുമൺ പഞ്ചായത്തിൽ, പാലമൂട്ടിൽ ശ്രീ.ജോസ് തോമസിന്റെയും ശ്രീമതി മിനി ജോസിന്റെയും മകനായി 1995 നവംബർ മാസം 16-ാം തീയതിയാണ് ഡെറിൻ ജോസ് ജനിച്ചത്. ബഹു.നെടിയത്തച്ചൻ (പെരിയ ബഹു.ഗീവർഗീസ് നെടിയത്ത് റമ്പാൻ) 1995 ഡിസംബർ 12-ാം തീയതി അങ്ങാടിക്കൽ സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദേവാലയത്തിൽ വച്ച് മാമോദീസാ നൽകി. വല്യപ്പച്ചന്റെ പേരായ തോമസ് എന്ന നാമം തന്നെയാണ്. മാമോദീസാ പേരായി ഡെറിനു നൽകപ്പെട്ടത്. വിദ്യാഭ്യാസത്തിന്റെ ആദ്യപാഠങ്ങൾ ചന്ദനപ്പള്ളി വിമലമാതാ സ്കൂളിലും, യു.പി., ഹൈസ്കൂൾ പഠനം അടൂർ ഹോളി ഏഞ്ചൽസ് സ്കൂളിലും ഹയർ സെക്കൻഡറി പഠനം തട്ട എൻ.എസ്.എസ്. സ്കൂളിലും നിർവഹിച്ചു. ഹയർ സെക്കൻഡറി പഠനം കഴിഞ്ഞ് എൻട്രൻസ് പരീക്ഷയ്ക്കായി ഒരുങ്ങുമ്പോഴാണ് ഇടവകാംഗങ്ങളായ ആശ്രമത്തിലെ ബഹു.ജോൺ ഇലവിനാംകുഴി അച്ചനോടും, ജ്യേഷ്ഠസഹോദരൻ ബഹു.ഗീവർഗീസ് ബർസൗമോ അച്ചനോടും ആശ്രമത്തിൽ ചേരുവാനുള്ള ആഗ്രഹം ഡെറിൻ അറിയിക്കുന്നത്. മാതാപിതാക്കന്മാരായ ഞങ്ങളുടെ ഒറ്റ മകനാകയാൽ ആശ്രമപ്രവേശനം ലഭിക്കുമോയെന്ന് സംശയം തീർത്തതിനുശേഷമാണ് ഞങ്ങളോടുപോലും ഈ ആഗ്രഹം ഡെറിൻ അറിയിച്ചത്.

ചെറുപ്പത്തിൽ ക്രിസ്റ്റീൻ ധ്യാനത്തിൽ പങ്കുകൊണ്ടതും, അവധിക്കാല TOC (Teens Orientation Camp) ക്യാമ്പിനു പോയതുമാണ് ആശ്രമത്തിൽ ചേരുക എന്ന തീരുമാനത്തിൽ എത്തിച്ചേരുവാൻ ഡെറിനെ പ്രേരിപ്പിച്ചതെന്നു ഞങ്ങൾ കരുതുന്നു. കുടുംബപരമായി ആശ്രമവൈദികരുടെയും, സിസ്റ്റേഴ്സിന്റെയും സാന്നിധ്യമായിരിക്കാം ബഥനി സന്ന്യാസ സമൂഹത്തിൽ തന്നെ ചേരണമെന്ന് മകന്റെ ആഗ്രഹത്തിൽ പിന്നിലെ ദൈവീക പദ്ധതി.

പതിനേഴ് വർഷക്കാലം എല്ലാവിധ സുഖസൗകര്യങ്ങളോടുംകൂടി ജീവിച്ച മകൻ, എല്ലാം ത്യജിച്ച് 2013 ജൂൺ 13-ാം തീയതി തിരുവല്ലാ ബഥനി ആശ്രമത്തിൽ ചേർന്നപ്പോൾ ഏറെ സങ്കടത്തോടെയാണ് ഞങ്ങൾ അവനെ യാത്രയാക്കിയത്. പോകുന്ന ദിവസം വിദേശത്തായിരുന്ന ഞാൻ ഒരു ഉപദേശം മാത്രമേ അവനു നൽകിയുള്ളു.

www.malankaralibrary.com

"കലപ്പയിൽ കൈവച്ചിട്ടു തിരിഞ്ഞു നോക്കാൻ ഇടയാവരുത്; എടുത്ത തീരുമാനം ഉറപ്പുള്ളതായിരിക്കണം. പിന്നീട് ദുഃഖിക്കാൻ ഇടവരരുത്."

വല്യമ്മച്ചിക്ക് പ്രിയപ്പെട്ട കൊച്ചുമകൻ ആശ്രമത്തിൽ ചേരുന്നതിനോട് ഒട്ടും താൽപ്പര്യമില്ലായിരുന്നു. കാരണം, ഞങ്ങളുടെ ഏകമകൻ ആശ്രമത്തിൽ ചേർന്നാൽ ഞങ്ങൾക്ക് വാർദ്ധക്യത്തിൽ ആരുണ്ട് തുണയെന്ന ആശങ്കയായിരുന്നു. ഈ ഭവനം അനാഥമായി പോകില്ലേ എന്നുള്ള ചിന്തകൾ ആയിരുന്നു. എന്നിരുന്നാലും വല്യപ്പച്ചന്റെയും വല്യമ്മച്ചിയുടെയും രണ്ടു കൊച്ചുമക്കൾ (ബഹു.ഗീവർഗീസ് ബർസൗമോ അച്ചനും, ഡെറിനും) ദൈവശുശ്രൂഷയിലേക്ക് നയിക്കപ്പെട്ടത് പൂർവ്വികരുടെ സുകൃതമാണെന്നും ഞങ്ങൾ വിശ്വസിക്കുന്നു.

നീണ്ട പത്തുവർഷത്തെ ആശ്രമജീവിതത്തിൽ നിന്നും ലഭിച്ച സന്ന്യാസ നിഷ്ഠകളും ലാളിത്യവും പ്രാർത്ഥനയും സമർപ്പണ മനോഭാവവും ഒരു സന്ന്യാസ വൈദികൻ എന്ന നിലയ്ക്ക് കർത്താവിന്റെ ആലയത്തിൽ ആയിരുന്ന് ജനത്തെ ശുശ്രൂഷിക്കുവാൻ കഴിയത്തക്കവണ്ണം ആയുസ്സും ആരോഗ്യവും ദൈവം മകന് നൽകട്ടെ എന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. പ്രാർത്ഥനയുടെയും ധ്യാനത്തിന്റെയും ഫലമായി ഞങ്ങളുടെ മകൻ 2024 ജനുവരി 3-ാം തീയതി വൈദികനായി അഭിഷിക്തനാകുന്നു.

ഈ സന്തോഷനിമിഷത്തിൽ മകനെ വളർത്തി വലുതാക്കിയ ബഥനി സന്ന്യാസ സമൂഹത്തിലെ വൈദികരോടും, സന്ന്യാസ സഹോദരങ്ങളോടുമുള്ള ഹൃദയം നിറഞ്ഞ നന്ദിയും, സ്നേഹവും രേഖപ്പെടുത്തുന്നു. ഈ കാലഘട്ടങ്ങളിലൊക്കെയും താങ്ങായും തണലായും കൂടെ നിന്ന വികാരിയച്ചന്മാരോടും സിസ്റ്റേഴ്സിനോടും ഇടവക സമൂഹത്തിനോടുമുള്ള നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു.

ദാനമായി ഞങ്ങൾക്കു ദൈവം തന്ന മകനെ, ബലിയാക്കുവാനും ബലിയേകുവാനും ബലിവേദിയിലേക്കുയർത്തിയ പൊന്നുതമ്പുരാന്റെ പദ്ധതികൾക്കു മുമ്പിൽ ശിരസ്സു നമിച്ചുകൊണ്ട് ഞങ്ങളുടെ വാക്കുകൾ ഉപസംഹരിക്കുന്നു.

ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

*പുരോഹിതൻ കണ്ണുകൾ ഭൂമിയിൽ താഴ്ത്തി ഉറപ്പിക്കണം.*
*ആത്മാവ് സ്വർഗ്ഗത്തിൽ ഉയർത്തി പ്രതിഷ്ഠിക്കണം.*

*- വി. ബേസിൽ -*

www.malankaralibrary.com

# നാഥന്റെ പിന്നാലെ....

**ബ്രദർ വർഗീസ് എസ് ഒ.ഐ.സി.**

"എന്നെ ശുശ്രൂഷിക്കാൻ ആഗ്രഹിക്കുന്നവൻ എന്നെ അനുഗമിക്കട്ടെ, അപ്പോൾ ഞാൻ ആയിരിക്കുന്നിടത്ത് എന്റെ ശുശ്രുഷകനും ആയിരിക്കും; എന്നെ ശുശ്രൂഷിക്കുന്നവനെ പിതാവ് ബഹുമാനിക്കും" (യോഹ 12:26). ശുശ്രൂഷാ പൗരോഹിത്യത്തിലേക്ക് ദൈവത്താൽ വിളിച്ചു ചേർക്കപ്പെട്ട ഡെറിൻ അച്ചന് പ്രാർത്ഥനാമംഗളങ്ങൾ നേർന്നുകൊള്ളുന്നു. സന്ന്യാസ പൗരോഹിത്യത്തിന്റെ മായാത്ത മുദ്രയുടെ അനുഗ്രഹത്തിനു പാത്രമാകാൻ ഡെറിൻ അച്ചൻ ഒരുങ്ങുമ്പോൾ അച്ചനെപ്പറ്റിയുള്ളചില നല്ല ഓർമ്മകൾ പങ്കുവയ്ക്കട്ടെ.

1995 നവംബർമാസം 16-ാം തീയതിതീയതി ശ്രീ. ജോസ് തോമസ് - ശ്രീമതി മിനി ജോസ് ദമ്പതികളുടെ ഏകമകനായി ഡെറിൻ അച്ചൻ പത്തനംത്തിട്ട ജില്ലയിലെ അങ്ങാടിക്കൽ എന്ന സ്ഥലത്ത് ജനിച്ചു. സെന്റ് മേരീസ് മലങ്കര കത്തോലിക്കാ പള്ളിയിൽവച്ച് തോമസ് എന്ന മാമോദീസാ നാമം സ്വീകരിച്ചു. പിന്നീട് സന്ന്യാസ വ്രതം സ്വീകരിച്ചപ്പോൾ ഡെറിൻ ജോസ് എന്ന സന്ന്യാസ നാമം സ്വീകരിച്ചു. അച്ചന്റെ വിദ്യാഭ്യാസം ചന്ദനപ്പള്ളി വിമലമാതാ ഇംഗ്ലീഷ് സ്കൂളിൽ, എൽ.കെ.ജി മുതൽ അഞ്ചാം കാസ്സുവരെയും, ഹോളി ഏഞ്ചൽ സ്സ്കൂളിൽ, ആറാം കാസ്സുമുതൽ പത്താം ക്ലാസ്സുവരെയും +1, +2 NSHSS തട്ടയിൽ എന്നിവിടങ്ങളിലായി പൂർത്തികരിച്ചു.

തിരുവല്ല ബഥനി ആശ്രമത്തിൽ 2013 ജൂൺ മാസം 13-ാം തീയതി സന്ന്യാസ പൗരോഹിത്യ ജീവിത പരിശീലനത്തിന്റെ ഭാഗമായി ആശ്രമത്തിൽ അർത്ഥിയായി പ്രവേശിച്ചു. തന്റെ ആദ്യവർഷത്തെ പരിശീലനത്തിനു ശേഷം ആലുവ നോവിഷ്യറ്റ് ആശ്രമത്തിൽ പ്രീ-നോവിഷ്യറ്റും തുടർന്ന് നോവിഷ്യറ്റും നടത്തി, 02-01-2016 തീയതി ആദ്യവ്രതവാഗ്ദാനം ചെയ്തു. അതിനുശേഷം പൂനാ ബഥനി ആശ്രമാംഗമായി, പൂനാജ്ഞാനദീപയിൽ തത്ത്വശാസ്ത്രം പഠിക്കുകയും തുടർന്ന് ഗിരിദീപത്തിലെ കുട്ടികളുടെ ഹോസ്റ്റൽ വാർഡനായും, തിരുവല്ല ആശ്രമത്തിലെ ഒന്ന് രണ്ട് വർഷ പരിശീലനത്തിലുള്ള വിദ്യാർത്ഥികളെ അവരുടെ പരിശീലനത്തിൽ സഹായിയായും തന്റെ റീജൻസി കാലം പൂർത്തിയാക്കി. തന്റെ ദൈവശാസ്ത്ര പൗരോഹിത്യ രൂപികരണത്തിനായി തിരികെ പൂനാ ബഥനി ആശ്രമത്തിലെത്തി, ജ്ഞാനദീപയിലും, ബഥനി വേദവിജ്ഞാനപീഠത്തിലും തന്റെ പഠനം പൂർത്തിയാക്കി.

തന്റെ പരിശീലനകാലയളവിൽ ആർക്കും എപ്പോഴും സംലഭ്യനായിരിക്കുകയും താൻ ചെയ്തുകൊടുത്ത ഉപകാരങ്ങൾക്കും, നന്മകൾക്കും ആരിൽ നിന്നും ഒന്നും പ്രതീക്ഷിക്കാതെ, അവയെ കൊട്ടിഘോഷിക്കാതെ ശുശ്രൂഷാ മനോഭാവത്തോടുകൂടെ ചെയ്ത് നൽകുകയായിരുന്നു. അവധികാലങ്ങളിൽ കുട്ടികൾക്കായി സംഘടിപ്പിക്കുന്ന വെക്കേഷൻ ക്യാമ്പുകളിൽ വേർതിരിവുകളില്ലാതെ എല്ലാവരെയും ചേർത്തു നിർത്തുന്ന നേതൃത്വപാഠവം ഡെറിൻ അച്ചന്റെ പ്രത്യേകതയാണ്. ആരാധനാഗീതങ്ങളിൽ അച്ചനുണ്ടായിരുന്ന താല്പര്യവും, ആഗ്രഹവും വളരെ വലുതാണ്. ആരവങ്ങളോ ബഹളങ്ങളോ ഇല്ലാതെ പ്രാർത്ഥിക്കുന്ന ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു അച്ചൻ. രാത്രി പ്രാർത്ഥനയ്ക്കുശേഷം നടത്തിയിരുന്ന കൊന്ത നമസ്കാര

www.malankaralibrary.com

വും, ദൈവ സാനിധ്യ സമർപ്പണവും ഡെറിൻ അച്ചന്റെ പ്രാർത്ഥനയുടെ മുഖമാണ്. ജ്ഞാനപരമായ പുസ്തകങ്ങളിൽ നിന്നുള്ള അറിവുകൾ അദ്ദേഹത്തിന്റെ പ്രസംഗങ്ങളിൽ പ്രതി ഫലിച്ചിരുന്നു. ബൈബിൾ പഠനത്തോട് പ്രത്യേക ആഭിമുഖ്യം പുലർത്തിയിരുന്ന അച്ചൻ സ്വയം പ്രേരിതപ്രാർത്ഥനകളും, ഞായറാഴ്ച്ച പ്രസംഗങ്ങളും തികച്ചും ദൈവവചനത്താൽ സമ്പന്ന മാക്കിയിരുന്നു. ഇതൊക്കെ പ്രാർത്ഥനാ ജീവിതത്തിൽ അദ്ദേഹം തന്നോടുതന്നെ കാട്ടിയ ആത്മാർത്ഥതയുടെ ചില ഉദാഹരണങ്ങളാണ്.

കഠിനാധ്വാനം ചെയ്യുവാനുള്ള മനസ്സ്, കൃഷയിടങ്ങളിലും, കളിസ്ഥലങ്ങളിലും, പഠന മേഖ ലകളിലും പ്രതിഫലിച്ചിരുന്നു. അശ്രാന്ത പരിശ്രമത്തിലൂടെ തന്റെ ലക്ഷ്യങ്ങൾ കൈവരി ക്കുന്നതിൽ ശ്രദ്ധപുലർത്തിരുന്നു. ഏൽപ്പിക്കുന്ന ജോലി ക്രിയാത്മകമായും, വിശ്വസ്തതയോ ടും, വിവേകത്തോടും ചെയ്യുന്ന ശൈലി ഏറെ പ്രശംസനീയമാണ്.

ശാന്തതയുടെയും സൗമനസ്യത്തിന്റെയും പ്രതീകവും തികച്ചും ലളിതവുമാണ് അദ്ദേഹത്തിന്റെ ജീവിതം. ഡെറിൻ അച്ചന്റെ ലളിതമായ സംഭാഷണശൈലിക്ക് ഒരു പ്രത്യേകതയുണ്ട്. സന്ന്യാസ നിഷ്ഠകൾ പ്രത്യേകിച്ച്, മൗനം പാലിക്കുന്നതിൽ ഒരിക്കലും വിഴ്ച വരുത്താതിരിക്കുന്നതിനായി ശ്രദ്ധിച്ചിട്ടുണ്ട്. ദിവസേനയുള്ള യാമപ്രാർത്ഥനകൾ, വി. കുർബാന, മറ്റു ഭക്താഭ്യാസങ്ങൾ കൃത്യമായി അനുഷ്ഠിച്ചിരുന്നു. മനോഹരമായ ശബ്ദംകൊണ്ടും, ഭക്തിപരമായി പ്രാർത്ഥനകൾ ചൊല്ലുന്നതിനുള്ള ഒരു പ്രത്യേക കഴിവുകൊണ്ടും അനുഗ്രഹീതനാണ്.

ക്രിസ്തുവിനെ മറ്റുള്ളവർക്ക് കാണിച്ചുകൊടുത്ത തോമാശ്ലീഹായെ പോലെ പ്രിയപ്പെട്ട ഡെറിൻ അച്ചന്റെ ജീവിതം ക്രിസ്തുവിന്റെ ഒരു ഉപകരണമാകട്ടെ എന്ന് സർവ്വേശ്വരനോട് പ്രാർത്ഥിക്കാം. ഞങ്ങളുടെ പ്രിയപ്പെട്ട ജ്യേഷ്ഠസഹോദരന് എല്ലാവിധ ആശംസകളും, അഭിനന്ദനങ്ങളും നേരുന്നു. ഒത്തിരിയേറെ കഴിവുകൾ നിറഞ്ഞ വ്യക്തിയായി ബഥനി സമൂഹത്തിനു ലഭിച്ചതിന് ദൈവത്തിന് നന്ദി അർപ്പിക്കുകയും, അദ്ദേഹത്തിന്റെ ജീവിതത്തിലൂടെ അനേകം വ്യക്തികൾക്ക് ദൈവത്തെ കാണിച്ചുകൊടുക്കുവാൻ സാധിക്കട്ടെ എന്നും പ്രാർത്ഥിക്കുന്നു.

*യോഗ്യത കൂടാതെ പുരോഹിതർ അൾത്താരയെ*
*സമീപിക്കുമ്പോൾ ക്രിസ്തുവിന്റെ ശരീരത്തെ മലിനമാക്കുന്നു.*

*- വി. ജറോം -*

www.malankaralibrary.com

# അവർണനീയമായ ദാനം

ഫാ. ഡെറിൻ ജോസ് ഒ.ഐ.സി.

"അവർണനീയമായ ദാനത്തിനു ദൈവത്തിനു സ്തുതി" (2 കോറി. 9:15)

"ഞാൻ എന്തായിരിക്കുന്നുവോ അതു ദൈവകൃപയാലാണ്" (1കോറി 15:10) എന്ന തിരിച്ചറിവാണ് എന്റെ വിളിയുടെ സാരാംശം. ഞാൻ ഈ വിളി തെരഞ്ഞെടുക്കുന്നതല്ല മറിച്ച് അവൻ എന്നെ ഈ ജീവിതത്തിലേക്ക് തെരഞ്ഞെടുക്കുകയാണ് ചെയ്തത് എന്ന് ഞാൻ തിരിച്ചറിയുന്നു. യോഗ്യതയോ, മേന്മയോ നോക്കാത്ത ദൈവം എന്നെ ശുശ്രൂഷാ പൗരോഹിത്യത്തിലേക്ക് നയിക്കുമ്പോൾ നന്ദിയല്ലാതെ ഹൃദയത്തിൽ മറ്റൊന്നും കടന്നുവരുന്നില്ല. അവൻ പരമ യോഗ്യരെ തെരഞ്ഞെടുക്കുകയല്ല, മറിച്ച് തെരഞ്ഞെടുത്തവരെ യോഗ്യരാക്കുകയാണെന്ന് കഴിഞ്ഞ ഒരു കാലയളവ് എന്നെ ബോദ്ധ്യപ്പെടുത്തി. അതിനാൽ ഈ വിളി ഒരു 'മഹാദാനമാണ്.' അയോഗ്യനായ ദാസനു ലഭിച്ച മഹത്തായ ദാനം.'

ചെറുപ്പം തൊട്ട് ഉള്ളിൽ തളിരിട്ട വൈദീകനാകണമെന്ന മോഹം ബഥനിയാകുന്ന മലർവാടിയിൽ വിടരുമ്പോൾ നന്ദിയോടെ കഴിഞ്ഞ കാലങ്ങളെ ഓർക്കുന്നു. എന്റെ ഭവനമായിരുന്നു എന്റെ ആദ്യത്തെ വിശ്വാസപരിശീലന കളരി. വല്യപ്പച്ചനും വല്യമ്മച്ചിയുമായിരുന്നു പ്രഥമ വിശ്വാസപരിശീലന ഗുരുക്കന്മാർ. ചെറുപ്പംതൊട്ടേ പ്രാർത്ഥനാ കൂട്ടായ്മകളിലും ദേവാലയസംബന്ധമായ എല്ലാ കാര്യങ്ങൾക്കും എന്നെ നയിച്ചത് അമ്മച്ചിയായിരുന്നു. അച്ചായി വിദേശത്തായിരുന്നതിനാൽ എന്റെ ആത്മീക വളർച്ചയിൽ നേരിയ പോരായ്മ വരാൻപോലും അമ്മച്ചി സമ്മതിരിച്ചിരുന്നില്ല. സ്വർഗത്തിലിരുന്ന് ഈ സുന്ദരനിമിഷം വീക്ഷിക്കുന്ന അപ്പച്ചന്റെയും അമ്മച്ചിയുടെയും ആത്മാക്കൾക്കുമുമ്പിൽ ശിരസ്സു നമിക്കുന്നു. അതുപോലെ വിശ്വാസ കാര്യങ്ങളിൽ തീക്ഷ്ണവാനായിരുന്നു അമ്മയുടെ പിതാവും. അവധികാലത്ത് അമ്മയുടെ വീട്ടിലേക്ക് ഞാൻ പോകുമ്പോൾ അമ്മയുടെ ഇടവകയിൽ എന്നേയും എന്റെ അമ്മീട്ടിലെ സഹോദരങ്ങളേയും കൊണ്ടുപോകുന്നതിൽ അപ്പച്ചൻ ശ്രദ്ധിച്ചിരുന്നു. ഈ പൂർവ്വികരാണ് പൗരോഹിത്യം എന്ന അമൂല്യ നിധിയിലേക്ക് എന്നെ നയിച്ചത്.

ഭവനത്തിൽ ഒറ്റപുത്രനായി ജനിച്ചതിനാൽ കുടുംബത്തിലെ മറ്റു ചേച്ചിമാരുടെയും ചേച്ചിമാരുടെയും സ്നേഹഭാജനമായി ഞാൻ മാറി. സ്നേഹം തുളുമ്പുന്ന, ഐക്യത്തോടെ മുമ്പോട്ടു പോകുന്ന കുടുംബാന്തരീക്ഷം ഈ സന്തോഷങ്ങൾക്കു കൂടുതൽ വഴിതെളിച്ചു. സഹോദരങ്ങളിൽ എനിക്ക് പ്രിയങ്കരനായിരുന്ന ഗീവർഗ്ഗീസ് ബർസോമായച്ചന്റെ ആശ്രമപ്രവേശനം എന്നെ ഏറെ സ്വാധീനിക്കുകയും, സങ്കടത്തിലാഴ്ത്തുകയും ചെയ്തു. 'ചാച്ചൻ' എന്ന് ഞാൻ സ്നേഹത്തോടെ വിളിക്കുന്ന ഗീവർഗ്ഗീസ് അച്ചന്റെ ആശ്രമപ്രവേശനം ഒരു വൈദികനാകണം എന്ന് എന്റെ 'പഴയ' ആഗ്രഹത്തെ പുനർജ്ജീവിപ്പിച്ചു. അമ്മയുടെ കുടുംബാംഗങ്ങളായ ആശ്രമത്തിലെ പരേതനായ ജോൺ കുഴിനാപ്പുറത്തച്ചനും, ജോബി അച്ചനും ബഥനി മഠത്തിലെ ഫ്ളോറാ സിസ്റ്ററും, ജ്യോതി സിസ്റ്ററും ആശ്രമത്തിലേക്ക് കൂടുതൽ എന്നെ അടുപ്പിച്ചു. ഈ ആശ്രമ വൈദികരുടെയും ബഹു.സിസ്റ്റേഴ്സിന്റെയും സാന്നിധ്യമാണ് ആശ്രമത്തിൽ ചേരാൻ എന്നെ പ്രേരിപ്പിച്ചത്.

ആശ്രമത്തിലേക്ക് കടന്നുവന്നപ്പോൾ സഹോദരസ്നേഹത്തിന്റെയും കൂട്ടായ്മയുടെയും മധുരം ഞാൻ കൂടുതൽ ആസ്വദിച്ചു. തിരുത്തലുകളും പ്രോത്സാഹനങ്ങളും വിമർശനങ്ങളും

www.malankaralibrary.com

പരിശ്രമങ്ങളും നിറഞ്ഞുനിന്ന കാലഘട്ടത്തിൽ മറക്കാനാവാത്ത ഒത്തിരി മുഖങ്ങൾ എന്റെ ജീവിതത്തിൽ അവതരിച്ചിട്ടുണ്ട്. ഇടവകയിൽ നിന്നുള്ള ആശ്രമത്തിലെ വന്ദ്യവൈദികരുടേയും കുടുംബത്തിലെ ബഹുമാനപ്പെട്ട അച്ചന്മാരുടെയും പ്രോത്സാഹനവും സ്നേഹം ഈ അവസരത്തിൽ എടുത്തുപറയേണ്ടതാണ്.

വേദനിച്ചപ്പോൾ സാന്ത്വനിപ്പിക്കാനും; കരഞ്ഞപ്പോൾ ചിരിപ്പിക്കാനും ഒറ്റപ്പെട്ടപ്പോൾ ചേർത്തുപിടിക്കാനും ചേട്ടന്മാരായും അനുജന്മാരായും സുഹൃത്തുക്കളായും എന്റെ സമൂഹാംഗങ്ങൾ മാറിയത് ഞാൻ ഓർക്കുന്നു. അവരുടെയൊക്കെ സ്നേഹാശംസകൾ ഈ നിമിഷത്തിൽ ഏറ്റുവാങ്ങുമ്പോൾ നന്ദിയോടെ ദൈവതിരുമുമ്പിൽ അവനു സമർപ്പിക്കുന്നു.

അവസാനമായി ജന്മംതന്ന മാതാപിതാക്കളെക്കുറിച്ച് ഒരു വാക്ക്... സ്വന്തം ഭാവിയോ, കുടുംബത്തിലെ നാളത്തെ അവസ്ഥയോ പരിഗണിക്കാതെ തമ്പുരാന്റെ പദ്ധതിക്കും എന്റെ ഇഷ്ടത്തിനുമായി ഈ ദൈവവിളിയോടുള്ള എന്റെ പ്രത്യുത്തരത്തോടുകൂടി ചേർന്നുനിന്ന എന്റെ പ്രിയ മാതാപിതാക്കളോട് ഞാൻ നന്ദിയല്ലാതെ എന്തു പറയും. അവരുടെ ത്യാഗത്തിനും നിസീമമായ സ്നേഹത്തിനും മുമ്പിൽ വാക്കുകൾ അപ്രസക്തമാണ്. ഉള്ളിലെ കുന്നോളം സങ്കടം സ്നേഹത്തിൽ കടലിൽ മുക്കിയ അവരെ ദൈവം അനുഗ്രഹിക്കട്ടെ എന്ന് മാത്രം പ്രാർത്ഥിക്കുന്നു. ഏതൊരു മകനിലൂടെന്നവണ്ണം എന്നിലൂടെ അവർ കണ്ട സർവവിധ സ്വപ്നങ്ങളേയും ദൈവീക പദ്ധതിക്കായി അവർ നീക്കിവയ്ക്കുമ്പോൾ തമ്പുരാൻ അവരെ ആയുസ്സും ആരോഗ്യവും നൽകി അനുഗ്രഹിക്കട്ടെ. എന്റെ കുറവുകൾ അവരുടെ സമർപ്പണത്തിന്റെ നിറവിനാൽ ദൈവം പരിഹരിക്കുമാറാകട്ടെ. നാം പ്രാർത്ഥിക്കുന്നതുപോലെ ദൈവം അവർക്ക് ഇഹത്തിൽ സന്തോഷവും പരത്തിൽ നിത്യസൗഭാഗ്യവും പ്രദാനം ചെയ്യട്ടെ.

എന്നെ ജന്മംതന്ന് വളർത്തി വലുതാക്കിയ അപ്പച്ചനും അമ്മച്ചിക്കും; അപ്പനും അമ്മയ്ക്കും; സ്നേഹംകൊണ്ടു പൊതിഞ്ഞ ബന്ധുക്കൾക്കും, സഹോദരങ്ങൾക്കും; കൂടെ കളിച്ച് ഒപ്പം നിന്ന വീട്ടിലേയും നാട്ടിലേയും സ്കൂളിലേയും ആശ്രമത്തിലേയും സുഹൃത്തുക്കൾക്കും; എനിക്കായി മുട്ടുമടക്കി കരംവിരിച്ച എന്റെ ഇടവകസമൂഹത്തിനും, വന്ദ്യരായ സന്ന്യാസ സന്ന്യാസിനി സഹോദരങ്ങൾക്കും; എന്നെ സ്നേഹിക്കുന്ന നല്ലവരായ അയൽക്കാർക്കും നാട്ടുകാർക്കും; വിശ്വാസത്തിൽ വളർത്തിയ സൺഡേസ്കൂൾ അദ്ധ്യാപകർക്കും; അറിവിന്റെ പാഠങ്ങൾ പകർന്നുതന്ന വിദ്യാലയങ്ങളിലേയും ആശ്രമത്തിലേയും പഠനഗൃഹങ്ങളിലേയും എല്ലാ ഗുരുക്കന്മാർക്കും; മാമോദീസാ മുതൽ പട്ടംവരെ ഒപ്പം നിന്ന വന്ദ്യ വൈദികർക്കും; നേർവഴികാട്ടി തന്ന് എന്നെ നയിച്ച ആശ്രമത്തിലേയും, സഭയിലേയും സമൂഹത്തിലേയും അധികാരികൾക്കും; തോളോട് തോൾ ചേർന്ന് ഒരേ ലക്ഷ്യത്തിനായി മുന്നേറുന്ന എന്റെ സമൂഹാംഗങ്ങളോടുമുള്ള നന്ദിയും കടപ്പാടും ഹൃദ്യമായി അറിയിക്കുന്നു. കാലിടറാതെ, മനം പതറാതെ, വിശ്വാസ്യതയോടെ ഈ ആചാര്യശുശ്രൂഷ നിർവഹിക്കുവാൻ ദൈവമായ കർത്താവ് ഈ ആചാര്യശുശ്രൂഷ നിർവഹിക്കുവാൻ ദൈവമായ കർത്താവ് എനിക്കിടയാകട്ടെ. 'അവർണനീയമായ ഈ ദാനം' മൺപാത്രത്തിലെ നിധിപോലെ ആയുസ്സുള്ള കാലം സൂക്ഷിക്കുവാൻ പരിശുദ്ധാത്മാവ് എന്നെ സഹായിക്കട്ടെ.

പരി.അമ്മേ, വി.യൗസേപ്പ് പിതാവേ, മാർ ഈവാനിയോസ് പിതാവേ എനിക്കുവേണ്ടിയും സകല പുരോഹിതന്മാർക്കുവേണ്ടിയും പ്രാർത്ഥിക്കണെ...

www.malankaralibrary.com

# പുരോഹിതൻ: ശ്രുതിയും സ്മൃതിയും ജീവിതവും...

**ഫാ. ഐസക് സാമുവേൽ ഒ.ഐ.സി.**

പുരോഹിതൻ എന്ന വാക്കിന് 'മുമ്പിൽ വയ്ക്കപ്പെട്ടവൻ' എന്നും 'മുകളിലുള്ളവന്റെ ഹിതം അറിയുന്നവൻ' എന്നും വ്യാച്യാർത്ഥം നൽകി വരാറുണ്ട്. ദൈവത്തിന്റേയും മനുഷ്യന്റേയും മുമ്പിൽ നീതിനിഷ്ഠമായി ജീവിക്കുവാനും ദൈവഹിതാന്വേഷിയായിരിക്കുവാനും, ജീവിതം സ്വമേധയാ നൽകിയവൻ പുരോഹിതൻ എന്നതാണ് പുരോഹിത വിചാരം. ഇവിടെ കേട്ടതിനും ഓർമ്മിച്ചെടുത്തതിനും ജീവിച്ചുകാണിക്കുന്നതിനും പ്രാധാന്യം അർഹിക്കുന്നു.

**ശ്രുതി: കേട്ടത്**

ശ്രുതി എന്ന വാക്കിന്റെ അർത്ഥം 'കേട്ടത്' എന്നാണ്. ഒരു പുരോഹിതനെപ്പറ്റി കേട്ടിട്ടുള്ളവ ഇവിടെ അനാവൃതമാക്കപ്പെടുന്നു. വി.ഗ്രന്ഥം അതിനുള്ള ഉത്തരം നൽകുന്നുണ്ട്.

- ദൈവത്തോടുകൂടെയായിരിക്കുവാൻ വേണ്ടി വിളിച്ചു (മർക്കോ.3:16).

- പുരോഹിതൻ അവന് സ്വന്തമായുള്ളതിനെയും കൂടെയുണ്ടായിരുന്നതിനെയും ഉപേക്ഷിച്ച് അനുധാവനം ചെയ്യണം (ലൂക്കാ 5:11).

അപ്പോൾ പുരോഹിതന് ക്രിസ്തുവിനെപ്പോലെയാകുവാൻ കഴിയും.

- നിസ്വനായിരിക്കുവാൻ

- പരിത്യാഗിയായിരിക്കുവാൻ

- അഗ്നിയായി മാറുവാൻ (ശുദ്ധീകരണ, വിശുദ്ധീകരണ പ്രാപ്തി)

ക്രിസ്തുവിനെപ്പോലെ ഭാരമുള്ള കുരിശുകൾ വഹിക്കേണ്ടതായി വരും (ലൂക്കാ 9:23). കാലുകളിലും, കൈകളിലും ആണികൾ തറച്ച് നഗ്നനായി ക്രൂശിക്കപ്പെടേണ്ടിവരും. ഇങ്ങനെ ജീവത്യാഗം ചെയ്യപ്പെടുമ്പോൾ അവസാനം ജനം സാക്ഷ്യപ്പെടുത്തും. "ഈ മനുഷ്യൻ തീർച്ചയായും നീതിമാനാണ്" (ലൂക്കാ 23:47). ഈ നാൾവരേയും നാം കേട്ടിട്ടുള്ളത് ഇതേ ചിന്ത തന്നെയാണ്. ആധുനിക കാലഘട്ടത്തിൽ ഇത്തരം വ്യത്യസ്ഥ അനുഭവങ്ങളിലൂടെ നടന്നു നീങ്ങുന്ന പൗരോഹിത്യ അനുഭവങ്ങളാണ് നമുക്ക് ചുറ്റും. പുരോഹിതനായി ജീവിച്ചു തുടങ്ങുമ്പോൾ നേരിടേണ്ടി വരുന്ന വെല്ലുവിളികളും പ്രയാസങ്ങളും വ്യത്യസ്തമാണ്. അപ്പോൾ ഓർമ്മയിലൂടെ പലതും മിന്നിമറയാറുണ്ട്.

**സ്മൃതി: ഓർമ്മിച്ചത്**

ഒരിക്കൽ ഉപേക്ഷിച്ച വള്ളവും വലയും തേടിയിറങ്ങുന്ന ശിഷ്യത്വത്തിന്റെ മറ്റൊരു മുഖം മെല്ലെ ജീവിതത്തിൽ അനാവൃതമാക്കപ്പെടുന്നു (യോഹ.21:3).

www.malankaralibrary.com

സ്വപ്നങ്ങൾ അന്യമാക്കപ്പെട്ടതിന്റെ നഷ്ടബോധം വേട്ടയാടപ്പെടും. ബസാലേലിലെ സന്ന്യാസി ചിന്തിച്ചത് ഇപ്രകാരമാണ്. ''നീയെന്തിനാണ് പാഴാക്കുക നിന്റെ യൗവനം, വർണ്ണങ്ങൾ, കരുത്ത്, അറിവ്, ഗാർഹിക ഊഷ്മളത, ഉടലിന്റെ നിഗൂഢ പ്രിയങ്ങൾ, ഉള്ളിൽ മയങ്ങുന്ന താരാട്ട്.... ഇവയൊക്കെ എന്തിന് പാഴാക്കണം: ഈ ചിന്ത ഭരിക്കും.

സച്ചിദാനന്ദൻ തന്റെ 'പാതിരി' എന്ന കവിതയിൽ ഇപ്രകാരം കുറിച്ചു:

കരയിൽ നിൽക്കുന്ന പാതിരിക്കെപ്പൊഴും
കടവിലെത്തി കുളിക്കാൻ മോഹം
പടവിറങ്ങാൻ നേരം
പുഴ പതുക്കെ നടത്തു നിർത്തുന്നു

കുരിശുപോൽ മേലത്തൂറുമെൻ ചാലുകൾ
അരികെ മുട്ടുകുത്തുന്ന വിശ്വാസമേ
അരുത് ദുഃസർഗ്ഗ സന്നിധിയിൽ
പ്രാർത്ഥന നിബിഡമാം ഇല
ചില്ലകൾ ഭൂമിയെ കരുതി
നീളുന്നതാണു നിൻ ജീവിതം

ഒലിവു വറ്റാത്ത
കുട്ടികൾ തീരത്തു
തണലിലെത്തി
കളിക്കട്ടെ വേനലിൽ
പുഴ പതുക്കെ പറഞ്ഞു നിർത്തുന്നു.

പടവു കയറുന്ന പാതിരിക്കെപ്പോഴും
കടലിൽ നീന്തിത്തുടിക്കുന്ന സ്വപ്നം

തിരികെയെത്തുമെങ്കിലും ലഭിക്കാത്ത/ നഷ്ടപ്പെടുത്തിയതിനെപ്പറ്റിയുള്ള ആവലാതികൾ, വേവലാതികൾ ജീവിതത്തിൽ താണ്ഡവമാടും. ഇനിയെന്ത്? എന്ന ചോദ്യത്തിന് മുമ്പിൽ ഓർമ്മകൾ കൊണ്ടുചെന്നെത്തിക്കും. ഇതിലും ഭേദം ഈജിപ്തിലെ അടിമത്വത്തിന്റെ സുഖം മതിയായിരുന്നുവെന്ന് (പുറ.17:3) ചിന്തകളാൽ വേട്ടയാടപ്പെടും. ഈ വെല്ലുവിളികൾക്കുള്ള ഉത്തരം എങ്ങനെ ലഭിക്കും?

**ജീവിതം: ആയിരിക്കുന്നത്**

പ്രിയ പുരോഹിതാ:

താത്വിക അവലോകനങ്ങൾക്കപ്പുറം അനുധാവനത്തിനായുള്ള ചില കുറുക്കുവഴികൾ കുറിക്കട്ടെ.

നീ ബലഹീനനാണെന്ന സ്വത്വബോധം ഉണ്ടായിരിക്കട്ടെ.

അന്ത്യോക്യൻ ആരാധനക്രമത്തിൽ പുരോഹിതൻ തന്നെത്തന്നെ അഭിസംബോധന ചെയ്യുന്നത് "ഞാനോ ബലഹീനനും പാപിയുമായ ദാസൻ' (ധൂപക്കുറ്റി വാഴ്വ്). അഭിഷേകം

www.malankaralibrary.com

ചെയ്യപ്പെട്ടാലും നിന്റെ ബലഹീനത നിന്നോടുകൂടെ ഉണ്ടായിരിക്കുമെന്ന ബോധ്യം. തേനും പാലും ഒഴുകുന്ന നാട്ടിലേക്കുള്ള പ്രയാണത്തിൽ 'ഓർമ്മ'കളുടെയും ചോദ്യം ചെയ്യപ്പെടലിന്റെയും, ഒറ്റപ്പെടുത്തലിന്റെയും 'മരുഭൂമി' കടക്കണമെന്ന തിരിച്ചറിവ് ഉണ്ടാകട്ടെ. നിന്റെ ബലഹീനതാധ്യാനം ഈ മരുഭൂമി ത്രാണം ചെയ്യുവാൻ സഹായിക്കും. ഉള്ളതിൽ കൂടുതൽ മേന്മ ഭാവിക്കാതെ 'ആടായി' ഒപ്പം ആയിരിക്കുവാൻ പരിശ്രമിക്കുക. ദൈവം തന്നെ കഴിവുകളെ യഥാവിധി വ്യാപാരം ചെയ്ത് ആടിന്റെ മണത്തേക്കാൾ ആടിനെ സ്വന്തമാക്കാൻ നിനക്ക് ലഭിച്ച കഴിവുകൾ ഉപയോഗിക്കുക. അതുവഴി ആത്മസംതൃപ്തമായ ജീവിതം ലഭിക്കും. മാനവസേവ മാധവ സേവയായി' പരിണമിക്കും. ബസാലേലിന്റെ ചോദ്യത്തിനു മുമ്പിൽ ഉത്തരമായി മനസ്സിൽ വന്നു നിറയുക ഇപ്രകാരമാണ്. "എല്ലാം അവനുവേണ്ടി: അവനുവേണ്ടി നൽകുന്നതൊന്നും പാഴാവുകയില്ല. അതിനവൻ അനുവദിക്കുകയില്ല. അവനുവേണ്ടി കൂകിയ പൂവൻകോഴിപോലും ഇന്നും ഓർമ്മിക്കപ്പെടുന്നുണ്ട്." സ്വവിളിയെ സംശയിക്കുന്ന ബസാലേലിനോട് ഹോസിയ പറയുന്നു. ''കയ്യിലിരിക്കുന്ന കളിപ്പാട്ടങ്ങളുടെ മൂല്യമറിയാതെ, നിറമുള്ളതും കൗതുകമുളവാക്കുന്നതുമായ എന്തിനെങ്കിലുംവേണ്ടി ഏറ്റവും വിലപിടിപ്പുള്ളതുപോലും കൈമാറുകയും അല്പംകഴിഞ്ഞ് നഷ്ടമായതിന്റെ മൂല്യം തിരിച്ചറിഞ്ഞ് വിലപിക്കുകയും ചെയ്യുന്ന കൊച്ചുകുട്ടിയാണ് മനുഷ്യൻ.'' ജീവിതം നേട്ടങ്ങളുടേയും ജയങ്ങളുടേയും ഉപേക്ഷകളുടേയും പൊരുത്തപ്പെടലുകളുടേതുമാണ്. ഉപേക്ഷിക്കുന്നതിനെപ്പറ്റിയുള്ള അവബോധമാണ് തിരഞ്ഞെടുപ്പ് ശ്രേഷ്ഠമാക്കുന്നത്.

പരിസമാപ്തിയിൽ ഒരേ ഒരു പ്രാർത്ഥന
'വിത്തോ ഞാൻ വളമോ ഞാൻ
വയലോ ഞാൻ വയലിൽ വിളയും വിളവോ ഞാൻ
ഇതിലേതുമായ്ക്കൊള്ളട്ടെ
അല്ലെങ്കിലെന്തുമായിക്കൊള്ളട്ടെ.
വിളവെല്ലാം തിന്നുന്ന വെറിയനല്ലാഞ്ഞാൽ
മതിയാർന്നു!

*(കുഞ്ഞുണ്ണിമാഷ്)*

*പുരോഹിതൻ ദിവ്യകുഞ്ഞാടിനെ സ്പർശിക്കുന്നു.*
*അതിന്റെ പരിശുദ്ധമായ മാംസം ഭക്ഷിക്കുന്നു.*
*അക്കാരണത്താൽ പുരോഹിതൻ*
*ദൈവദൂതർക്ക് തുല്യമായ വിശുദ്ധി പരിശീലിക്കുന്നു.*

*- കാസിയൻ*

www.malankaralibrary.com

# ദൈവത്തിനായി വിളിക്കപ്പെട്ടവൻ

**രാജാ ഫ്രാൻസിസ് & അനു ഫ്രാൻസിസ്**
(രെഞ്ചു ഫ്രാൻസിസ് അച്ചന്റെ മാതാപിതാക്കൾ)

"കർത്താവായ ദൈവമേ അവിടുന്ന് എന്നെ ഈ നിലയിൽ എത്തിക്കാൻ, ഞാനോ എന്റെ കുടുംബമോ എന്തുള്ളു" (1 ദിനവൃത്താന്തം 17:16)

ഞങ്ങളുടെ മകൻ രെഞ്ചു ഫ്രാൻസിസ് ഒ.ഐ.സി ദൈവകൃപയാൽ തിരുപ്പട്ടം സ്വീകരിക്കുന്ന ഈ അനുഗ്രഹ വേളയിൽ, സ്വർഗം അതിനായി അവനെ തിരഞ്ഞെടുത്തതിന് ഈശോയ്ക്കും, പരിശുദ്ധ അമ്മയ്ക്കും ഒരായിരം നന്ദി അർപ്പിക്കുന്നു. ''ഞാൻ എന്തായിരിക്കുന്നുവോ അത് ദൈവകൃപയാലാണ്" (1 കോറിന്തോസ് 15:10) ജീവിതത്തിലെ കുറവുകളും, ബലഹീനതകളും കണക്കിലെടുക്കാതെ, അനേകരിൽനിന്ന് ഞങ്ങളുടെ മകനെ തിരഞ്ഞെടുത്ത് പൗരോഹിത്യ ശുശ്രൂഷ ചെയ്യാനും, അനേകർക്ക് പ്രകാശമാകുവാനുംവേണ്ടി, ഈശോ തന്റെ ശിഷ്യന്മാരുടെ കൂട്ടത്തിൽ ഒരുവനായി ചേർത്തതിന് എത്ര നന്ദി പറഞ്ഞാലും മതിയാവില്ല.

ചെറുപ്പം മുതലുള്ള പ്രാർത്ഥനാ ജീവിതവും, ദേവാലയ ശുശ്രൂഷയിലുള്ള താല്പര്യവും, ഈശോയുടെ ഈ വഴികളിലേക്ക് അവനെ നയിച്ചു. ബാല്യകാലം മുതലേ ബഥനി സ്കൂളിലെ വിദ്യാഭ്യാസവും, സന്ന്യാസ സമൂഹത്തിലെ വൈദികരും, സിസ്റ്റേഴ്സും ആയുള്ള അടുപ്പവും അവരുടെ കരുതലും സ്നേഹവും, അവനെ വളരെ അധികം സ്വാധീനിച്ചു. സ്കൂൾ വിദ്യാഭ്യാസശേഷം, ഞാൻ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവനാണ്, എനിക്കും ഒരു സന്ന്യാസ വൈദികനായി ബഥനിയിൽ ശുശ്രൂഷ ചെയ്യണം എന്ന ആഗ്രഹം അന്നത്തെ വികാരി അച്ചനോടു പറയുകയും, ആ ആഗ്രഹം അച്ചൻ മാതാപിതാക്കളായ ഞങ്ങളെ അറിയിക്കുകയും ദൈവത്തിനു നന്ദി പറഞ്ഞുകൊണ്ട്, ദൈവീകപദ്ധതി ആണെന്നുള്ള ബോധ്യത്തോടുകൂടി, സന്തോഷത്തോടും പ്രാർത്ഥനയോടുംകൂടെ ഞങ്ങൾ അത് സ്വീകരിക്കുകയും ചെയ്തു. "മാതാവിന്റെ ഉദരത്തിൽ നിനക്ക് രൂപം നൽകുന്നതിനു മുമ്പേ ഞാൻ നിന്നെ അറിഞ്ഞു. ജനിക്കുന്നതിനുമുമ്പേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു" (ജെറമിയ 1:5).

ഈ നിമിഷംവരെ സ്നേഹത്തോടെ, പ്രാർത്ഥനയോടെ കൈപിടിച്ചു വളർത്തി, ദൈവം ഒരുക്കിവച്ചിരുന്ന ഈ വലിയ നിധി സ്വീകരിക്കുവാൻ വേണ്ടി ഈശോയുടെ ബലിപീഠത്തിങ്കലേക്കു അടുപ്പിച്ച എല്ലാ വൈദികരെയും സിസ്റ്റേഴ്സിനേയും നന്ദിയോടെ ഓർക്കുന്നു. പ്രത്യേകിച്ച് പൗരോഹിത്യ ജീവിതത്തിലേക്ക് കൈപിടിച്ച് വളർത്തിയ ബഥനി സന്ന്യാസ സമൂഹത്തെയും, സഹോദരീ സഹോദരങ്ങളേയും നിത്യം പ്രാർത്ഥനയിൽ ഓർത്ത ഇടവക കൂട്ടായ്മയേയും, അറിവിന്റെ വെളിച്ചം പകർന്നു നൽകിയ എല്ലാ അധ്യാപകരേയും ബന്ധുമിത്രാദികളേയും നല്ലവരായ സ്നഹിതരെയും ഇത്തരുണത്തിൽ പ്രത്യേകം നന്ദിയോടെ ഓർക്കുന്നു.

തന്റെ ഭവനത്തിൽ ഉള്ളവർക്ക് കൃത്യസമയത്തു ഭക്ഷണം കൊടുക്കാൻ യജമാനൻ നിയോഗിച്ച വിശ്വസ്തനും, വിവേകിയുമായ ഭൃത്യനെപ്പോലെ ദൈവസന്നിധിയിൽ നിലനിൽക്കുവാനുള്ള കൃപ ഞങ്ങളുടെ മകന് ദൈവം നൽകട്ടെ എന്ന് ആശംസിക്കുന്നു.

www.malankaralibrary.com

# താലന്തുകളെ അനുഗ്രഹമാക്കിയ രെഞ്ചുവച്ചൻ

ബ്രദർ ജിബിൻ സക്കറിയ ഒ.ഐ.സി.

ബഥനി തന്റെ മക്കളുടെ സന്തോഷത്തിൽ എന്നും ആനന്ദം കൊള്ളുകയാണ്. “നിങ്ങൾ ലോകമെങ്ങും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ” (മർ. 16:15) എന്ന് പറഞ്ഞ ക്രിസ്തുനാഥന്റെ വാക്കുകൾക്ക് മുമ്പിൽ അടിപതറാതെ മുന്നോട്ടു നീങ്ങി... സ്വന്തംമക്കളെ അതിനുവേണ്ടി ആത്മീയമായി ഒരുക്കുമ്പോൾ... ബഥനി അനുദിനം സന്തോഷിക്കുകയാണ്. ഈ വേളയിൽ ബഹു.രെഞ്ചു അച്ചൻ കർത്താവിന്റെ ബലിപീഠത്തിങ്കലേയ്ക്ക് വിളിക്കപ്പെടുമ്പോൾ സഹോദരങ്ങളായ ഞങ്ങൾക്ക് ദൈവതിരുമുമ്പിൽ കൃതജ്ഞത മാത്രം.

മിശിഹാനുകരണ സന്ന്യാസസമൂഹത്തിൽ രെഞ്ചുഅച്ചന്റെ കാലുകൾ പതിഞ്ഞിട്ട് പന്ത്രണ്ടുവർഷം പിന്നിടുകയാണ്. 1-6-2011 ൽ ആയിരുന്നു രെഞ്ചു അച്ചൻ തന്റെ സന്ന്യാസ പുരോഹിതജീവിത സ്വപ്നവുമായി കടന്നുവരുന്നതും, അർത്ഥിയായി പ്രവേശിക്കുന്നതും. തുടർന്ന് 2012-’13 കാലയളവിൽ ഹയർ സെക്കൻഡറി പഠനം നൂജിബാലത്തിലാ, നിർമ്മൽ ബഥനി എന്നീ പഠനഗൃഹങ്ങളിൽ വിജയകരമായി പൂർത്തിയാക്കി. മൂന്നുവർഷത്തെ ആത്മീയവും, ബൗദ്ധികവുമായ ഒരുക്കങ്ങൾക്ക് ശേഷം 19-11-2014 ന് ആലുവ ധർമ്മശിഷ്യാശ്രമത്തിൽ ധർമ്മശിഷ്യ അർത്ഥിയായി പ്രവേശിക്കുകയും 02-01-2016 ന് ആദ്യവ്രതാനുഷ്ഠാനം നടത്തി തന്നെതന്നെ ദൈവത്തിനു പ്രതിഷ്ഠിക്കുകയും ചെയ്തു. തുടർന്ന്, 2016-2018 വർഷങ്ങളിൽ തത്വശാസ്ത്ര പഠനവും, 2019 വർഷത്തിൽ തന്റെ റീജൻസി കാലയളവ് തിരുവല്ല, ദേശം എന്നീ ആശ്രമങ്ങളിൽ പൂർത്തിയാക്കുകയും, 2020-2022 വർഷങ്ങളിൽ തന്റെ ദൈവശാസ്ത്ര പഠനം പൂന ജ്ഞാനദീപ അത്തനേയത്തിലും, ബഥനി വേദവിജ്ഞാന പീഠത്തിലും വിജയകരമായി പൂർത്തിയാക്കുകയും ചെയ്തു. 29-12-21 ൽ ആയിരുന്നു രെഞ്ചുഅച്ചന്റെ നിത്യസന്ന്യാസവ്രതവാഗദാനം നടന്നത്.

സന്ന്യാസ ജീവിതത്തിൽ തീർത്തും വ്യത്യസ്തമായ തുടക്കം ആയിരുന്നു രെഞ്ചു അച്ചന്. തന്റെ ആദ്യവർഷ പരിശീലന സമയങ്ങളിൽ ഒറ്റയ്ക്കായിരുന്നെങ്കിലും, സന്ന്യാസജീവിതത്തിന്റെ അർത്ഥവും വ്യാപ്തിയും, സമർപ്പണവും അദ്ദേഹം ജീവിതത്തിൽ സ്വാംശീകരിച്ചിരുന്നു എന്നത് അഭിനന്ദനമർഹിക്കുന്നതാണ്. ബഹു. രെഞ്ചു അച്ചനെ ഞാൻ കൂടുതലായി അടുത്ത് അറിയുന്നത് എന്റെ ധർമ്മശിഷ്യ കാലയളവിലാണ്. തീർത്തുംവ്യത്യസ്തനായവ്യക്തി... താലന്തുകൾ ദൈവീകശുശ്രൂഷകളിലേക്ക് പകർന്നുകൊടുക്കുവാൻ ആഗ്രഹിച്ച വ്യക്തിത്വം. വ്യത്യസ്തമായ കഴിവുകൾ കൊണ്ട് നാമേവരും അനുഗ്രഹിക്കപ്പെട്ടവരാണ്. എന്നാൽ, രെഞ്ചു അച്ചനെ വ്യത്യസ്തനാക്കുന്നത് കഴിവുകളിലെ പൂർണ്ണതയാണ്. പഠനമേഖലകളിൽ ആണെങ്കിലും, കലാസാഹിത്യപരമായ മേഖലകളിൽ പ്രത്യേകിച്ച് സംഗീതത്തിന്റെ മേഖലകളിലും പ്രകടമാകുന്ന പൂർണ്ണത ഏവരേയും അമ്പരിപ്പിക്കുന്ന ഒന്നുതന്നെയാണ്. എല്ലാവരോടും വളരെ സ്നേഹത്തോടുകൂടി മാത്രം ഇടപഴകുന്ന രെഞ്ചുഅച്ചന്റെ ലളിതജീവിതവും, സുകൃത പ്രവർത്തനങ്ങളും സന്ന്യാസ

www.malankaralibrary.com

ജീവിതത്തിന്റെ ഔന്നത്യത്തെ പ്രകടമാക്കുന്നു. അനേകർക്ക് രെഞ്ചു അച്ചന്റെ ഈ താലന്തുകളിലൂടെ ക്രിസ്തുവിനെ ദർശിക്കുവാനും, അനുഭവിക്കുവാനും സാധിക്കട്ടെ എന്ന് പ്രത്യേകം പ്രാർത്ഥിക്കുന്നു.

സന്ന്യാസജീവിതത്തിലും, പൗരോഹിത്യജീവിതത്തിലും അനുഗ്രഹത്തിന്റെയും, വിശുദ്ധിയുടെയും കാന്തി പരത്തുവാൻ അച്ചന് സാധിക്കട്ടെ...

ദൈവത്തിന്റെ അളവില്ലാത്ത സ്നേഹത്തിന്റെ പര്യായമായ പൗരോഹിത്യം എന്ന ശുശ്രൂഷയിലേക്ക് പ്രവേശിക്കുന്ന ബഹു. രെഞ്ചു അച്ചന് എല്ലാവിധ അനുഗ്രഹങ്ങളും, പ്രാർത്ഥനാമംഗളങ്ങളും നേരുന്നു.

*ആത്മീയ നയനങ്ങളാൽ നിന്നെ കാണുവാനായി എനിക്ക് കണ്ണുകൾ തരണമെ. ഞാൻ സ്വയം വിസ്മരിച്ച് നിന്നെമാത്രം സ്മരിക്കുമാറാകണമെ. എന്റെ ആന്തരിക നയനങ്ങൾക്ക് മുമ്പിൽ നീ മാത്രം ചിത്രീകരിക്കപ്പെടണമേ. മഹോന്നതങ്ങളിൽ നിന്ന് പരിശുദ്ധ റൂഹാ നിന്റെ ദിവ്യരഹസ്യങ്ങളിൽ ഇറങ്ങിവരുന്ന ഈ സമയത്ത് ഭൂമിയിൽ നിന്ന് ഞാൻ ആത്മാവിൽ സ്വർഗത്തിലേക്ക് കരേറുമാറാകണമേ.*

വി. കുർബ്ബാന തക്സ

*ഭൂമിയിലെ ദൈവമാണ് പുരോഹിതർ*
*- വി.ക്ലമന്റ്-*

*പുരോഹിതർ ദൈവത്തിന്റെ വിലപ്പെട്ട ഉറ്റ ചങ്ങാതിമാരാണ്*
*- വി. സിറിൾ -*

*രാജകീയ ഭവനത്തിലെ കാര്യസ്ഥൻ പുരോഹിതൻ*
*- വി.പ്രോസ്പർ -*

www.malankaralibrary.com

# A Priest of my Light

Fr Renju Francis OIC

*Many who love to dream*
*Do dream well in the night*
*These dreams that make us gleam*
*But doesn't seem so right*

*But I dream of that day*
*In the day and in the night*
*Of the day that I would become*
*A Priest of my Light*

*My light is my Lord*
*My soul and my whole*
*My dream is to build*
*His kingdom as a whole*

*The sinners too are served*
*And fed in His sight*
*The wicked too may turn*
*And thus my hope is right*

*I hope that he would make*
*And keep me by His side*
*I dream that He would take*
*All that is called mine*

*No more do I want*
*To be myself any more*
*All I want even more*
*Is to be His and forever more*

*I was born with His love*
*I was nourished by His grace*
*I am filled with His joy*
*With His body, that I ate*

*My dream is not to become*
*Like Him anymore;*
*My dream is to become*
*Fully Himself and nothing more*

*What else can I do*
*For Him who love me so*
*Than be His Priest*
*For His love in me to grow*

www.malankaralibrary.com

# എത്ര സമുന്നതം ഈ പൗരോഹിത്യം...

**ബഥനി സിസ്റ്റേഴ്സ്, കല്ലുമല**

വിളിയും തിരഞ്ഞെടുപ്പും ദൈവത്തിന്റെ പ്രത്യേക ദാനമാണ്. ഇസ്രായേലിൽ നിന്നും പൗരോഹിത്യ ശുശ്രൂഷയ്ക്കായി പ്രത്യേകം തെരഞ്ഞെടുത്ത ലേവ്യരോട് ദൈവം അരുളിച്ചെയ്തു.

പൗരോഹിത്യ ശുശ്രൂഷ നിങ്ങൾക്കുള്ള ദാനമാണ് (സംഖ്യ 17:7). ദൈവത്തെ അവകാശവും ഓഹരിയും (സംഖ്യ 18:20) സമ്പാദ്യവുമാക്കിയുള്ള... ഒരു ജീവിത സമർപ്പണമാണ് ഓരോ പുരോഹിതന്റേതും.

സുവിശേഷപ്രഘോഷണം, കൂദാശകളുടെ പരികർമ്മം, അജപാലനം എന്നീ ശുശ്രൂഷകളിലൂടെ പഠിപ്പിക്കുക, വിശദീകരിക്കുക, നയിക്കുക എന്നീ ധർമ്മങ്ങൾ നിർവഹിക്കുവാൻ വേണ്ടിയാണ് ഓരോ പുരോഹിതനും അഭിഷേകം ചെയ്യപ്പെടുന്നത്.

അവൻ മലമുകളിലേക്ക് കയറി തനിക്ക് ഇഷ്ടമുള്ളവരെ അടുത്തേക്ക് വിളിച്ചു. അവർ അവന്റെ സമീപത്തേക്ക് ചെന്നു. തന്നോട് കൂടിയായിരിക്കുന്നതിനും പ്രസംഗിക്കാൻ അയക്കുന്നതിനും പിശാചുക്കളെ ബഹിഷ്ക്കരിക്കാൻ അധികാരം നൽകുന്നതിനുമായി അവൻ 12 പേരെ നിയോഗിച്ചു (മർക്കോ 3:13-15).

ഓരോ പുരോഹിതനും ദൈവസ്നേഹത്തിന്റെ അടയാളമാണ് തന്റെ ശിഷ്യനാകാനുള്ള ഈ വിളിക്ക് പ്രത്യുത്തരം നൽകുന്ന ഓരോ വ്യക്തിയും തന്റെ ജനത്തിന് ദൈവം നൽകുന്ന വലിയ സമ്മാനമാണ്. "ദൈവത്താൽ വിളിക്കപ്പെടുകയല്ലാതെ ആരും സ്വയം ഈ ബഹുമതി ഏറ്റെടുക്കുന്നില്ല" (ഹെബ്രാ 5:4).

ദൈവപുത്രൻ പുരോഹിതന്റെ കയ്യിൽ പ്രത്യക്ഷപ്പെടുമ്പോൾ മനുഷ്യൻ പേടിച്ച് വിറക്കുകയും ലോകം പ്രകമ്പനം കൊള്ളുകയും, സ്വർഗ്ഗരാജ്യത്തിലാകെ അതിശക്തമായ ചലനം ഉണ്ടാക്കുകയും വേണം (വിശുദ്ധ ഫ്രാൻസിസ് അസീസി). 'മാലാഖമാരുടെ പരിശുദ്ധിയും വിശുദ്ധ സ്നാപകയോഹന്നാന്റെ പരിപൂർണതയും ഉണ്ടായിരുന്നാലും ഈ കൂദാശ സ്വീകരിക്കാനോ പരികർമ്മം ചെയ്യാനോ മനുഷ്യൻ യോഗ്യനല്ല' (ക്രിസ്താനുകരണം).

പുരോഹിതന്റെ ആജ്ഞാനുസരണം എല്ലാ ദിവസവും ഈശോ ബലിപീഠത്തിൽ ഇറങ്ങി വരുന്നു.

'ക്രിസ്തുവിന്റെ ശരീരവും രക്തവും കൂദാശ ചെയ്യാനും പരികർമ്മം ചെയ്യാനും മാലാഖമാരുടെ അപ്പം ഭക്ഷിക്കാനും മനുഷ്യന് സാധിക്കുന്നത് സ്വന്തം യോഗ്യത കൊണ്ടല്ല. ഇത് എത്ര മഹാരഹസ്യം... പുരോഹിതന്റെ സ്ഥാനം എത്ര സമുന്നതം... മാലാഖമാർക്ക് നൽകപ്പെടാത്തത് പുരോഹിതർക്ക് നൽകപ്പെട്ടിരിക്കുന്നു (ക്രിസ്താനുകരണം).

മാതാവ് ഈശോയെ ഒരുതവണ ലോകത്തിന് നൽകിയെങ്കിൽ വൈദികൻ എല്ലാ ദിവസവും ഈശോയെ നൽകുന്നു (വിശുദ്ധ അൽഫോൻസ് ലിഗോരി).

www.malankaralibrary.com

ഞാൻ വന്നിരിക്കുന്നത് അവർക്ക് ജീവനുണ്ടാകാനും അതു സമൃദ്ധമായി ഉണ്ടാകാനുമാണ് (യോഹ.10:10). മനുഷ്യവംശത്തെ പാപമാലിന്യത്തിൽ നിന്നു വിമലീകരിച്ച് ജീവൻ പ്രദാനം ചെയ്യാൻ കാൽവരിയുടെ നെറുകയിൽ സുഗന്ധ ധൂപമായി... 'തന്നെത്തന്നെ അർപ്പിച്ചുകൊണ്ട് എന്നേക്കുമായി ഒരിക്കൽ മാത്രം ബലിയർപ്പിച്ച്' (ഹെബ്രാ 7:27). യേശുവിനെ സ്വന്തമാക്കുവാൻ... പ്രാർത്ഥനയിൽ ഉറ്റിരുന്ന തപസ്സിൽ ശക്തിപ്പെട്ട് വിശുദ്ധിയിൽ ജീവിച്ച് രക്തം ചിന്താതെയുള്ള ധവള രക്തസാക്ഷിത്വത്തിലൂടെ... പരിപൂർണ്ണമായ ത്യാഗത്തിലൂടെ... സഭയെ ജീർണതകളിൽ നിന്ന് രക്ഷിക്കാൻ ദൈവം നിയോഗിച്ചവരാണ് ഓരോ സന്യസ്തനും.

ദൈവസേവനത്തേക്കാൾ അത്യുത്തമം ദൈവസമ്പാദനം എന്ന് ധ്യാനപ്രണിധാനത്തിലൂടെ തിരിച്ചറിഞ്ഞ്... ദൈവസേവനത്തിനായി മാർ ഈവാനിയോസ് പിതാവിനാൽ സ്ഥാപിതമായ ബഥനിയുടെ ജോബ് അച്ചൻ ആരംഭിച്ച ഈ വെട്ടിയാർ ഇടവക കൂട്ടായ്മ പ്ലാറ്റിനം ജൂബിലി ആഘോഷിക്കുമ്പോൾ ബഥനി അച്ചന്മാരുടെ ആധ്യാത്മിക നേതൃത്വത്തിൽ വിരിഞ്ഞുവന്ന ആറാമത്തെ പുഷ്പം ആണ്. പൗരോഹിത്യത്തിന്റെ ദീപം വഹിക്കാൻ അഭിഷേകം ചെയ്യപ്പെടുന്ന ബഹുമാനപ്പെട്ട ഡീക്കൻ അനൂപ്.

മാവേലിക്കര കറ്റാനം വൈദിക ജില്ലകൾ വിഭജിക്കപ്പെടുന്നതിനുമുമ്പ് മാവേലിക്കര വൈദികജില്ലയിലെ ഏകദേശം 32 ഇടവകകളിലെ യുവജനങ്ങൾക്ക് ശക്തമായ നേതൃത്വം കൊടുത്ത യുവ നേതാവായിരുന്നു ഡീക്കൻ അനൂപ്. മാവേലിക്കര വൈദിക ജില്ലയുടെ പ്രസിഡന്റായി സൗമ്യതയോടും പക്വതയോടും കർമ്മകുശലതയോടുംകൂടി തന്റെ ഉത്തരവാദിത്വങ്ങൾ നിർവഹിക്കുമ്പോഴാണ് ദൈവത്തിന്റെ പ്രത്യേകമായ വിളിയ്ക്ക് പ്രത്യുത്തരം നൽകുന്നത്. ലാളിത്യമാർന്ന പെരുമാറ്റവും... ദൈവത്തിങ്കലേക്ക് ഏവരേയും അടുപ്പിക്കുന്ന ആത്മചൈതന്യവും... ദൈവഭക്തിയും, ആത്മീയ ഉണർവ്വും പ്രദാനം ചെയ്യുന്ന പ്രാർത്ഥനാ ജീവിതവും ഏവർക്കും മാതൃകയും ദൈവസാന്നിധ്യം പ്രദാനം ചെയ്യുന്നതുമാണ്.

അനാഥരും അസ്വസ്ഥരുമായ തന്റെ ജനത്തോടുള്ള ദൈവത്തിന്റെ കരുണയുടെ മുഖമാണ് ഓരോ സമർപ്പിതനും. ജനക്കൂട്ടത്തെ കണ്ടപ്പോൾ യേശുവിന് അവരുടെമേൽ അനുകമ്പ തോന്നി. അവൻ ശിഷ്യന്മാരോട് പറഞ്ഞു വിളവധികം വേലക്കാരോ ചുരുക്കം. അതിനാൽ തന്റെ വിളഭൂമിയിലേക്ക് വേലക്കാരെ അയക്കാൻ വിളവിന്റെ നാഥനോട് പ്രാർത്ഥിക്കുവാൻ (മത്താ 10:36-37).

ഇന്ന് അഭിഷേകം ചെയ്യപ്പെടുന്ന ഈ മകൻ സ്വമനസ്സാലെ തെരഞ്ഞെടുത്തിരിക്കുന്ന സന്ന്യാസ പൗരോഹിത്യത്തിന്റെ ഈ ജീവിതാന്തസ്സ് ദൈവസ്നേഹനിർഭരമായ ഒരു ദാനമാണ്. യേശുതമ്പുരാൻ തന്റെ ഉപമയിൽ സൂചിപ്പിച്ചതുപോലെ വയലിൽ മറഞ്ഞിരിക്കുന്ന വലിയ നിധികണ്ട് തനിക്കുള്ളതെല്ലാം വിറ്റ് ആ വയൽ വാങ്ങിയ മനുഷ്യന്റെ വിവേകം എപ്പോഴും ഹൃദയത്തെ ഭരിക്കട്ടെ. ദൈവം അച്ചനെ നിരന്തരം ബലപ്പെടുത്തട്ടെ. നീതിസൂര്യനായ ക്രിസ്തുവിൽ നിന്ന് പ്രഭ ഉൾക്കൊണ്ട് തന്റെ പൗരോഹിത്യത്തിൽ പ്രശോഭിക്കുവാൻ അച്ചന് സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

കല്ലുമല ബഥനി കുടുംബത്തിന്റെ സ്നേഹാശംസകൾ!

പ്രാർത്ഥനാമഞ്ജരികൾ!!

www.malankaralibrary.com

# നന്ദി നിറഞ്ഞ ഹൃദയത്തോടെ...

**അനിയൻ & അമ്പിളി**
(അനൂപ് അച്ചന്റെ മാതാപിതാക്കൾ)

"കർത്താവിന്റെ ദാനമാണ് മക്കൾ; ഉദരഫലം ഒരു സമ്മാനവും" (സങ്കീ.127:3)

ഞങ്ങൾക്ക് രണ്ട് മക്കളാണ്. മൂത്തമകനായി അനൂപ് വി. അനിയൻ ജനിച്ചു. ഇളയത് അമല ആർ. അനിയൻ എന്ന മകളാണ്.

ഞങ്ങളുടെ മകൻ പരിശുദ്ധാത്മ പ്രേരിതനായി പൗരോഹിത്യശുശ്രൂഷാജീവിതം തെരഞ്ഞെടുത്തതിൽ ഞങ്ങൾ ഏറെ സന്തോഷിക്കുകയും അഭിമാനിക്കുകയും ചെയ്യുന്നു. ദൈവമുമ്പാകെ ദൈവജനത്തിനുവേണ്ടി പൗരോഹിത്യം സ്വീകരിക്കുമ്പോൾ ദൈവത്തിനു ഞങ്ങൾ ആയിരമായിരം നന്ദിയും കൃതജ്ഞതാ സ്തോത്രവും അർപ്പിക്കുന്നു. എന്തെന്നാൽ ശക്തനായവൻ വലിയ കാര്യങ്ങൾ ഞങ്ങളിൽ പ്രവർത്തിച്ചിരിക്കുന്നു.

അനൂപ് ചെറുപ്പംമുതലേ ദേവാലയ ശുശ്രൂഷയിലും സൺഡേസ്കൂളിലും അൾത്താര ബാലനായും യുവജന പ്രസ്ഥാനത്തിലെ സജീവസാന്നിദ്ധ്യമായും ബഹുമാനപ്പെട്ട അച്ചന്മാർക്കും സിസ്റ്റേഴ്സിനും ഇടവകാംഗങ്ങൾക്കും ഇഷ്ടമായ രീതിയിൽ ഇടവകയിലെ എല്ലാ കാര്യങ്ങളിലും താൽപര്യപൂർവ്വം സംബന്ധിക്കുകയും ചെയ്തിരുന്നു.

ഞങ്ങളുടെ മകൻ പൗരോഹിത്യത്തിലേക്ക് പ്രവേശിക്കുന്ന ഈ വേളയിൽ ഞങ്ങളുടെ ഹൃദയത്തിലേക്ക് കടന്നുവരുന്നത് ഞങ്ങളുടെ വത്സലപിതാവിന്റെ (അനൂപിന്റെ വല്ല്യപ്പച്ചന്റെ) മുഖമാണ്. കാരണം ഏതാണ്ട് മൂന്നുവയസ്സുപ്രായം ഉള്ളപ്പോൾ മുതൽ ദേവാലയത്തിലെ ആത്മീയകാര്യങ്ങളിൽ മകനെ പങ്കെടുപ്പിക്കുകയും കൂടുതൽ താൽപ്പര്യത്തോടെ വളർത്തുകയും ചെയ്തത് പ്രിയ അപ്പച്ചനാണ്.

എല്ലാ വർഷവും ബഥനിയിലെ ശെമ്മാശന്മാർ നടത്തുന്ന TOC ക്യാമ്പിൽ സ്ഥിരമായി ഞങ്ങളുടെ മകൻ പങ്കെടുക്കുമായിരുന്നു. അപ്പോഴൊക്കെ തനിക്ക് വൈദികനാകാനുള്ള ആഗ്രഹം മകൻ പങ്കുവച്ചിരുന്നെങ്കിലും ഞങ്ങളുടെ ഏകമകൻ എന്നതിൽ ഞങ്ങൾ മകന് ആദ്യം പിന്തുണ നൽകിയില്ല. പിന്നീട് തന്റെ ബിരുദപഠനത്തിനുശേഷവും തന്റെ തീരുമാനത്തിൽ ഉറച്ചു നിൽക്കുകയും, ഇത് അന്നത്തെ ഇടവക വികാരിയായിരുന്ന ബഹു.അലോഷ്യസ് കരിമരത്തിനാൽ ഒ.ഐ.സി. അച്ചനെ അറിയിക്കുകയും അച്ചൻ വീട്ടിൽ വന്ന് ഞങ്ങളോടു സംസാരിക്കുകയും ചെയ്തു. അതുകേട്ടപ്പോൾ ഒരുപാട് വിഷമം തോന്നിയെങ്കിലും മകന്റെ ഇഷ്ടം അതാണെങ്കിൽ അങ്ങനെയാകട്ടെയെന്ന് ഞങ്ങളും തീരുമാനിച്ച് ദൈവഹിതത്തിന് വിട്ടുകൊടുത്തു. 2014 ജൂൺ 4-ാം തീയതി നാലാഞ്ചിറ ബഥനി ആശ്രമത്തിൽ മകനെ കൊണ്ടുവിട്ടിട്ട് വന്നപ്പോൾ ഹൃദയം വല്ലാതെ തേങ്ങി. എങ്കിലും തമ്പുരാന്റെ വിളിയിൽ വിശ്വസിച്ച് ഇന്നും പ്രാർത്ഥനയോടെ മനസ്സറിഞ്ഞ് മുൻപോട്ട് പോകുന്നു.

www.malankaralibrary.com

അനൂപിന് വിദ്യാഭ്യാസം കൊടുത്ത അധ്യാപകരെയും കൂടെ പഠിച്ച എല്ലാ സഹപാഠികളെയും നന്ദിയോടെ ഓർക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഞങ്ങളുടെ ഇടവകയെ നീണ്ട 73 വർഷങ്ങൾ നയിച്ചത് ബഥനി സന്ന്യാസ സമൂഹമാണ്. ആ സന്ന്യാസ സമൂഹത്തിന്റെ ആത്മീയവും ഭൗതികവുമായ പ്രവർത്തനങ്ങളിൽ പ്രചോദനം ഉൾക്കൊണ്ടുകൊണ്ടാണ് മകൻ ഈ ദൈവവിളിയിലേക്ക് വളർന്നത്. ഞങ്ങളുടെ മകനെ സ്വീകരിച്ച് സന്ന്യാസത്തിന്റെ പാഠങ്ങൾ പഠിപ്പിച്ച് വളർത്തിയ ബഥനി സന്ന്യാസി സമൂഹത്തിനോടും അവിടുത്തെ എല്ലാ സന്ന്യാസാംഗങ്ങളോടുമുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു.

പൗരോഹിത്യ ജീവിതത്തിലേക്ക് വിളിക്കപ്പെടുമ്പോൾ അവിടുത്തെ മുന്തിരിത്തോപ്പിൽ അവിടുത്തോട് ചേർന്ന് വേല ചെയ്യുവാനും ലോകത്തിന്റെ പ്രലോഭനങ്ങളിൽ വീഴാതെ "ദൈവസേവനത്തേക്കാൾ അത്യുത്തമം ദൈവസമ്പാദനം" എന്ന ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ആപ്തവാക്യം ഹൃദയത്തിൽ സൂക്ഷിച്ച് ദൈവകൃപയിൽ ജീവിക്കുവാൻ ഞങ്ങളുടെ പ്രിയപ്പെട്ട മകനും അവനൊപ്പം പട്ടം സ്വീകരിക്കുന്ന പ്രിയ മക്കൾ ഡെറിനും രഞ്ചുവിനും കഴിയട്ടെ എന്ന് ആശംസിക്കുകയും ചെയ്യുന്നു.

നാളിതുവരെ അനുഗ്രഹിച്ച പൊന്നുതമ്പുരാന് ഒരായിരം നന്ദി...

ഈ വർഷക്കാലങ്ങളിൽ പ്രാർത്ഥനയിലൂടെയും പ്രോത്സാഹനത്തിലൂടെയും മറ്റും അനുഗ്രഹിച്ച ഞങ്ങളുടെ എല്ലാ വൈദികരോടും സിസ്റ്റേഴ്സിനോടും ഇടവകാംഗങ്ങളോടും ബന്ധുമിത്രാദികളോടും മറ്റെല്ലാവരോടുമുള്ള നന്ദിയും സ്നേഹവും പ്രാർത്ഥനയും ഈ അവസരത്തിൽ അറിയിക്കുന്നു. തുടർന്നും പ്രാർത്ഥനയിൽ ഓർക്കണമേ...

*പുരോഹിതൻ ദൈവത്തെ ബഹുമാനിക്കണം. പുരോഹിതൻ യേശുവിന്റെ പീഡാനുഭവങ്ങളുടെ ഓർമ്മകൾ കൊണ്ടാടണം. പുരോഹിതൻ ആഗോള തിരുസഭയ്ക്ക് കൃപകളും വരദാനങ്ങളും സമ്പാദിക്കണം.*

*- വി. ബൊനവെഞ്ചുര*

www.malankaralibrary.com

# അൾത്താരയിലേയ്ക്ക് പ്രിയ അനൂപ് ശെമ്മാശൻ

**ബ്രദർ ജോൺ ബിബിൻ ദാസ് ഒ.ഐ.സി.**

ബഥനി സമൂഹത്തിനും കത്തോലിക്കാസഭയ്ക്കും ഇത് അഭിമാന നിമിഷം. ദൈവത്തോടൊപ്പം ആയിരിക്കാനും ദൈവജനത്തെ വിശുദ്ധിയിലേക്ക് നയിക്കാനും ദൈവത്താൽ തിരഞ്ഞെടുക്കപ്പെടുന്നവരാണ് ഓരോ പുരോഹിതനും. അതിവിശുദ്ധമായ ഈ പൗരോഹിത്യജീവിതം കഴിവിന്റെ പൂർണ്ണതയിൽ ജീവിക്കുവാൻ ഓരോ പുരോഹിതനും കടപ്പെട്ടിരിക്കുന്നു. ആത്മസമർപ്പണത്തിന്റെ പൂർണ്ണതയിൽ ദൈവജനത്തിന് ശുശ്രൂഷ ചെയ്യാൻ ദൈവവിളി സ്വീകരിച്ച ബഥനിയുടെ മൂന്ന് ശെമ്മാശന്മാർ ദൈവത്താൽ ശുശ്രൂഷാപൗരോഹിത്യത്തിലേയ്ക്ക് അഭിഷിക്തരാകുന്ന സുന്ദരനിമിഷമാണിന്ന്. ഈ സുന്ദരവേളയിൽ പ്രിയ ശെമ്മാശന്മാരെ പ്രാർത്ഥനയിൽ ഓർക്കുകയും എല്ലാവിധ മംഗളങ്ങൾ നേരുകയും ചെയ്യുന്നു.

മലങ്കരസുറിയാനി കത്തോലിക്കാ സഭയിലെ മാവേലിക്കര ഭദ്രാസനത്തിലെ വെട്ടിയാർ ഇടവകയിലെ അംഗമാണ് പ്രിയ ബഹുമാനപ്പെട്ട അനൂപ് അച്ചൻ. പക്വതയാർന്ന പെരുമാറ്റവും, സ്നേഹമായ വ്യക്തിത്വത്തിനുടമയുമായ അനൂപ് അച്ചൻ ചെറുപ്പം മുതലെ ദൈവവിളിയുടെ സ്വരം തിരിച്ചറിഞ്ഞിരുന്നു. പ്രാർത്ഥനയിലും കുർബാനയിലും സജീവമായി പങ്കെടുത്തിരുന്ന അച്ചൻ തന്റെ ഇടവകയിലെ സന്ന്യാസമിഷണറിമാരുടെ ജീവിതം അടുത്തറിയുകയും സന്ന്യാസജീവിതത്തോടും പൗരോഹിത്യത്തോടും പ്രത്യേക താൽപര്യം പ്രകടിപ്പിക്കുകയും, അടുത്തറിയാനുള്ള അവസരങ്ങൾ വിനിയോഗിക്കുകയുംചെയ്തു. അങ്ങനെ, സ്കൂൾ വിദ്യാഭ്യാസവും, ഡിഗ്രി പഠനവും വിജയകരമായി പൂർത്തിയാക്കിയ അനൂപ് ശെമ്മാശൻ 2014 ജൂൺ മാസം 4-ാം തീയതി നാലാഞ്ചിറ ദയറാ ആശ്രമത്തിൽ അർത്ഥിയായിചേർന്നു. സ്വന്തം ഇടവകയിലെ ജനങ്ങൾക്ക് ആകർഷകമായ സ്നേഹവും സമീപനവും, ആശ്രമത്തിൽ ഒപ്പമുണ്ടായിരുന്നവർക്കും നൽകാൻ അച്ചൻ എപ്പോഴും പരിശ്രമിച്ചിരുന്നു. 2015 ജൂൺ മാസം 18-ാം തീയതി പ്രീ നോവിഷ്യേറ്റ് പ്രവേശനം നേടി. 2016 ഡിസംബർമാസം 28-ാം തീയതി ആദ്യവ്രതവാഗ്ദാനത്തിലൂടെ തന്റെ ദൈവവിളിയുടെ തീക്ഷ്ണത വർദ്ധിപ്പിച്ചു. തുടർന്ന്, കോട്ടയം ജനറലേറ്റിൽ ആയിരുന്നുകൊണ്ട് പ്രീ ഫിലോസഫി പൂർത്തിയാക്കിയ അച്ചൻ തന്റെ തത്ത്വശാസ്ത്ര, ദൈവശാസ്ത്ര പഠനങ്ങൾക്കായി പൂനയിലേയ്ക്കും റീജൻസിക്കായി നാലാഞ്ചിറ പ്രൊവിൻഷ്യൽ ആശ്രമത്തിലേക്കും, അയയ്ക്കപ്പെട്ടു. അഭിനന്ദനാർഹമായ രീതിയിൽ റീജൻസിയും, പൂനയിലെ പഠനങ്ങളും പൂർത്തിയാക്കിയ അച്ചൻ സ്വയസിദ്ധമായ പല കഴിവുകൾ പ്രകടിപ്പിക്കുകയും ദൈവം തനിക്കു നൽകിയ അവസരങ്ങൾ ബഥനിയുടെ വളർച്ചയ്ക്കായി ഉപയോഗിക്കുകയും ചെയ്യുന്ന വ്യക്തിയാണ്.

ജീവിതത്തിലെ ഓരോ നിമിഷത്തെയും ഒരുചെറിയ പുഞ്ചിരിയോടെ സമീപിക്കുന്ന അനൂപ് അച്ചൻ മറ്റുള്ളവരിൽ നന്മ കണ്ടെത്തുകയും നന്മയെ പിന്തുണയ്ക്കുകയും ചെയ്യുന്നു. എല്ലാ ഉത്തരവാദിത്തവും ദീർഘ വീക്ഷണത്തോടും വിശ്വസ്തതയോടും ചെയ്യുന്ന പ്രിയ അച്ചന്റെ

www.malankaralibrary.com

തുടർന്നുള്ള കാൽവയ്പുകൾ ബഥനിയ്ക്കും ദൈവജനത്തിനും ധാരാളം നന്മകൾ കൈവരിക്കുന്ന വഴികൾ തുറക്കുമെന്ന് പ്രതീക്ഷിക്കാം.

ദൈവവിശ്വാസത്തിൽ ഉറച്ചു നിന്നുകൊണ്ട് ജീവിതം നയിച്ച അച്ചൻ പൂനയിലെ ഇടവകമിഷനിലെ സ്നേഹ ആദരവുകൾ നേടി, മുതിർന്നവരുടെയും യുവജനങ്ങളുടെയും കുട്ടികളുടെയും പ്രിയ സുഹൃത്തായും നല്ലൊരു മിഷണറിയുമായി തീർന്നു. പൂന ആശ്രമത്തിലെ ബീഡിൽ ആയി ഒരു വർഷക്കാലം ഞങ്ങളെ നയിച്ച ആ ഇന്നലെകളിലെ നന്മകളെ നന്ദിയോടെ ഓർക്കുന്നതിനോടൊപ്പം, തുടർന്നുള്ള ജീവിതവഴിയിൽ വിജയം നേടാൻ നല്ല അനുഭവങ്ങൾ പ്രചോദനമാകട്ടെ എന്നും ആശംസിക്കുന്നു. സ്വതസിദ്ധമായ തന്റെ സവിശേഷതയിലൂടെ മറ്റുള്ളവരെ ആകർഷിക്കുന്ന അച്ചൻ തന്റെ പ്രാർത്ഥനയിലൂടെയും ലളിതജീവിതത്തിലൂടെയും പ്രവർത്തനത്തിലൂടെയും ദൈവജനത്തിന് അനുഗ്രഹമായിതീരുമെന്നതിന് യാതൊരു സംശയവുമില്ല. അതോടൊപ്പം നല്ല പാട്ടുകാരൻ, പ്രസംഗകൻ, എഴുത്തുകാരൻ, കവി എന്നീ മേഖലകളിലും അച്ചന്റെ കഴിവുകൾ നമുക്ക് കാണാൻ സാധിക്കും. തന്നോടൊപ്പമായിരിക്കുന്നവരെ മനസ്സിലാക്കി സ്നേഹ സൗഹൃദം നൽകുന്ന പ്രിയഅച്ചന് അനേകരെ ദൈവത്തിങ്കലേയ്ക്ക് അടുപ്പിക്കാനും മറ്റുള്ളവർക്ക് പ്രചോദനാത്മകമായ ജീവിതം നയിക്കാനും കഴിയട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

സന്ന്യാസജീവിതത്തിലൂടെ ശുശ്രൂഷാപൗരോഹിത്യത്തിലേക്ക് പ്രവേശിക്കുന്ന പ്രിയ അനൂപ് അച്ചൻ എല്ലാവർക്കും അനുഗ്രഹമാകട്ടെയെന്ന് ആശംസിക്കുകയും എല്ലാവിധ സ്നേഹമംഗളങ്ങൾ നേരുകയും ചെയ്യുന്നു.

“നിങ്ങൾക്ക് ലഭിച്ച വിളിക്ക് യോഗ്യമായ ജീവിതം നയിക്കുവിൻ. പൂർണ്ണമായ വിനയത്തോടും ശാന്തതയോടും ദീർഘ ക്ഷമയോടുംകൂടെ നിങ്ങൾ സ്നേഹപൂർവ്വം അന്യോന്യം സഹിഷ്ണതയോടെ വർദ്ധിക്കുവിൻ” (എഫേ 4:2).

*മാലാഖമാർ വഴി പുരോഹിതൻ തന്റെ പ്രാർത്ഥനകൾ ദൈവത്തിങ്കലേക്ക് എത്തിക്കുന്നു. ദൈവജനം അവരുടെ പ്രാർത്ഥനകൾ പുരോഹിതരിലൂടെ സമർപ്പിക്കുന്നു.*

*വി. തോമസ് അക്വിനാസ്*

www.malankaralibrary.com

# സ്വപ്ന സാഫല്യത്തിന്റെ നിറവിൽ...

**ഫാ. അനൂപ് വി. അനിയൻ ഒ.ഐ.സി.**

"കർത്താവ് എന്റെ മേൽ ചൊരിഞ്ഞ അനുഗ്രഹങ്ങൾക്കു ഞാൻ എന്തു പകരം കൊടുക്കും? ഞാൻ രക്ഷയുടെ പാനപാത്രമുയർത്തി കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കും'' (സങ്കീ. 116:12-13)

ബാല്യനാളുകളിൽ എന്നോ ഹൃദയത്തിൽ സ്ഥാനം പിടിച്ചു തിളങ്ങുന്ന കുർബാന കുപ്പായം... പിന്നീട് ജീവിത സ്വപ്നമായി തീർന്ന പൗരോഹിത്യശുശ്രുഷ.... ഇന്ന് ശുശ്രുഷ പൗരോഹിത്യത്തിനായി അഭിഷിക്തനായി... സ്വപ്ന സാക്ഷാത്കാരത്തിന്റെ ഈ ധന്യനിമിഷ ങ്ങളിൽ ഞാൻ ആയിരിക്കുമ്പോൾ... ജീവന്റെ ബലി വേദിയിലേക്ക് ഞാൻ നടന്നു അടുക്കു മ്പോൾ... ഹൃദയത്തിന്റെ വികാര വായ്പുകളെ വർണ്ണിക്കുവാൻ വാക്കുകൾക്ക് കഴിയുന്നില്ല......

ദൈവത്തിനും ദൈവജനത്തിനും ശുശ്രൂഷകനായി തീരുവാനുള്ള ദൈവിക പദ്ധതിയുടെ പൂർത്തീകരണമായ ഈ പൗരോഹിത്യത്തിലേക്ക് ഞാൻ നടന്നു അടുക്കുമ്പോൾ നന്ദി നിറഞ്ഞ ഹൃദയത്തോടെ അല്ലാതെ ആരെയും ഹൃദയത്തിൽ ഓർക്കുവാൻ സാധിക്കുന്നില്ല... ഞാൻ എന്തായിരിക്കുന്നുവോ അത് ദൈവകൃപയാൽ ആണ്... ഭൂമിയിൽ വെറും പൂഴിയായെന്നെ ദൈവിക രഹസ്യങ്ങളുടെ നിവാസ സ്ഥലത്ത് പ്രവേശിക്കുവാൻ അർഹനാക്കിയ എന്റെ പൊന്നു തമ്പുരാന്... മാതാവിന്റെ ഉദരത്തിൽ നിനക്ക് രൂപം നൽകുന്നതിനു മുൻപേ എന്നെ വിശുദ്ധീകരിച്ചു ജനതകൾക്ക് പ്രവാചകനായി എന്നെ നിയോഗിച്ച് (ജറമിയ 1:5) ജീവിതത്തിന്റെ കർമ്മഭൂമിയിൽ മറ്റെവിടെയോ ചേക്കേറാമായിരുന്ന ഈ കൊച്ചു ജീവിതത്തെ തനിക്കും തന്റെ ജനത്തിനുമായി വിളിച്ചു വേർതിരിച്ച്, തന്റെ ഹൃദയത്തിൽ ഇടം നൽകിയ പൊന്നുതമ്പുരാന്റെ സ്നേഹത്തിന്റെ മുൻപിൽ നേദിക്കാൻ നന്ദി നിറഞ്ഞ ഹൃദയവും നിറഞ്ഞ മിഴികളും മാത്രം....

പിന്നിട്ട വഴികളിൽ എണ്ണിയാൽ തീരാത്ത അത്രയും വ്യക്തികളുടെ പ്രാർത്ഥനയും സ്നേഹവും പ്രോത്സാഹനവും കാത്തിരിപ്പും ഉണ്ട്. ജീവിതത്തിന്റെ നിർണായക നിമിഷങ്ങളിൽ ആശ്വാസ സാന്നിധ്യമായി അരികിലെത്തിയ എല്ലാവരെയും ഹൃദയത്തിൽ നന്ദിയോടെ സ്മരിക്കുന്നു... പ്രാർത്ഥനയിൽ സമർപ്പിക്കുന്നു..

ഈ ഭൂമിയിൽ എനിക്ക് ജന്മം നൽകി ദൈവസ്നേഹത്തിൽ എന്നെ വളർത്തി എന്റെ പൗരോഹിത്യ സ്വപ്നങ്ങൾക്ക് കാവലായി പ്രാർത്ഥനയോടെ ജീവിതം ഹോമിച്ച പ്രിയപ്പെട്ട പപ്പയ്ക്കും മമ്മിയ്ക്കും....

ഇണങ്ങിയും പിണങ്ങിയും സ്നേഹിച്ചും ശാസിച്ചും പ്രാർത്ഥിച്ചും കൂടെ നടന്ന എന്റെ ബാല്യ സ്മരണകൾക്ക് നിറം പകർന്ന എന്റെ താങ്ങും തണലുമായ അമലമോൾക്ക്.....

ബാല്യത്തിൽ തന്നെ എന്നെ സുകൃതവഴിയെ കൈപിടിച്ച് നടത്തി എന്നിലേക്ക് പൗരോഹിത്യം എന്ന സ്വപ്നത്തെ നിറച്ച സ്വർഗ്ഗത്തിലിരുന്ന് പ്രാർത്ഥനകൊണ്ട് എന്റെ ദൈവവിളിക്ക് ബലം നൽകി മധ്യസ്ഥത വഹിക്കുന്ന വല്യപ്പച്ചൻമാർക്കും വല്യമ്മച്ചിമാർക്കും....

എനിക്ക് ചുറ്റും സ്നേഹംകൊണ്ടും ശാസനകൊണ്ടും കരുതലുകൊണ്ടും കരവലയം തീർത്ത് എനിക്ക് താങ്ങായ എന്റെ സഹോദരങ്ങൾക്കും ബന്ധുമിത്രാദികൾക്കും...,.

ഗുരുവൃത്തിക്ക് അപ്പുറം എന്റെ ജീവിതത്തിന്റെ സമസ്ത മേഖലകളിലും കൂടെ നടന്നു അറിവിന്റെ വെളിച്ചം പകർന്നു നൽകി എന്നെ വഴി നടത്തിയ എല്ലാ പ്രിയ അദ്ധ്യാപകർക്കും....

www.malankaralibrary.com

ബഥാന്യൻ കുടുംബത്തെ എനിക്ക് പരിചയപ്പെടുത്തി ബഥനിയിലേക്ക് എന്നെ നയിച്ച.. ബഥാനിയൻ കുടുംബത്തിന്റെ സാഹോദര്യം, കൂട്ടായ്മ, കരുതൽ എന്നിവയിൽ എന്നെ ശക്തിപ്പെടുത്തിയ ബഹുമാനപ്പെട്ട അലോഷ്യസ് കരിമരത്തിനാൽ അച്ചനും, സിസ്റ്റർ നിസ്സീമ SIC-ക്കും...

പൗരോഹിത്യം എന്ന ആഗ്രഹത്തെ പരിപോഷിപ്പിച്ചു വളർത്തുവാൻ മാതൃക നൽകിയിട്ടുള്ള എല്ലാ മുൻ വികാരിയച്ചന്മാർക്കും സിസ്റ്റേഴ്സിനും...

മാതൃക കൊണ്ടും പ്രോത്സാഹനം കൊണ്ടും എന്നെ ദൈവവിളിയിൽ കൈപിടിച്ച് നടത്തി എന്റെ വിളിയിൽ എന്നും ഊർജ്ജം ആയിരുന്ന മാതൃദേവാലയത്തിൽ നിന്നുള്ള പ്രിയപ്പെട്ട അച്ചന്മാർക്കും സിസ്റ്റേഴ്സിനും...

ആത്മീക കാര്യങ്ങളിൽ എന്റെ ആദ്യപാഠശാലയായ മാതൃ ഇടവകയ്ക്കും ഇടവക കൂട്ടായ്മയ്ക്കും....

സന്ന്യാസ പൗരോഹിത്യ ജീവിതത്തെ കരുപിടിപ്പിക്കുവാൻ സ്നേഹതിരുത്തലുകൾ കൊണ്ടും കരുതലുകൊണ്ടും സന്ന്യാസത്തിൽ വളർത്തിയ എന്റെ ബഥനി കുടുംബത്തിന്....

പരിശീലന കാലഘട്ടങ്ങളിൽ ഒപ്പമുണ്ടായിരുന്ന ഗുരുക്കന്മാർക്കും ആദ്ധ്യാത്മിക പിതാക്കന്മാർക്കും പരസ്പരം കരുതുകയും തിരുത്തുകയും വളർത്തുകയും ചെയ്ത എന്റെ താങ്ങും തണലുമായ ബഥനിയിലെ സഹോദരങ്ങൾക്ക്....

തളർന്നുപോയ നിമിഷങ്ങളിൽ ചേർത്തുനിർത്തി ബലപ്പെടുത്തിയ പൂന ആശ്രമത്തിന്....

സന്തോഷങ്ങളും ദുഃഖങ്ങളും ഒരുപോലെ പങ്കുവെച്ച പ്രിയ ബാച്ചുകാർക്ക്... പ്രിയ മാതാപിതാക്കൾക്ക്...

ശുശ്രൂഷ പൗരോഹിത്യത്തിന്റെ പ്രായോഗിക പരിശീലനത്തിന് സഹായിച്ച റിജോ അച്ചനോട്, വിശ്രാന്തവാടി ഇടവകയിലെ ജനങ്ങളോട്...

Diaconate മിനിസ്ട്രിയിൽ പ്രാർത്ഥനകൊണ്ടും മാർഗദർശനങ്ങൾകൊണ്ടും എന്നെ ഒരുക്കിയ പ്രിയ നെൽസൻ അച്ചനും മണ്ണന്തല ഉള്ളിയാഴിതുറ ഇടവകാംഗങ്ങൾക്കും...

നന്ദി നന്ദിയുടെ നറുമലരുകൾ...

ഈ ജീവിതം ഒരുപാടുപേർ ചേർന്ന് മിഴിവേകിയതാണ്... ജീവനുതുല്യം സ്നേഹിച്ച് എനിക്കായി പ്രാർത്ഥനയോടെ കരങ്ങൾ ഉയർത്തിയ എല്ലാവർക്കും നന്ദി....

പുരോഹിത നീയാണ് ആലയത്തറ...
ഈ തറയിൽ ജനങ്ങൾ ചവുട്ടി നടക്കട്ടെ
യാത്ര എങ്ങോട്ടെന്ന് അറിയാത്തവരാണ് അവർ
അവരുടെ പാദങ്ങൾക്ക് നീ തന്നെ നായകൻ
ആടുകൾ പാറയിൽ പാദമൂന്നിപ്പോകും പോലെ
തീർത്ഥാടകർ തൻ പാദങ്ങൾക്ക് പാറയായി നീ ഭവിക്കുക
ഈ പാറ ആലയത്തറയല്ലയോ...

സ്വപ്നസാക്ഷാത്കാരത്തിന്റെ പൂർണ്ണതയിൽ നിന്ന് പ്രതീക്ഷയുടെ പുതിയ തീനാളവുമായി ഞാൻ യാത്ര തുടരുകയാണ്... ദൈവനിയോഗവും ജനത്തിന്റെ പ്രതീക്ഷയുമായി ഞാൻ യാത്ര തുടരുമ്പോൾ വഴികളിൽ ഇടറി പോകാതെ ദൈവകൃപയിൽ മാത്രം ആശ്രയിച്ച് യാത്ര ചെയ്യുവാൻ... തുടർന്നും പ്രാർത്ഥിക്കുക...

www.malankaralibrary.com

# വേനലിൽ ഒരു ഇല

ബ്രദർ സ്റ്റാലിൻ കുര്യാക്കോസ് ഒ.ഐ.സി

എൻ തൊടിയിൽ തലയാട്ടുമീ
മരച്ചില്ലയിലിന്നെന്തേ...
ഇലകൾ കുറഞ്ഞുപോയി...?

വല്ലാത്ത ചൂടിൽ,
കരിഞ്ഞിട്ടും നീയിത്ര
പച്ചയായ് നിൽക്കുവതെങ്ങിനെയോ?


കൊഴിഞ്ഞോട്ടെ... ഇതളുകൾ,
വന്നോട്ടെ, കൊടുംചൂടും, പേമാരിയും...
കുടയായ് നീയെന്റെ
ചാരത്തായുണ്ടല്ലോ,
മാമരമേ... നീയെന്തു
പുണ്യമെന്നോ,


ഒരു ഇല മതിയാവും
ഒരു കാടിനുയിരേകാൻ,
പ്രകൃതീശ്വരീ നിന്നെയലങ്കരിക്കാൻ....

www.malankaralibrary.com















www.malankaralibrary.com



Come, follow me, Jesus said, and I will make you fishers of men. '
At once they left their nets and followed him.
Matthew 4:18-20

# WELCOME TO BETHANY

Fr. Thomas Prasanth OIC
VOCATION PROMOTER
BETHANY NAVAJEEVAN PROVINCE
Nalanchira P.O., Tvm- 695 015
7902621696

Fr. Michael Raj OIC
VOCATION PROMOTER
BETHANY NAVAJYOTHY PROVINCE
Desom P.O., Aluva – 683 102.
9995088933